കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2018 ജൂൺ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**മുഹമ്മദ് അലി**
(ജീവചരിത്രം)
**സനിൽ പി തോമസ്**
വില ₹60




**കുട്ടിമുത്തശ്ശി**
(കഥകൾ)
**തനൂജ ഭട്ടതിരി**
വില ₹40




**ഡോ. രാധാകൃഷ്ണൻ തത്വചിന്തകനായ രാഷ്ട്രപതി**
(ജീവചരിത്രം)
**ഡോ. കുര്യാസ് കുമ്പളക്കുഴി**
വില ₹80



**ഇന്ത്യ പറഞ്ഞ ഗണിതം**
(വൈജ്ഞാനികം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹45




**കാടിന്റെ പാഠങ്ങൾ**
(നോവൽ)
**മടവൂർ ശശി**
വില ₹55



**പുരാതന ഇന്ത്യയും മധ്യകാല ഇന്ത്യയും**
(ചരിത്രപുസ്തകം)
***ഡോ. സുമി മേരി തോമസ്***
വില ₹185



**വല്ലം നിറ നിറ നിറയോ**
(നാടകം)
**ആലിന്തറ ജി കൃഷ്ണപിള്ള**
വില ₹90




**ആനക്കാര്യം**
(ചിത്രപുസ്തകം)
**എൻ ടി രാജീവ്**
വില ₹70



**മീഡിയ**
(ഗദ്യപുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹110

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂൺ 2018**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**


ഉള്ളടക്കം

## പഠനമധു നുകരാം, പാറിപ്പറക്കാം

6

**അരോളിൻ കെ റ്റോം**

പുത്തനറിവും പുത്തനനുഭവങ്ങളും പകർന്നുനൽകാൻ ഒരു പുതിയ അധ്യയന വർഷംകൂടി ഇതാ വരവായി. ഏറെ പ്രതീക്ഷകളോടെ സ്കൂളിലേക്കു പോകുന്ന ചില കൂട്ടുകാർക്കെങ്കിലും പഠനത്തെക്കുറിച്ചോർത്ത് ഒരാശങ്കയുണ്ടാകാം. എങ്ങനെ ഇതിനെ അതിജീവിക്കാം? ഈ ലേഖനം വായിക്കൂ....



## പരിസ്ഥിതിദിനത്തിലെ വംശാന്തരചിന്തകൾ



10

**ഗീത കെ, റെനി ആർ പിള്ള**


ഈ വർഷത്തെ പരിസ്ഥിതിദിനത്തിന്റെ വിഷയം 'പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുത്തു തോൽപ്പിക്കുക' എന്നതാണ്. ഇതേക്കുറിച്ച് കൂടുതൽ അറിയാൻ ഈ ഫീച്ചർ വായിക്കൂ...

## ജുറാസിക് പാർക്ക്

26

**എൻ എസ് അരുൺകുമാർ**

അമേരിക്കൻ നോവലിസ്റ്റായ മൈക്കേൽ ക്രിറ്റൺ എഴുതിയ ജുറാസിക് പാർക്ക് എന്ന കൃതി ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങുകയുണ്ടായി. എന്നാൽ വിമർശനങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു ജുറാസിക് പാർക്ക് നേടിയ വിൽപ്പനവിജയവും അതേപേരിൽ പുറത്തുവന്ന ചലച്ചിത്രത്തിന്റെ വിജയവും.





**മുൻമൊഴി** ....4
സുഗതകുമാരി
**ആനക്കാര്യം**....5
രാജീവ് എൻ ടി
**നാറാണത്തു ഭ്രാന്തൻ**....16
പുനരാഖ്യാനം: ജ്യോതി കെ ജി
**അമ്മക്കുട**....19
എടപ്പാൾ ഡി സുബ്രഹ്മണ്യൻ
**മൂന്ന് മിഠായികൾ**....20
കൃഷ്ണദാസ്
**മോഹങ്ങൾ**....21
ലതീഷ് കീഴല്ലൂർ
**വല്യപ്പൂപ്പൻ**....21
ജയ ജി നായർ
**കബീർദാസ്**....22
ജോസഫ് പനയ്ക്കൽ
**പുതുമഴയിൽ**....25
ജനാർദ്ദനൻ പള്ളിക്കുന്ന്
**മരക്കുറ്റി**....29
പ്രഭ
**സ്വിസ് ബ്രൗൺ**....30
വീണ
**ആമപുരാണം**....32
ഡോ എ സി ഫെർണാണ്ടസ്
**നെയ്യൊഴുക്കിയ കാളിന്ദി** ....36
പി കെ സുധി
**കുഞ്ഞുനാണുവിന്റെ സംശയങ്ങൾ**....38
ബഷീർ ചുങ്കത്തറ
**മുക്കുറ്റിക്കുഞ്ഞ്**....42
രാജഗോപാലൻ നാട്ടുകൽ
**സ്വപ്നം**....45
പ്രേമജ ഹരീന്ദ്രൻ
**പുസ്തകപരിചയം**....46
പ്രൊഫ. വി കാർത്തികേയൻ നായർ
**ഫിലിംഫെസ്റ്റിവൽ** ....48
ജി രാധാകൃഷ്ണൻ
**മഹാഭാരതം**....50
സുഗതകുമാരി
**ഇളംതളിര്**....52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ....54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സജി വി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

മുൻമൊഴി

# മൊബൈൽ ഉന്മാദം

കൗമാരക്കാരെ ബാധിച്ചിരിക്കുന്ന അപകടകരമായ ഒരു രോഗത്തെപ്പറ്റിയാണ് ഇത്തവണ പറയാനുള്ളത്. അവർ മൊബൈലിന്റെ അടിമകളായിക്കൊണ്ടിരിക്കുന്നു. സ്കൂളിൽ അനുവദിച്ചിട്ടില്ലെങ്കിലെന്ത്? അച്ഛനമ്മമാർ വാങ്ങിക്കൊടുത്തില്ലെങ്കിലെന്ത്? അവർ ഏതുവിധേനയും മൊബൈലിന്റെ വശ്യശക്തിയിൽപ്പെട്ടുപോകുന്നു. അച്ഛനമ്മമാരുടെ മുമ്പിൽ കരഞ്ഞും വഴക്കിട്ടും ആത്മഹത്യാ ഭീഷണിവരെ മുഴക്കിയും കുട്ടികൾ മൊബൈൽ സ്വന്തമാക്കുന്നു. വൈകാതെ ഇന്റർനെറ്റ് കണക്ഷനും സാധ്യമാക്കുന്നു. പിന്നീട് കൂട്ടുകാരോട് മാത്രമല്ല അന്യരോടും ചാറ്റിങ് ആയി. പുതിയ ബന്ധങ്ങളായി. ഗാഢമായ കൂട്ടുകെട്ടുകളായി. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പലതരത്തിലുള്ള ആപത്തുകളിലും കെണികളിലും ചെന്നുചാടാൻ ഈ അജ്ഞാതബന്ധങ്ങൾ ഇടയാക്കുന്നു. മദ്യം, കഞ്ചാവ്, മയക്കുമരുന്ന് ഇവയുടെ ഉപയോഗത്തിന് എളുപ്പത്തിൽ




വര: സുധീർ പി വൈ

വഴിവെച്ചുകൊടുക്കുന്നത് ഈ കൊച്ചുയന്ത്രമാണ്.

പെൺകുട്ടികൾക്ക് ബോയ് ഫ്രണ്ട്സ് ഉണ്ടാകുന്നതും ഇതിലൂടെയാണ്. നിരുപദ്രവകരമെന്നു തോന്നുന്ന രസം പിടിച്ച ഈ ബന്ധങ്ങൾ ഭീകരമായ ആപത്തുകളിലേക്കു നയിക്കുന്നതിന് ഞാൻ പലപ്പോഴും സാക്ഷിയാണ്. 'അഭയ' എന്ന ഞങ്ങളുടെ സംഘടനയുടെ 'അത്താണി'യെന്ന വനിതാകേന്ദ്രത്തിലും ലീഗൽ സർവീസസ് അതോറിറ്റിയുമായി ചേർന്നു നടത്തുന്ന അദാലത്തിലുമൊക്കെ പോലീസ് അകമ്പടിയോടെയോ അല്ലാതെയോ എത്തുന്ന 14,15 വയസ്സുകാരികളുടെ എണ്ണം വർധിക്കുകയാണ്. സ്കൂളിൽ പരീക്ഷയെഴുതാൻ പോയ കുട്ടി പെട്ടെന്ന് അപ്രത്യക്ഷയാകുന്നു. പരിഭ്രമിച്ചുഴലുന്ന രക്ഷിതാക്കൾ, നാലഞ്ചുദിവസങ്ങൾ കഴിഞ്ഞ് പോലീസ് അകമ്പടിയിൽ കോടതിയിലെത്തുന്ന കുട്ടിയെയാണു കാണുന്നത്. ഗോവയിൽ നിന്നു പിടിച്ചു, കോയമ്പത്തൂരിൽ നിന്നു പിടിച്ചു എന്നൊക്കെ പോലീസു പറയുമ്പോൾ ഞങ്ങളുടെ മുമ്പിൽ കൂസലില്ലാതെ കൈകെട്ടി നിവർന്നുനിന്ന് ''It is my pleasure. നിങ്ങൾക്കെന്താ കാര്യം?''എന്നു ചോദിച്ച ഒരു പത്താം ക്ലാസ്സുകാരിയുടെ മുഖം എന്റെ മുമ്പിൽ തെളിയുന്നു. ഇത്തരം കേസുകളുടെ എണ്ണം വർധിക്കുകയാണ് എന്ന് അറിയുക.

മൊബൈലിന്റെ ആഴക്കയങ്ങളെപ്പറ്റി അടുത്തലക്കം. കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഇതു ശ്രദ്ധിക്കണമെന്ന് അപേക്ഷ.

സ്നേഹത്തോടെ,
**സുഗതകുമാരി**



# പഠനമധു നുകരാം, പാറിപ്പറക്കാം!

**അരോളിൻ കെ റ്റോം**

പുത്തനറിവും പുത്തനനുഭവങ്ങളുമൊക്കെയായി ഒരു പുതിയ അധ്യയന വർഷം കൂടി ഇതാ വരവായി. പുതിയ ക്ലാസുകളിലേക്ക് കടന്നുചെല്ലാനും പുതിയ പാഠങ്ങൾ പഠിക്കാനും എല്ലാവരും ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയാവും അല്ലേ? വേനലവധിയുടെ ആലസ്യമൊക്കെ കഴിഞ്ഞ് പുതുമഴ വരുമ്പോൾ പുൽനാമ്പുകൾ ഉത്സാഹത്തോടെ മണ്ണിനടിയിൽ നിന്നും തളിർത്തുവരുന്നതു പോലെ പുതിയ ഊർജത്തോടെ നാം വിദ്യാലയങ്ങളിലേക്കു മടങ്ങിയെത്തുകയാണ്. നിശ്ശബ്ദമായിരുന്ന ക്ലാസുമുറികൾ ഇനി പാഠവും പഠനവും കളിയും കലപിലയുമൊക്കെയായി ശബ്ദമുഖരിതമാവാൻ തയ്യാറെടുത്തിരിക്കുകയാണ്.

ഒരു സ്കൂൾവിദ്യാർഥിയെ സംബന്ധിച്ചിടത്തോളം ഓരോ അധ്യയനവർഷവും അവന്റെയും അവളുടെയും ജീവിതവിജയത്തിലേക്കുള്ള വളർച്ചയുടെ കാൽവയ്പ്പാണ്. ഓരോ ക്ലാസും ജയിച്ച് അവർ കയറിവരുന്നത് ശോഭനമായ ഭാവിയുടെ സോപാനങ്ങളിലേക്കാണ്. ശരീരത്തിലും മനസ്സിലും മാത്രമല്ല അറിവിലും മുതിരുകയാണവർ. ഓരോ വർഷവും കഴിഞ്ഞുപോകുമ്പോൾ സ്വഭാവവും വ്യക്തിത്വവും രൂപപ്പെടുന്ന ഇടങ്ങളാണ് വിദ്യാലയവും അവിടെ നടക്കുന്ന ഓരോ പ്രവർത്തനവും. ഇങ്ങനെ പുതുമകളും പ്രതീക്ഷകളും ഒക്കെയുണ്ടെങ്കിലും



വര: രാജീവ് എൻ ടി

ചിലരുടെയെങ്കിലും മനസ്സിൽ ചില ആശങ്കകളും ഉണ്ടാകുമെന്നെനിക്കറിയാം. അതൊരു പക്ഷേ കഴിഞ്ഞവർഷത്തെ ചില തോൽവികളോ പ്രയാസമുള്ള വിഷയത്തെക്കുറിച്ചുള്ള പേടിയോ പരീക്ഷകളെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴുള്ള ബുദ്ധിമുട്ടോ പാഠങ്ങൾ പഠിച്ചു തീർക്കാൻ കഴിയുമോ എന്ന ആകുലതയോ പ്രതീക്ഷകൾക്കൊത്തുയരാൻ സാധിക്കാതെ വന്നാലോ എന്ന ചിന്തകളോ എന്തുമാവാം! നാം മനസ്സിലാക്കേണ്ടത് നമുക്കു മുമ്പേ കടന്നുപോയവരും ഈ പ്രതിബന്ധങ്ങളെയൊക്കെ തരണം ചെയ്തുതന്നെയാണ് ഇന്ന് ഉന്നതമായ സ്ഥാനങ്ങളിൽ ഇരിക്കുന്നതും സന്തോഷകരമായ ജീവിതം നയിക്കുന്നതും എന്നാണ്. അതുകൊണ്ടു തന്നെ ഈ പ്രശ്നങ്ങളെ മനസ്സിലാക്കേണ്ടതും കീഴടക്കേണ്ടതും അത്യാവശ്യം തന്നെയാണ്.

ബുദ്ധിശക്തി, പഠനരീതികൾ, പ്രായം, ജീവിതസാഹചര്യങ്ങൾ, ഓർമശക്തി എന്നിങ്ങനെ പഠനത്തെയും പഠനമികവിനെയും സ്വാധീനിക്കുന്ന ഘടകങ്ങൾ പലതാണ്. ബുദ്ധിശക്തിയുടെ വ്യത്യാസംകൊണ്ടും കഴിവുകളിലുള്ള ഏറ്റക്കുറച്ചിലുകൾ കൊണ്ടുമൊക്കെ പഠനത്തിലും പരീക്ഷകളിലും തീർച്ചയായും വ്യത്യാസങ്ങൾ സംഭവിക്കാം. പക്ഷേ, വിദ്യാഭ്യാസരംഗത്തും മനഃശാസ്ത്രരംഗത്തുമൊക്കെ നടത്തിയിരിക്കുന്ന ഗവേഷണങ്ങളനുസരിച്ച് പഠനമികവിനെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു ഘടകം പഠനരീതിയാണ് എന്നതാണ്. നാം ഒന്നു ശ്രദ്ധിച്ചുനോക്കിയാൽ പലപ്പോഴും നമ്മുടെ പരാജയങ്ങൾക്കു കാരണം കൃത്യമായ ഒരു പഠനരീതിയില്ലാത്തതുതന്നെയാണ് എന്നു മനസ്സിലാക്കാം. സാഹചര്യത്തെയും സമയത്തെയും ഫലപ്രദമായി വിനിയോഗിക്കുന്നതിലുണ്ടാവുന്ന പിഴവുകളായിരിക്കും മിക്കപ്പോഴും നമ്മുടെ പ്രതീക്ഷകളെ തകിടം മറിക്കുന്നത്.

ടൈം മാനേജ്മെന്റ് അഥവാ സമയത്തിന്റെ വേണ്ടവിധമുള്ള ഉപയോഗം എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. പഠിക്കാനും കളിക്കാനും വിശ്രമിക്കാനും കുടംബത്തോടൊപ്പം ചില വഴിക്കാനുമൊക്കെ കൃത്യമായ ഒരു സമയം ഉണ്ടാവണം. ദിവസത്തിന്റെ ഒരു നല്ല ശതമാനവും വിദ്യാലയത്തിലും ട്യൂഷൻ സെന്ററിലും ചിലവഴിക്കുന്നവരാണ് മിക്ക വിദ്യാർഥികളും. അതുകൊണ്ടുതന്നെ ആവശ്യത്തിന് വിനോദവും വിശ്രമവും തീർച്ചയായും അവർക്ക് കിട്ടേണ്ടതാണ്. പുറത്തുപോയി ദിവസവും ഒരു അരമണിക്കൂറെങ്കിലും കളിക്കാൻ സാധിച്ചാൽ ശരീരത്തിനും മനസ്സിനും ഉന്മേഷമുണ്ടാകും. പക്ഷേ വിശ്രമിക്കുകയാണെന്ന് കരുതി സോഷ്യൽ

മാറ്റിവയ്ക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് മാറ്റി വയ്ക്കുക അല്ലെങ്കിൽ നീട്ടി വയ്ക്കുക എന്ന നമ്മുടെ ഒരു പ്രവണതയെക്കുറിച്ചോർമ വന്നത്. പഠന മികവിനു വിലങ്ങുതടിയാവുന്ന മറ്റൊരു വില്ലനാണത്. "ഇന്നു വേണ്ട നാളെ ചെയ്യാം" എന്ന ധാരണയിൽ പല പ്രധാനപ്പെട്ട കാര്യങ്ങളും നാം മാറ്റിവയ്ക്കും. പക്ഷേ ദിവസങ്ങൾ മുന്നോട്ടു പോകുമ്പോഴേക്കും ആ കാര്യങ്ങളെ സൗകര്യപൂർവം മറക്കുന്ന ഒരു ശീലക്കാരനാണ് നമ്മുടെ തലച്ചോർ.

മീഡിയയ്ക്കു മുന്നിൽ നീണ്ട മണിക്കൂറുകൾ ചിലവിടുന്നവരുമറിയണം അത് തലച്ചോറിന്റെ ഉന്മേഷത്തെയും പാഠങ്ങൾ വായിക്കാനുള്ള ഉത്സാഹത്തെയും കെടുത്തിക്കളയുമെന്ന്. സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം പല പഠന പരാജയങ്ങൾക്കും കാരണമാകുമെന്ന് തെളിയിക്കുന്ന ഗവേഷണഫലങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതുകൊണ്ടൊക്കെത്തന്നെ ടി വി കാണുന്ന സമയവും മൊബൈലിലും കമ്പ്യൂട്ടറിലും ചിലവിടുന്ന സമയവുമൊക്കെ വിവേകപൂർവം ക്രമപ്പെടുത്തേണ്ടത് ഒരു നല്ല വിദ്യാർഥിയെ സംബന്ധിച്ച് ഏറെ നിർണായകമാണ്. ദിവസത്തിൽ നിങ്ങൾക്ക് ഏറ്റവും ഉണർവോടെയിരിക്കാൻ കഴിയുന്ന സമയം പഠനത്തിനുവേണ്ടി മാറ്റിവയ്ക്കാൻ കഴിയണം. അത് ചിലർക്ക് രാത്രിയും ചിലർക്ക് അതിരാവിലെയുമാകാം. കാരണം ഈ സമയത്ത് നമ്മൾ ചെയ്യേണ്ട ഏറ്റവും വലിയ ഉത്തരവാദിത്തവും അതു തന്നെയാണ്.

മാറ്റിവയ്ക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് മാറ്റി വയ്ക്കുക അല്ലെങ്കിൽ നീട്ടിവയ്ക്കുക (Procrastination)എന്ന നമ്മുടെ ഒരു പ്രവണതയെക്കുറിച്ചോർമ വന്നത്. പഠന മികവിനു വിലങ്ങുതടിയാവുന്ന മറ്റൊരു വില്ലനാണത്. ''ഇന്നുവേണ്ട നാളെ ചെയ്യാം'' എന്ന ധാരണയിൽ പല പ്രധാനപ്പെട്ട കാര്യങ്ങളും നാം മാറ്റിവയ്ക്കും. പക്ഷേ ദിവസങ്ങൾ മുന്നോട്ടു പോകുമ്പോഴേക്കും ആ കാര്യങ്ങളെ സൗകര്യപൂർവം മറക്കുന്ന ഒരു ശീലക്കാരനാണ് നമ്മുടെ തലച്ചോർ. അതുകൊണ്ടുതന്നെ പ്രധാനപ്പെട്ട പാഠഭാഗങ്ങൾ ക്ലാസിൽ പഠിപ്പിക്കുന്ന അന്നു തന്നെ ഒന്ന് ഓടിച്ചുവായിച്ചിട്ട് നമ്മുടേതായ ഒരു ചെറിയ കുറിപ്പ് തയ്യാറാക്കി വച്ചാൽ പിന്നീട് വായിക്കുമ്പോൾ ഏറെ സഹായകരമായിരിക്കും.

ചിട്ടയായ പഠനം പോലെതന്നെ ശ്രദ്ധ കൊടുക്കേണ്ട മറ്റൊരു ഘടകമാണ് ചിട്ടയായ പഠനാന്തരീക്ഷം. ടെലിവിഷന്റെ ശബ്ദമോ അടുക്കളയിൽ നിന്നുള്ള കൊതിപ്പിക്കുന്ന ഗന്ധമോ ഒക്കെ അത്ര പെട്ടെന്ന് കടന്നുവരാത്ത ഒരിടത്തി



**സത്യത്തിൽ പഠനം ഒരു കലയാണ്. ആ കലയെ ആവർത്തിച്ച് അഭ്യസിക്കാനും അങ്ങനെ പരിശീലനത്തിലൂടെ അതിൽ മികവു നേടാനും നമ്മെ ഒരുക്കുന്ന ഇടങ്ങളാണ് ഓരോ വിദ്യാലയവും. അവിടെ കിട്ടുന്ന ഓരോ അവസരവും ഒരു വ്യക്തിയുടെ ജീവിതത്തിലെ അമൂല്യമായ സമ്പത്താണ്. അത് പുസ്തകമായാലും, കൂട്ടുകാരായാലും അധ്യാപകരായാലും! ലോകത്തിന്റെ കളിത്തട്ടിലേക്കിറങ്ങിവന്ന് വിജയം നേടാൻ അത് നമ്മെ പ്രാപ്തരാക്കുന്നു.**

രുന്ന് പഠിക്കാൻ കഴിഞ്ഞാൽ നമ്മുടെ ഏകാഗ്രതയെ കുറച്ചുനേരം കൂടി നിലനിർത്താൻ കഴിയും. എത്ര ചെറുതായാലും പഠിക്കുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കണം. അറിവ് ദൈവമാണെന്ന സങ്കൽപ്പത്തെ ഉപാസിക്കുന്നവരാണ് നാം. അതുകൊണ്ടുതന്നെ പ്രാർഥനാമുറിയുടെ വിശുദ്ധിയോടെ പഠനമുറിയെ സൂക്ഷിക്കണം. പുസ്തകങ്ങളൊക്കെ വൃത്തിയായി അടുക്കിവച്ച് കാറ്റും വെളിച്ചവുമൊക്കെ കടക്കുന്ന ഒരിടമായി വയ്ക്കാൻ കഴിയണം. ഒരുപക്ഷേ ചെറുതെന്ന് നിങ്ങൾക്ക് തോന്നിയേക്കാവുന്ന ഈ കാര്യങ്ങൾ ശാസ്ത്രീയമായ അടിസ്ഥാനമുള്ളതും പഠനത്തിലും ഓർമശക്തിയിലും കൃത്യമായ സ്വാധീനം ചെലുത്താൻ കഴിവുള്ളവയുമാണ്.


''പരിശ്രമിച്ചീടുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ള വണ്ണം ദീർഘങ്ങളാം കൈകളെ'' നൽകിയാണ് ഈശ്വരൻ നമ്മളെ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിവേകപൂർവമായ പരിശ്രമം നമ്മുടെ ഭാഗത്തുനിന്നുമുണ്ടാവണം. പാഠഭാഗങ്ങളെ മനസ്സിലാക്കി പഠിക്കാനും ചെറിയ ഇടവേളകളെടുത്ത് മനസ്സിന്റെയും ഓർമയുടെയും മൂർച്ചകൂട്ടുവാനും തലച്ചോറിന് വേണ്ട വിശ്രമം നൽകാൻ 6 മുതൽ 8 മണിക്കൂർവരെ ഉറങ്ങാനും ഒരു നല്ല വിദ്യാർഥി ശ്രദ്ധിക്കണം. ധാരാളം ശുദ്ധജലം കുടിക്കുകയും പ്രഭാതഭക്ഷണം മുടക്കാതിരിക്കുകയും ഒക്കെ ചെയ്ത് ശരീരത്തെ ഉഷാറാക്കി തന്നെ വയ്ക്കണം.

സത്യത്തിൽ പഠനം ഒരു കലയാണ്. ആ കലയെ ആവർത്തിച്ച് അഭ്യസിക്കാനും അങ്ങനെ പരിശീലനത്തിലൂടെ അതിൽ മികവു നേടാനും നമ്മെ ഒരുക്കുന്ന ഇടങ്ങളാണ് ഓരോ വിദ്യാലയവും. അവിടെ കിട്ടുന്ന ഓരോ അവസരവും ഒരു വ്യക്തിയുടെ ജീവിതത്തിലെ അമൂല്യമായ സമ്പത്താണ്. അത് പുസ്തകമായാലും, കൂട്ടുകാരായാലും അധ്യാപകരായാലും! പഠനവും പാഠ്യേതരപ്രവർത്തനങ്ങളുമൊക്കെ ലോകത്തിന്റെ കളിത്തട്ടിലേക്കിറങ്ങിവന്ന് വിജയം നേടാൻ നമ്മെ പ്രാപ്തരാക്കുന്ന ആയോധനമുറകളാണ്. അതുകൊണ്ടുതന്നെ അടുത്ത ഒരു വർഷക്കാലം ആ കളരിയിലെ വർണശലഭമായി പറക്കാനും വിദ്യയുടെ മധുനുകർന്ന് വളരാനും എല്ലാ കൊച്ചുകൂട്ടുകാർക്കും ഇടയാവട്ടെ. നന്മ നിറഞ്ഞ അധ്യയന വർഷത്തിന്റെ മംഗളങ്ങൾ.

*(ലയോള കോളജിലെ കൗൺസിലിങ് സൈക്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക.)*

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്







# പരിസ്ഥിതിദിനത്തിലെ വംശാന്തരചിന്തകൾ

ഗീത കെ, റെനി ആർ പിള്ള

"എന്താ മക്കളേ സദാസമയം ഇങ്ങനെ ഫോണിൽ തോണ്ടിയിരിക്കുന്നത്?''

തൊണ്ണൂറിന്റെ ചെറുപ്പവുമായി പത്രത്തിലെ ചരമക്കോളം വിസ്തരിച്ചു വായിക്കുന്നതിനിടെ അമ്മൂമ്മ പറത്തിവിട്ട ചോദ്യമാണ്.

"പരിസ്ഥിതിദിനമല്ലേ വരുന്നത് അമ്മൂമ്മേ, എഫ് ബിയിൽ കുറച്ച് കലക്കൻ പോസ്റ്റിട്ടതാ!'' പൊതുവേ ചെവി പിന്നിലായ അമ്മൂമ്മ പത്രംമടക്കി 'ഏ?' എന്ന് നീട്ടിച്ചോദിച്ചു. ഈ അമ്മൂമ്മയുടെ ഒരുകാര്യം എന്നു പിറുപിറുത്തു ഞാൻ വിശദമാക്കി.

"അമ്മൂമ്മേ, ഇന്ന് ജൂൺ 5, പരിസ്ഥിതിയെ സംരക്ഷിക്കേണ്ട ദിവസമാ...''

"ആഹാ, ഇതു നല്ല കൂത്ത്! നീയെങ്ങനാടാ ഫോണിലൂടെ പ്രകൃതിയെയും പരിസ്ഥിതിയെയും ഒക്കെ സംരക്ഷിക്കുന്നത്? പ്രകൃതി നിന്നെയല്ലേടാ താങ്ങിനിർത്തുന്നത്? അതിരിക്കട്ടെ, നീയെന്തു പോസ്റ്റാ ഇട്ടത്? കറന്റോ?''

ഓ..അതൊന്നും പറഞ്ഞാൽ അമ്മൂമ്മയ്ക്ക് മനസ്സിലാവില്ല എന്നായി ഞാൻ. "അതെന്താടാ, നീ മലയാളം തന്നെയല്ലേ പറയുന്നത്? നീ പറ.."എന്ന് അമ്മൂമ്മയും.


"എന്റെ പൊന്നമ്മൂമ്മേ, പരിസ്ഥിതിയെ സംരക്ഷിക്കുക എന്നുവച്ചാൽ, ഭൂമിയിൽ ആകെ പ്രശ്നങ്ങളല്ലേ? ചൂടുകൂടുന്നു, വെള്ളം കുറയുന്നു, ശുദ്ധവായു ഇല്ല, എങ്ങും പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും. ഇതെല്ലാം കുറച്ച് ഭൂമിയിലെ ജീവിതം എങ്ങനെ മെച്ചപ്പെടുത്താം എന്നാണ് ഇന്നത്തെ ദിവസം നമ്മൾ ചിന്തിക്കേണ്ടത്. അതിനെക്കുറിച്ച് ഫോണിലൂടെ എല്ലാവരേയും അറിയിക്കാൻ പറ്റും. അതാ ഞാൻ ചെയ്യുന്നത്. അതിനാണു പോസ്റ്റിടുക എന്നു പറഞ്ഞത് അല്ലാതെ കറന്റു പോസ്റ്റിടലല്ല." എന്റെ അമർഷം കുറച്ചു പുറത്തുചാടിയോ?

അമ്മൂമ്മ വിടുന്ന മട്ടില്ല. നടുനിവർത്തി നേരേയിരുന്നു, സീരിയസ്സായി ചർച്ചയ്ക്കു തയ്യാറെടുക്കുന്നൂന്നാ തോന്നുന്നത്. ഫോണിൽ ആണെങ്കിൽ ചറപറാന്ന് കമന്റും ലൈക്കും വന്നു കുമിഞ്ഞുകൂടുകയാ.. ഇന്നിനി രക്ഷയില്ല.

"ഓ..അപ്പോ നിൽക്കക്കള്ളിയില്ലാതെ നീയൊക്കെ പരിസ്ഥിതിയെക്കുറിച്ച് ചിന്തിച്ചുതുടങ്ങി. എടാ, നിന്റച്ഛന് ഭാഗമായി ഞാൻ കൊടുത്ത പത്തുപറ നിലമുണ്ടായിരുന്നു. എഴുപതു സെന്റ് കര, പുരയിടത്തിൽ നല്ലൊന്നാന്തരം ഒരു കുളവും. അത് നിനക്കും ഓർമ്മയുണ്ടാകും. നീ പത്താംക്ലാസ്സിൽ ആയിരുന്നപ്പോഴല്ലേ അവനത് മണ്ണടിച്ച് നികത്തിയത്? രാവിലെ കുളത്തിൽ മുങ്ങിക്കുളിക്കുന്നത് എന്തു സുഖമായിരുന്നു. തുണിയലക്കും എളുപ്പം കഴിയുമായിരുന്നു. കുളത്തിൽ തലപൊന്തിക്കുന്ന







നീർക്കോലികളെ കല്ലെറിയുന്നത് നിനക്കൊക്കെ ഒരു രസമായിരുന്നില്ലേ? കുളത്തിൽ നിറയെ വിരിഞ്ഞു നിന്നിരുന്ന കുഞ്ഞാമ്പൽപൂക്കൾ കാണാൻ എന്തു രസായിരുന്നു. ഇപ്പോ അതെങ്ങും കാണാൻ കൂടിയില്ല.''

അമ്മൂമ്മേടെ ഒരു നൊസ്റ്റു എന്നോർത്തു ഞാൻ ചിരിച്ചു. “Technology has a solution for everything" എന്ന ടാഗ് ലൈൻ ചിന്തിച്ച് “water lily'' എന്ന് google ചെയ്ത് ആമസോൺ കാടുതൊട്ട് കോൾ നിലം വരെയുള്ള പലതരം ആമ്പൽപ്പൂക്കൾ അമ്മൂമ്മയെ കാണിച്ചുകൊടുത്ത് ഞാൻ ഞെളിഞ്ഞിരുന്നു.

‘‘ആ.. ഇനി ദാഹിക്കുമ്പോ നിനക്കു വെള്ളത്തിന്റെ ഫോട്ടോ ഈ കുന്ത്രാണ്ടത്തിൽ കൂടി നോക്കിയാൽ മതിയല്ലോ? ഒന്നു പോടാ..''

അമ്മൂമ്മ നൈസായി എന്നെ താങ്ങി. സേവ് എർത്ത് എന്ന ടാഗോടെ “ear bud'' ഉം ആയി നിൽക്കുന്ന കടൽക്കുതിരയുടെ ഫോട്ടോ പോസ്റ്റ് ചെയ്തതിന് 350 ലൈക്ക് ഇതിനോടകം കിട്ടിക്കഴിഞ്ഞു.

**അമ്മൂമ്മേടെ ഒരു നൊസ്റ്റു എന്നോർത്തു ഞാൻ ചിരിച്ചു. "Technology has a solution for everything" എന്ന ടാഗ് ലൈൻ ചിന്തിച്ച് "water lily" എന്ന് google ചെയ്ത് ആമസോൺ കാടുതൊട്ട് കോൾ നിലം വരെയുള്ള പലതരം ആമ്പൽപ്പൂക്കൾ അമ്മൂമ്മയെ കാണിച്ചുകൊടുത്ത് ഞാൻ ഞെളിഞ്ഞിരുന്നു.**

“പണ്ട് കുളത്തിൽ നിന്നും എത്രയാ വരാലും കാരിയും ഒക്കെ പിടിച്ചു കറിവയ്ക്കുകയും വറക്കുകയും ചെയ്തത്'' എന്ന് ഞങ്ങളുടെ സംസാരം കേട്ടുവന്ന അമ്മ പറഞ്ഞപ്പോൾ അറിയാതെ ആ പഴയരുചിയുടെ ഓർമ്മയിൽ നാവിൽവെള്ളമൂറി.

“ഇനി ഐസിട്ട ചീഞ്ഞ മീൻ കഴിക്കുമ്പോ അതൊക്കെ ഓർത്താ മതി.'' എന്ന് അമ്മൂമ്മ. ആള് ഫുൾഫോമിലായി.

“റോഡിനോട് ചേർന്നായതാ കുഴപ്പമായത്. എത്ര പറ നെല്ല് കിട്ടിക്കൊണ്ടിരുന്ന കണ്ടമാ!, നികത്തണ്ടാടാ, നെൽകൃഷി നഷ്ടാണേൽ വാരംവെട്ടി വാഴയോ കപ്പയോ നടാൻ ഞാനന്ന് ആവുന്നതും പറഞ്ഞതാ. ആരു കേൾക്കാൻ! അപ്പോ, അമ്മ എന്തറിഞ്ഞോണ്ടാ ഈ പറയുന്നത്, അതൊന്നും ഇക്കണോമിക്കൽ അല്ലാന്ന്.. എനിക്ക് വിവരം ഇല്ലാത്തതു പോലെ അവന്റെ ഒരു മറുപടി. വയല് നികത്തി കടമുറികൾ പണിത് വാടകയ്ക്കു കൊടുത്തു. ബാക്കി പുരയിടത്തിൽ റബ്ബറും നട്ടു. എന്നിട്ടെന്തേ? കിണറ്റിൽ വെള്ളം ഉണ്ടോ? കഴിഞ്ഞ വേനലിലും കാശുകൊടുത്തു ടാങ്കറിൽ വെള്ളം വാങ്ങിയില്ലേ? ചൂടു കൂടുതലാ, ഉഷ്ണിച്ചിട്ടു പഠിക്കാൻ പറ്റുന്നില്ല, എ സി വേണം എന്നു നീയും പറയാൻ തുടങ്ങിയിട്ടു കൊല്ലം രണ്ടായില്ലേ? രണ്ടായിരത്തിൽ കുറഞ്ഞ് കറന്റ്ചാർജ്ജ് വരുന്നുണ്ടോ?''

ആള് പിന്നെയും പഴയകാല സ്മരണയിൽതന്നെ. എങ്കിലും കേട്ടിരിക്കാൻ ഒരു രസമുണ്ട്. “എത്ര മരങ്ങളായിരുന്നു പണ്ട് ഈ പറമ്പിൽ! മാവും പ്ലാവും പറങ്കിമാവും ഞാവലും,

പേരയും ആഞ്ഞിലിയും കടപ്ലാവും. ഓരോ സമയത്ത് ഓരോരോ പഴങ്ങളാ.. പറമ്പില് കരിയില കൂട്ടികത്തിച്ച് പറങ്കിയണ്ടി ചുട്ടുതിന്നുമായിരുന്നു ഞങ്ങൾ. എന്തിന്, ആഞ്ഞിലിക്കുരു പോലും പെറുക്കികഴുകി ഉണക്കി വറുത്തുവയ്ക്കുമായിരുന്നു അമ്മ പണ്ട്. ഇന്ന് നീ ബേക്കറിയിൽ നിന്നുകൊണ്ടുവരുന്ന പായ്ക്കറ്റ് പലഹാരങ്ങളേക്കാൾ എന്തുരുചിയായിരുന്നു അതിനൊക്കെ.''

അപ്പോഴാ വാട്ട്സാപ്പിൽ സുജിത്തിന്റെ വീഡിയോ കോൾ വന്നത്. ഇത് കണ്ട അമ്മൂമ്മ വിഷയം മാറ്റിപ്പിടിച്ചു. "രണ്ടു വീടപ്പുറത്താണേലും അവര് കാണുന്നതും സംസാരിക്കുന്നതും ഈ കുന്ത്രാണ്ടത്തിൽ കൂടി തന്നെ. പണ്ട് ഈ മതിൽക്കെട്ടൊന്നും ഇല്ലാത്തപ്പോ അടുത്ത വീട്ടുകാരെ കാണാനും സംസാരിക്കാനും സൗകര്യമായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും എന്തെല്ലാം കൊടുക്കുകയും വാങ്ങുകയും ചെയ്തിരുന്നു. എല്ലാവരുമായി എന്തൊരടുപ്പവും സഹകരണവുമായിരുന്നു. പുരയിടം മതിലുകെട്ടി തിരിച്ചതോടെ മനുഷ്യര് മനസ്സിലും മതില് കെട്ടി. ഇപ്പോ എല്ലാം ഒരുജാതി കാട്ടിക്കൂട്ടലുകൾ തന്നെ.''

# Beat Plastic Pollution
## If you can't reuse it, refuse it

പരിസ്ഥിതിദിനത്തിന്റ വിഷയം "പ്ലാസ്റ്റിക്ക് മലിനീകരണത്തെ ചെറുത്തു തോല്പ്പിക്കുക'' അഥവാ "Beat Plastic Pollution'' എന്നതാണ് എന്നു സുജിത്തിനോടു ഞാൻ പറഞ്ഞത് അമ്മൂമ്മ പിടിച്ചെടുത്തു. അമ്മൂമ്മയ്ക്ക് ചെവി പിന്നോട്ടാണെന്നു പറച്ചിൽ മാത്രാ. വേണ്ടതൊക്കെ കേൾക്കും.

"എടാ, നമ്മുടെ മീനുക്കുട്ടിയില്ലോ? രണ്ടു വയസ്സാകുന്നല്ലേയുള്ളൂ? അവൾക്കെത്രയാ കളിപ്പാട്ടങ്ങൾ? മൊത്തം പ്ലാസ്റ്റിക്കല്ലേ? നീയും വാങ്ങിക്കൊടുത്തിട്ടുണ്ടല്ലോ കാറും ലോറിയും വിമാനവുമൊക്കെ? ആരോ കൊടുത്ത തലയാട്ടും ബൊമ്മ മാത്രേയുള്ളൂ പ്ലാസ്റ്റിക്കല്ലാത്തതായി. കഴിഞ്ഞ ദിവസം അപ്പൂപ്പൻ അവൾക്ക് പല്ലുതേക്കാൻ ബ്രഷ് വാങ്ങിയില്ലേ? അതും പ്ലാസ്റ്റിക്കല്ലേ? ഞാനൊക്കെയൊരു പ്ലാസ്റ്റിക്ക്സാധനം കാണുന്നത് എത്ര പ്രായമായിട്ടാ! മീനുക്കുട്ടിക്കു വാങ്ങിയ തൊട്ടിലുപോലും പ്ലാസ്റ്റിക്കാ. കടയിൽ നിന്ന് എന്തു വാങ്ങിയാലും കുറേ പ്ലാസ്റ്റിക്കുകൂടുകളും കൊണ്ടുവരും. അതു പിന്നെ കളയാനാ പാട്. ഇതൊക്കെ കത്തിച്ചാൽ കാൻസർ വരുന്നാ പറേന്നേ.. പണ്ട് പത്രക്കടലാസിൽ പൊതിഞ്ഞാ സാധനങ്ങൾ കൊണ്ടുവന്നിരുന്നത്... ഇപ്പോ അങ്ങനത്തെ പീടികകളില്ലല്ലോ! ഒന്നോ രണ്ടോ ഉണ്ടെങ്കിൽതന്നെ നിവൃത്തിയില്ലങ്കിലല്ലേ അവിടെ





**നമ്മൾ നമ്മളേയും പ്രകൃതിയേയും അറിയണം. ചുറ്റുപാടും ഉണ്ടാകുന്ന മാറ്റങ്ങൾ അറിയണം. ഭൂമിയും വായുവും വെള്ളവുമൊക്കെ തിരിച്ചുപിടിക്കാനാവാത്ത വിധം മലിനമായിപ്പോകുന്നതുവരെ നമ്മൾ നോക്കിയിരിക്കരുത്. വീട്ടുകാരും നാട്ടുകാരും കൂട്ടുകാരും ഒക്കെ ചേർന്ന് ഭൂമിയെ രക്ഷിക്കാൻ വേണ്ടതുചെയ്യണം.**

കേറൂ. വല്യകടേന്നു വാങ്ങുന്നതാന്നല്ലോ അന്തസ്സ്... ''

“അതമ്മൂമ്മേ, പ്ലാസ്റ്റിക്ക് ഇപ്പോ നമുക്കൊഴിച്ചുകൂടാനാവാത്ത വസ്തു ആയിരിക്കുകയാണ്. അതിനു ഗുണങ്ങളൊക്കെയുണ്ട്. അതുപോലെ കുറേ ദോഷങ്ങളും. ഭൂമിയിൽ മുഴുവൻ, കരയിലും സമുദ്രത്തിലും, നിറയെ നമ്മൾ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്ക് മാലിന്യങ്ങളാ. അത് കരയിലും വെള്ളത്തിലുമുള്ള എല്ലാജീവജാലങ്ങളുടേയും നിലനിൽപ്പിനു തന്നെ ഭീഷണി ആയിരിക്കുകയാ. പ്ലാസ്റ്റിക്ക്മാലിന്യങ്ങൾ ഒഴിവാക്കി ഭൂമിയെ രക്ഷിക്കാൻ നമ്മൾ വേണ്ടതൊക്കെ ചെയ്യണം.'' ഞാനും വിട്ടുകൊടുത്തില്ല. “ഈ അവബോധം വളർത്തുന്നതിനാണ് “Beat Plastic Pollution'' എന്ന സന്ദേശവുമായി ഇന്ത്യ India as Global Host ആയ 2018 ലെ പരിസ്ഥിതിദിനമായ ജൂൺ 5 ലോകമെങ്ങും ആചരിക്കുന്നത്.''

“ആ..അതുതന്നെയാ ഞാനും പറഞ്ഞുവന്നത്. നീയൊക്കെ എപ്പോഴും ഈ ഫോണിൽ നോക്കിയിരിക്കുന്നതിനു പകരം ഞങ്ങളോടൊക്കെ കുറച്ചുനേരം വർത്തമാനം പറഞ്ഞിരിക്കണം. കുറച്ചുനേരം നാട്ടുകാരോടൊക്കെ സൊറ പറഞ്ഞിരിക്കണം. ഈ ഫോണൊക്കെ ഇടയ്ക്കെങ്കിലും മാറ്റിവച്ച് എന്തെങ്കിലുമൊക്കെ നട്ടു വളർത്തണം...മഴ നനയണം. മഴവെള്ളം ഭൂമിയിലേക്കിറങ്ങാൻ വഴിയൊരുക്കണം... കാക്കയേം, പൂച്ചയേം മരംകൊത്തിയേം ഓലഞ്ഞാലിയേം പൂമ്പാറ്റേം തുമ്പിയേം ഒക്കെ നോക്കിയിരിക്കണം... വെറുതേ... നീ പറഞ്ഞ പോസ്റ്റിടാനല്ല. അതിനാ ഉടയതമ്പുരാൻ നമുക്കു കണ്ണുകൾ തന്നിരിക്കുന്നത്.

നമ്മൾ നമ്മളേയും പ്രകൃതിയേയും അറിയണം.. ചുറ്റുപാടും ഉണ്ടാകുന്ന മാറ്റങ്ങൾ അറിയണം. ഭൂമിയും വായുവും വെള്ളവുമൊക്കെ തിരിച്ചുപിടിക്കാനാവാത്ത വിധം മലിനമായിപ്പോകുന്നതുവരെ നമ്മൾ നോക്കിയിരിക്കരുത്. വീട്ടുകാരും നാട്ടുകാരും കൂട്ടുകാരും ഒക്കെ ചേർന്ന് ഭൂമിയെ രക്ഷിക്കാൻ വേണ്ടതു ചെയ്യണം.. അല്ലാതെ പോസ്റ്റ് നാട്ടിയിരുന്നിട്ടു കാര്യമില്ല.. മനുഷ്യൻ വിശിഷ്ടബുദ്ധിയുള്ളവനാന്നു പറഞ്ഞിട്ടു കാര്യമില്ല. അത് പ്രവൃത്തിയിൽ കാണണം.. ഒന്നുംവേണ്ടാ, ഇന്നെങ്കിലും നീ നിന്റെ കൂട്ടുകാരേം വിളിച്ച് ആ റോട്ടിലൊക്കെയുള്ള പ്ലാസ്റ്റിക്കൊക്കെ ഒന്നു പെറുക്കിയെടുക്ക്. എന്നിട്ടതെന്തു ചെയ്യണമെന്നാലോചിക്ക്...''

ആദ്യം തമാശയോടെ കേട്ടിരുന്നെങ്കിലും അത്രയും നേരം അമ്മൂമ്മ പറഞ്ഞത് എന്നെ ഇരുത്തിച്ചിന്തിപ്പിച്ചു.

ഞങ്ങൾ ന്യൂജെൻ കുട്ടികൾ അധികം ചിന്തിക്കാറില്ല എന്നതാണല്ലോ ഒരു അപഖ്യാതി!

അപ്പോൾത്തന്നെ അയൽപ്പക്കങ്ങളിലെ “ഫേസ്ബുക്ക്'' കൂട്ടുകാരെ 'We have to meet, now itself' എന്നറിയിച്ച് ഒന്നിച്ചുകൂടി നാട്ടുവഴിയിലെ പ്ളാസ്റ്റിക്കൊക്കെ നീക്കാൻ തുടങ്ങി..............

കൂട്ടത്തിൽ ആഞ്ഞൊരു തീരുമാനവുമെടുത്തു. കാട്ടിക്കൂട്ടലുകൾ മതിയാക്കുക....ആത്മാർഥമായി പരിശ്രമിക്കുക...അതു തന്നെ!

# കളിക്കുട്ടി

പന്തളം കേരളവർമ


“പൈങ്കിളിയേ! പൈങ്കിളിയേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ ചുള്ളികളാൽ
കൂടുചമയ്ക്കാൻ പോകുന്നു.”

“വണ്ടത്താനേ! വണ്ടത്താനേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ, പൂക്കളിലെ-
ത്തേൻ നുകരാൻ പോകുന്നു.”

“കുട്ടിക്കന്നേ! കുട്ടിക്കന്നേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ കാടുകളിൽ
മേയാനായ്പ്പോകുന്നു”

“ചെറുനായേ! ചെറുനായേ!
കളിയാടീടാൻ വരുമോ നീ?”
“പാടില്ലാ യജമാന്റെ
വാതിലു കാക്കാൻ പോകുന്നു.”

കളിയാതേ വേലയ്ക്കായ്
എല്ലാരും പോയപ്പോൾ
നാണിച്ചാച്ചെറുപയ്യൻ
പോയല്ലോ കളരിയിലും.



വര: സുധീർ പി വൈ

# നാറാണത്തുഭ്രാന്തൻ

## പുനരാഖ്യാനം: ജ്യോതി കെ ജി

ബ്രാഹ്മണപണ്ഡിതനായ വരരുചിക്ക് പറയസ്ത്രീയിൽ ജനിച്ച പന്ത്രണ്ടു മക്കളിൽ ഒരാളാണ് നാറാണത്തുഭ്രാന്തൻ. ദിവ്യത്വം കൊണ്ടും വ്യത്യസ്തമായ ജീവിതരീതികൊണ്ടും വളരെ ശ്രദ്ധേയനായ വ്യക്തിയാണ് അദ്ദേഹം. വലിയ കല്ലുകൾ ഉരുട്ടി മലയുടെ മുകളിൽ കൊണ്ടുചെല്ലുകയും കഷ്ടപ്പെട്ട് മുകളിലെത്തിച്ച കല്ലുരുട്ടി താഴേക്ക് വിടുകയും കല്ല് ഉരുണ്ടുപോകുന്നത് നോക്കി കൈകൊട്ടിച്ചിരിക്കുകയുമാണ് അദ്ദേഹത്തിന്റെ പതിവുപ്രവൃത്തികളിലൊന്ന്. ഓരോരുത്തരും ജീവിതമെന്ന വലിയ ഭാരവും പേറി നെട്ടോട്ടമോടുമ്പോൾ ജീവിതത്തിന്റെ നിസ്സാരത കാണിച്ചുകൊടുക്കുകയാണ് നാറാണത്തുഭ്രാന്തൻ ഈ പ്രവൃത്തിയിലൂടെ ചെയ്യുന്നത്. തികച്ചും പ്രതീകാത്മകമായൊരു പ്രവൃത്തിയായി മാത്രമേ ഇതിനെ വിലയിരുത്താൻ കഴിയൂ.

ഭിക്ഷയെടുത്തായിരുന്നു നാറാണത്തുഭ്രാന്തൻ ഉപജീവനം നടത്തിയിരുന്നത്. കൈയിൽ ഒരു ചെമ്പുപാത്രവും തൂക്കി ഭിക്ഷ യാചിച്ചു നടക്കും. ഭിക്ഷയായി കിട്ടുന്ന അരി മുഴുവൻ അന്ന് വൈകുന്നേരമാകുമ്പോൾ എവിടെയെങ്കിലും അടുപ്പുകൂട്ടി സ്വയം പാകംചെയ്തു കഴിക്കും. ഊണുകഴിഞ്ഞാൽ അവിടെത്തന്നെ കിടന്നുറങ്ങും. നേരം പുലർന്നാൽ പിന്നെ ഉച്ചവരെ കല്ല് മലമുകളിലേക്ക് ഉരുട്ടികയറ്റുകയായി. പിന്നെ ഭിക്ഷാടനത്തിനിറങ്ങും. ഇങ്ങനെയാണ് അദ്ദേഹത്തിന്റെ ദിനചര്യ.

അങ്ങനെയിരിക്കെ ഒരുദിവസം വൈകുന്നേരം അദ്ദേഹം ഒരു ശ്മശാനത്തിൽ എത്തിച്ചേർന്നു. ശവദാഹം കഴിച്ച് ആളുകളെല്ലാം പിരിഞ്ഞുപോയ സമയമായതിനാൽ ശ്മശാനം വിജനമായിരുന്നു. ചിതകളിൽ തീയുണ്ട്. കത്തിത്തീരാത്ത വിറകുകൊള്ളികളും ഉണ്ടായിരുന്നു. ഭയാനകമായ ആ ചുറ്റുപാടിലേക്ക് കടന്നുവരാൻ ആരും ധൈര്യപ്പെടില്ല. എന്നാൽ നാറാണത്തുഭ്രാന്തൻ ഭക്ഷണം പാകംചെയ്യാൻ ഇവിടെത്തന്നെ തരം എന്നു നിശ്ചയിച്ചു. മൂന്ന് കല്ലെടുത്ത് അടുപ്പുകൂട്ടി. അടുത്തുള്ള നദിയിൽ നിന്ന് വെള്ളവും കൊണ്ടുവന്ന് അരിയും വെള്ളവും ഒരുമിച്ച് ആ ചെമ്പുപാത്രത്തിൽ അടുപ്പത്തുവച്ചു. ഇടതുകാലിന്മേൽ മന്തുള്ളതിനാൽ ആ കാലെടുത്ത് അടുപ്പുകല്ലിനു മുകളിൽ വച്ചു തീയും കാഞ്ഞു മൂളിപ്പാട്ടും പാടിയിരുന്നു. മഞ്ഞുകാലമായതിനാൽ തീകായൻ നല്ല രസമുണ്ടായിരുന്നു.

**ശവദാഹം കഴിച്ച് ആളുകളെല്ലാം പിരിഞ്ഞുപോയ സമയമായതിനാൽ ശ്മശാനം വിജനമായിരുന്നു. ചിതകളിൽ തീയുണ്ട്. കത്തിത്തീരാത്ത വിറകുകൊള്ളികളും ഉണ്ടായിരുന്നു. ഭയാനകമായ ആ ചുറ്റുപാടിലേക്ക് കടന്നുവരാൻ ആരും ധൈര്യപ്പെടില്ല. എന്നാൽ നാറാണത്തുഭ്രാന്തൻ ഭക്ഷണം പാകംചെയ്യാൻ ഇവിടെത്തന്നെ തരം എന്നു നിശ്ചയിച്ചു.**

അങ്ങനെയിരുന്നു നേരം ഒരു യാമം കഴിഞ്ഞപ്പോഴേക്കും ചുടലഭദ്രകാളി ഭൂതപ്രേതപിശാചുക്കളോടുകൂടി ആടിതിമിർത്ത് അവിടെയെത്തി. അവരുടെ അട്ടഹാസങ്ങളും അലർച്ചകളുമൊക്കെ കേട്ടിട്ടും നാറാണത്തുഭ്രാന്തന് ഒരു കുലുക്കവുമുണ്ടായില്ല. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം ചുടലക്കാട്ടിൽ ഒരു മനുഷ്യൻ ഭയമില്ലാതെയിരിക്കുന്നതുകണ്ട് ഭദ്രകാളിയും കൂട്ടരും ഞെട്ടി.

"ആരാണിവിടെ വന്നിരിക്കുന്നത്? വേഗത്തിൽ എണീറ്റു പോണം." ഭദ്രകാളി പറഞ്ഞു.

"നിങ്ങൾക്കു കണ്ണില്ലേ? ഇവിടെയിരിക്കുന്നത് ആരാണെന്ന് കണ്ടുകൂടെ? ഞാനൊരു മനുഷ്യനാണ്. ഇപ്പോൾ അങ്ങനെ പോകാൻ ഭാവവുമില്ല." നാറാണത്തുഭ്രാന്തൻ പറഞ്ഞു.

ഭദ്രകാളി: "എങ്കിൽ ഞങ്ങൾ നിന്നെ ഭയപ്പെടുത്തി ഓടിക്കും."

നാറാണത്തുഭ്രാന്തൻ: "നിങ്ങൾ പേടിപ്പിച്ചാൽ ഞാൻ പേടിച്ചില്ലെങ്കിലോ?"

ഭദ്രകാളി: "ഞങ്ങൾ പേടിപ്പിച്ചാൽ പേടിക്കാത്ത ആരുമില്ല."

നാറാണത്തുഭ്രാന്തൻ: "എങ്കിൽ നിങ്ങൾ പരീക്ഷിച്ചു നോക്കിക്കോളൂ. എന്നാൽ അറിയാമല്ലോ." ഇതു കേട്ടപ്പോൾ ഭദ്രകാളിക്ക് കോപം അടക്കാൻ കഴിഞ്ഞില്ല. ഭദ്രകാളിയും കൂട്ടരും തീക്കട്ടപോലുള്ള കണ്ണുകൾകൊണ്ട് തുറിച്ചു നോക്കിയും, ചോരനിറമുള്ള നാവുകൾ നീട്ടിയും ചന്ദ്രക്കല പോലുള്ള വളഞ്ഞ ദംഷ്ട്രകൾ പുറത്തേക്കു തള്ളിയും വലിയ അട്ടഹാസങ്ങൾ മുഴക്കിയും നാറാണത്തുഭ്രാന്തനെ പേടിപ്പിക്കാനായി അദ്ദേഹത്തിന്റെ അടുത്തേക്കു പാഞ്ഞുചെന്നു. എന്നാൽ അദ്ദേഹം അതുകണ്ടിട്ട് യാതൊരു കൂസലും കൂടാതെ ചിരിച്ചുകൊണ്ട് അവിടെയിരുന്നു. ഇതുകണ്ടപ്പോൾ ഭദ്രകാളിയും ഭൂതങ്ങളുമെല്ലാം ലജ്ജസഹിക്കാനാവാതെ മുഖം താഴ്ത്തി നിന്നു.


നാറാണത്തുഭ്രാന്തൻ : ''എന്താ പേടിപ്പിച്ചു കഴിഞ്ഞുവോ?''

ഭദ്രകാളി: ''അല്ലയോ മഹാനുഭാവാ! അങ്ങ് ഒരു സാധാരണ മനുഷ്യനാണെന്നു വിചാരിച്ച് ഇങ്ങനെ പറയുകയും പ്രവർത്തിക്കുകയും ചെയ്തതാണ്. അവിടുന്ന് ഒരു സാധാരണ മനുഷ്യനല്ലെന്ന് ഞങ്ങൾക്കു മനസ്സിലായി. അതിനാൽ ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങ് ദയവായി ഇവിടുന്ന് മാറിത്തരണം. ഞങ്ങൾ ഈ ചുടലയിൽ നൃത്തം ചെയ്യുവാനായി വന്നിരിക്കുകയാണ്.''

നാറാണത്തുഭ്രാന്തൻ: " അതിനെന്താ നിങ്ങളിവിടെ ഒരു ഭാഗത്ത് നൃത്തം വച്ചോളിൻ, അതിനു ഞാൻ പോകണമെന്നുണ്ടോ?"

ഭദ്രകാളി: "മനുഷ്യർ കാൺകെ ഞങ്ങൾക്ക് നൃത്തം ചെയ്ക വിഹിതമല്ല. അതിനാലാണ് ഇങ്ങനെ അപേക്ഷിക്കുന്നത്.''

നാറാണത്തുഭ്രാന്തൻ: "എന്നാൽ നൃത്തം നാളെ മതി. എത്ര അപേക്ഷിച്ചാലും ഇന്നു ഞാൻ ഇവിടെ നിന്നു പോവുകയില്ല.''



വര: എ കെ ഗോപീദാസ്

ഭദ്രകാളി: ''നൃത്തം നാളെയായാൽ പറ്റില്ല ഇന്നാണ് പതിവ്.''

നാറാണത്തുഭ്രാന്തൻ: "എന്നാൽ പതിവുപോലെയാവട്ടെ. ഞാൻ പോയിട്ടുണ്ടാവുകയില്ല. എനിക്ക് ചില പതിവുകളുണ്ട്. തീയും വെള്ളവും കിട്ടുന്ന ദിക്കിൽ അരിവയ്ക്കുക, അരി വയ്ക്കുന്ന ദിക്കിൽ ഉണ്ണുക, ഉണ്ണുന്ന ദിക്കിൽ ഉറങ്ങുക ഇങ്ങനെയാണ് എന്റെ പതിവുകൾ. അതും വ്യത്യാസപ്പെടുത്തുകയില്ല.''

ഒരു വിധത്തിലും അദ്ദേഹം ഒഴിഞ്ഞുപോവുകയില്ലെന്നു തീർച്ചയായപ്പോൾ ഭദ്രകാളി

''അല്ലയോ മഹാനുഭാവാ! അവിടുന്ന് ഒരു വിധത്തിലും സമ്മതിക്കാത്തതിനാൽ ഞങ്ങൾ തന്നെ ഒഴിഞ്ഞുപൊയ്ക്കളയാമെന്നു നിശ്ചയിച്ചു. എന്നാൽ മനുഷ്യരെ നേരിട്ടു കണ്ടുമുട്ടിയാൽ അവരെ ശപിക്കുകയോ അനുഗ്രഹിക്കുകയോ ചെയ്യാതെ ഞങ്ങൾക്ക് പോകാൻ പറ്റില്ല. ദിവ്യനായ അങ്ങയെ ഞങ്ങൾ ശപിക്കണമെന്നു വിചാരിക്കുന്നില്ല. അനുഗ്രഹിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനാൽ അങ്ങേക്ക് ആഗ്രഹമുള്ളതെന്താണെന്ന് പറഞ്ഞാലും."

നാറാണത്തുഭ്രാന്തൻ : "എനിക്ക് നിങ്ങളുടെ അനുഗ്രഹമൊന്നും വേണ്ട. നിങ്ങൾ പൊയ്ക്കോളൂ.

**കുറച്ചുദൂരം ചെന്നപ്പോൾ ഒരു ആശാരിയുടെ ആലയിൽ ഒരു വലിയ വാർപ്പുണ്ടാക്കാനായി ഓട് ചൂളയിൽ വച്ച് ഉരുക്കുന്നതു കണ്ടു. നാറാണത്തുഭ്രാന്തൻ ചൂളയ്ക്കരികിലേക്കുചെന്ന് ഉരുക്കിയ ഓടു കൈകൊണ്ട് കോരിയെടുത്ത് വെള്ളം കുടിക്കും പോലെ കുടിച്ച് ദാഹം തീർത്തു. സഹയാത്രികനോടും കുടിക്കാൻ പറഞ്ഞു.**

എനിക്ക് ചോറു കഴിക്കാൻ നേരമായിരിക്കുന്നു. ഞാനുണ്ണട്ടെ."

ഭദ്രകാളി: "അയ്യോ! അവിടുന്ന് അങ്ങനെ പറയരുത്. ദയവായി എന്തെങ്കിലും ഒരുവരം ഞങ്ങളോടു വാങ്ങണം. അല്ലാതെ ഞങ്ങൾക്കിവിടെ നിന്നു പോകാൻ നിവൃത്തിയില്ല."

നാറാണത്തുഭ്രാന്തൻ: "ആട്ടെ, എന്നാൽ ഞാൻ എന്നു മരിക്കുമെന്നു പറയാമോ?"

ഭദ്രകാളി: "ഇനി മുപ്പത്താറു സംവത്സരവും ആറ് മാസവും, പന്ത്രണ്ടുദിവസവും അഞ്ച് നാഴികയും മൂന്ന് വിനാഴികയും അങ്ങേക്ക് ആയുസ്സുണ്ട്."

നാറാണത്തുഭ്രാന്തൻ: "എന്നാൽ ഒരുദിവസംകൂടി എനിക്ക് ജീവിച്ചിരുന്നാൽ കൊള്ളാമെന്നുണ്ട്. അങ്ങനെ അനുഗ്രഹിക്കണം."

ഭദ്രകാളി: "അത് ഞങ്ങൾ വിചാരിച്ചാൽ കഴിയില്ല. ഒരു ദിവസമെന്നല്ല, ഒരു മാത്ര സമയംകൂടി ആയുസ്സ് തരാൻ ഞങ്ങൾക്ക് ശക്തിയില്ല."

നാറാണത്തുഭ്രാന്തൻ: "എന്നാൽ അതുവേണ്ട നിങ്ങൾ പറഞ്ഞതിന്റെ തലേദിവസം ഞാൻ മരിച്ചാലും മതി, അങ്ങനെ അനുഗ്രഹിക്കുവിൻ."

ഭദ്രകാളി: "അതും ഞങ്ങൾക്ക് നിവൃത്തിയില്ല."

നാറാണത്തുഭ്രാന്തൻ: "എന്നാൽ നിങ്ങളുടെ അനുഗ്രഹം എനിക്കെന്തിനാണ്? നിങ്ങൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് എനിക്കറിയാം. അതിനാണ് ആദ്യമേ എനിക്കു നിങ്ങളുടെ അനുഗ്രഹമൊന്നും വേണ്ടെന്നു പറഞ്ഞത്."

ഭദ്രകാളി: "അവിടുന്ന് ദയവായി ഞങ്ങളെക്കൊണ്ടാവുന്ന ഏതെങ്കിലും വരം ചോദിക്കണം."

നാറാണത്തുഭ്രാന്തൻ: "എങ്കിൽ എന്റെ ഇടതുകാലിലെ മന്ത് വലതുകാലിലേക്കു മാറ്റിത്തരാൻ അനുഗ്രഹിക്കൂ."

ഇതുകേട്ട ചുടലഭദ്രകാളിയും കൂട്ടരും സന്തോഷത്തോടെ അപ്രകാരം സംഭവിക്കട്ടെ എന്നനുഗ്രഹിച്ച് മറഞ്ഞുപോയി. അനുഗ്രഹപ്രകാരം മന്ത് വലതുകാലിന്മേലാവുകയും ചെയ്തു. നാറാണത്തുഭ്രാന്തൻ ഊണും കഴിച്ച് അവിടെ കിടന്ന് സുഖമായുറങ്ങി. പ്രലോഭനങ്ങൾക്കു വഴങ്ങാത്ത അദ്ദേഹത്തിന്റെ വ്യക്തിത്വമാണ് ഈ കഥയിൽ വ്യക്തമാകുന്നത്.

ഒരിക്കൽ നാറാണത്തു ഭ്രാന്തനും മറ്റൊരാളും കൂടി ചാത്തമുണ്ണാൻ പോയി തിരിച്ചുവരുന്ന വഴിയിൽ ഏറെ ദൂരം നടന്നപ്പോൾ നാറാണത്തു ഭ്രാന്തൻ പറഞ്ഞു. "എനിക്കു ദാഹിക്കുന്നു."

"എനിക്കും ദാഹം സഹിക്കവയ്യാതെയായിരിക്കുന്നു." എന്ന് മറ്റേ ആളും പറഞ്ഞു.

"ആട്ടെ നിവൃത്തിയുണ്ടാക്കാം" എന്നുപറഞ്ഞ് രണ്ടുപേരും കുറേ ദൂരംകൂടി നടന്നു.

കുറച്ചുദൂരം ചെന്നപ്പോൾ ഒരു ആശാരിയുടെ ആലയിൽ ഒരു വലിയ വാർപ്പുണ്ടാക്കാനായി ഓട് ചൂളയിൽ വച്ച് ഉരുക്കുന്നതു കണ്ടു. നാറാണത്തുഭ്രാന്തൻ ചൂളയ്ക്കരികിലേക്കുചെന്ന് ഉരുക്കിയ ഓടു കൈകൊണ്ട് കോരിയെടുത്ത് വെള്ളം കുടിക്കുംപോലെ കുടിച്ച് ദാഹം തീർത്തു. സഹയാത്രികനോടും കുടിക്കാൻ പറഞ്ഞു.

'അയ്യോ പൊള്ളിച്ചത്തുപോകും.' എന്നുപറഞ്ഞ് അയാൾ പിന്നോട്ടുമാറി.

"എങ്കിൽ തനിക്ക് ഭ്രഷ്ടുണ്ട്. ഞാനുണ്ണുന്നേടത്ത് നിന്ന് ഒപ്പം ഉണ്ണാമെങ്കിൽ ഞാൻ കുടിക്കുന്നത് ഒപ്പം കുടിക്കുകയും വേണം." എന്നുപറഞ്ഞ് നാറാണത്തുഭ്രാന്തൻ പോവുകയും ചെയ്തു.

നാറാണത്തുഭ്രാന്തന്റെ മറ്റൊരു പതിവുവിനോദമായിരുന്നു കൂട്ടംകൂടി വരിവരിയായി പോകുന്ന കട്ടുറുമ്പുകളെ എണ്ണിക്കൊണ്ടിരിക്കുന്നത്. ഒരു ദിവസം നാറാണത്തു ഭ്രാന്തൻ ഉറുമ്പുകളെ എണ്ണിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ അടുക്കൽച്ചെന്നു ചോദിച്ചു.

"എത്രയായി?"

ഉടനെ നാറാണത്തുഭ്രാന്തൻ:


"പതിനായിരമുണ്ട്. അതുകൂടി പോകണം എന്നാൽ സുഖമായി." എന്നു മറുപടി പറഞ്ഞു.

ഈ ചോദ്യം ചോദിച്ച ആൾക്ക് വളരെക്കാലമായി വയറ്റിൽ വേദനയുണ്ടായിരുന്നു. അതിനു ചികിത്സയ്ക്കും മറ്റുമായി പതിനായിരം രൂപ ചെലവായിട്ടുണ്ടായിരുന്നു. ഇനി പതിനായിരം കൂടി ചെലവായാൽ ഇയാൾക്ക് വയറ്റിൽ വേദന ഭേദമായി സുഖമാകുമെന്നായിരുന്നു നാറാണത്തു ഭ്രാന്തൻ പറഞ്ഞത്. നാറാണത്തു ഭ്രാന്തൻ പറഞ്ഞതിന്റെ സാരം ആ മനുഷ്യൻ മനസ്സിലാക്കി. ശേഷമുണ്ടായിരുന്ന പതിനായിരംകൂടി ചികിത്സയ്ക്കും മറ്റു സത്കർമങ്ങൾക്കും ചെലവാക്കുകയും വയറ്റിൽവേദന ഭേദമാവുകയും ചെയ്തു.

*(ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ പ്രസിദ്ധീകരിക്കുന്ന **ഐതിഹ്യമാല കുട്ടികൾക്ക്** എന്ന പുസ്തകത്തിൽ നിന്ന്.)*

# അമ്മക്കുട

എടപ്പാൾ ഡി സുബ്രഹ്മണ്യൻ



അമ്മയെനിക്കൊരു കുടയാണ്
അന്നുമിന്നുമൊരു കുടയാണ്
ചൂടിലും ചൂടാൻ മഴയിലും ചൂടാൻ
കൂടെ നടക്കുന്ന കുടയാണ്.
ഓർമകൾ കൈകാൽ കുടഞ്ഞു വിരിഞ്ഞതും
താരാട്ടു പാട്ടുകൾ നൊട്ടിനുണച്ചതും
കഥ വരമ്പേറി കിനാവുകൾ കൊയ്തതും
കുടയോടു കൂടിയാണന്നുമിന്നും
ചന്ദനമണമുള്ള പിടിയുണ്ട്.
ചന്തം തികഞ്ഞോരു പിടിയുണ്ട്
പിടിയിൽ പിടിച്ചു നടക്കുകയെന്നൊരു
പിടിവാശി എന്നും കൂട്ടിനുണ്ട്.
വില്ലുവളഞ്ഞാലും ശീല മുഷിഞ്ഞാലും
കുടചൂടുന്നൊരു ശീലമുണ്ട്
വഴിയിൽ വഴുക്കുമ്പോൾ വീഴാതെ നോക്കുവാൻ
വിരുതേറെയുള്ളൊരു കുടയാണ്
പട്ടികളെങ്ങാനും നേർക്കുനേർ നിൽക്കുകിൽ
പെട്ടെന്നു ചാടുന്ന കുടയാണ്.
തേങ്ങിക്കരയുവാൻ തോന്നുന്ന മാത്രയിൽ
നെഞ്ചിൽ കുടയെന്റെ കൂട്ടിനുണ്ട്
പൊട്ടിക്കരയുവാൻ തോന്നുന്ന രാത്രിയിൽ
കെട്ടിപ്പിടിക്കുവാൻ കൂടെയുണ്ട്.
കാറ്റെത്ര വന്നു കശക്കിയാലും ശരി
കുടയുടെപിടിഞാൻ വിടുകയില്ല.
ഈ കുടയുടെ പിടിഞാൻ വിടുകയില്ല.

വര: ആർ ശർമ്മ

കഥ

# മൂന്നു മിഠായികൾ

എം കൃഷ്ണദാസ്



## 1. ലീവ് ലെറ്റർ


മാഷ് ടെ പേരുവിളി മായയിലെത്തിയപ്പോൾ എരടിമുട്ടി നിന്നു.
'മായ, ഇവിടെ വാ...'
അവൾ പേടിയോടെ മേശയുടെ അടുത്തുവന്നു നിന്നു.
'നിയ്യ്, ഇന്നലെ എവിടായിരുന്നു?'
'പന്യായിരുന്നു, സാറെ.... '
മറുപടിയിൽ പേടിയുണ്ടായിരുന്നില്ല.
'ന്നിട്ട്, എവടെ ലീവ് ലെറ്റർ?'
മാഷ് വിടാൻ ഭാവമില്ല.
'അയ്യോ, അതു മറന്നല്ലൊ.... '
മായ മനസ്സിൽ വിചാരിച്ചു.
'ലീവ് ലെറ്ററില്ലാതെ ക്ലാസിലിരിക്കാൻ പറ്റില്ല.'
മാഷ് കടുംപിടുത്തത്തിലാണ്.
'ഉണ്ടല്ലോ, സാറെ... '
മായ എന്തോ ഓർത്ത് പറഞ്ഞു
'എന്നാ എടുത്തു കൊണ്ടുവാടി ...'
മായ വേഗം ചെന്ന് ബാഗിന്റെ സൈഡ് അറയിൽനിന്ന് പാരസെറ്റമോളിന്റെ പൊതിയെടുത്തു കൊണ്ടുവന്ന് മേശപ്പുറത്ത് തുറന്നുവെച്ചു.

## 2. തുടരൻ



പുറത്തേക്കു പോവാനുള്ള തിരക്കിൽ മധുമാഷ് കുട്ടികളെ ഒതുക്കിയിരുത്താൻ ഒരു പണി പറഞ്ഞു:
'എല്ലാരും ചങ്ങാതിക്കൊരു കത്തെഴുതിൻ.... '
'അതു കഴിഞ്ഞാഴ്ച എഴുതീതാ സാറേ..... '
കുട്ടികൾ തർക്കുത്തരം പറഞ്ഞു.
'ന്നാൽ അന്നെഴുതിയതിന് ഇന്ന് മറുപടി എഴുതിൻ.... '
മാഷ്ക്കുണ്ടോ പണിക്ക് പഞ്ഞം.

## 3. ഗ്രഹണം



വര: സുജിത് പി വി

ചന്ദ്രൻമാഷ് ക്ലാസു കഴിഞ്ഞിറങ്ങുമ്പോഴാണ് മുൻ ബഞ്ചിലെ ഹിബ തെളിഞ്ഞ മുഖത്തോടെ, താഴ്ന്ന ശബ്ദത്തിൽ പറഞ്ഞത്:
'സാറ് ടെ ഇന്നത്തെ ക്ലാസ് ഉഷാറായി..... '
അതു കേട്ട് മാഷ്ടെ മുഖത്ത് പൗർണമി പരന്നു.
പക്ഷേ, വാതിലുകടന്ന് മുന്നോട്ടു നടക്കുമ്പോഴത് അമാവാസിയായി.
' അപ്പോൾ, മറ്റു ദിവസങ്ങളിലെ ക്ലാസോ.....!?'



വര: ആശ ആർ

# മോഹങ്ങൾ

ലതീഷ് കീഴല്ലൂർ

പൂവിരിയുന്നതു കണ്ടിരിക്കെ
പൂവായ് വിടരുവാൻ മോഹമായി
തുമ്പി പാറുന്നത് കണ്ടിരിക്കെ
പൂന്തേൻ നുകരുവാൻ മോഹമായി
കാറ്റൊന്നു പാറിയണഞ്ഞിടുമ്പോൾ
പൂമണം നുകരുവാൻ മോഹമായി
കാർമുകിൽ മാനത്തണഞ്ഞിടുമ്പോൾ
മഴയായി പൊഴിയുവാൻ മോഹമായി
മഴയൊന്നു പൊഴിയുമ്പോഴെങ്ങുമെങ്ങും
കുളിരായി നിറയുവാൻ മോഹമായി.

# വല്യപ്പൂപ്പൻ

ജയ ജി നായർ

ചാരുകസേരയിൽ രാവിലെതന്നെ
വല്യപ്പൂപ്പനിരിപ്പായി
പത്രം കൈയിലെടുത്തൂ, പക്ഷേ
കണ്ണട കാണ്മാനില്ലല്ലോ.
നീട്ടിവിളിച്ചൂ, കണ്ണടയെവിടെ?
വേഗം കൊണ്ടുത്തന്നോളിൻ
തപ്പിനടക്കുന്നെല്ലാപേരും
എങ്ങും കാണുന്നില്ലല്ലോ.

വല്യപ്പൂപ്പനുശുണ്ഠിവരുന്നൂ
"കണ്ണടകൊണ്ടുത്തന്നില്ലേൽ
എല്ലാറ്റിനേയും ശരിയാക്കും ഞാൻ
കണ്ണടകൊണ്ടുത്തന്നോളിൻ"
ഉണ്ണിക്കുട്ടൻ കൈകൊട്ടുന്നൂ
കണ്ണട മൂക്കിലിരിപ്പുണ്ടേ!



വര: ആശ ആർ



# കബീർദാസ്

ജോസഫ് പനയ്ക്കൽ

എഴുതാനും വായിക്കാനും അറിയാതെതന്നെ ഹിന്ദിസാഹിത്യത്തിലെ ഒരു മഹാനായ കവിയാകാൻ കഴിഞ്ഞ വലിയ പ്രതിഭാശാലിയായിരുന്നു കബീർദാസ്.

കബീർ അനാഥനായിരുന്നു. അവനെ കാരുണ്യത്തോടെ വളർത്തിയത് മനുഷ്യസ്നേഹിയായ നീരുവും സ്നേഹമയിയായ ഭാര്യ നീലയുമാണ്. അവർ ദരിദ്രരായിരുന്നു.

നെയ്ത്തുകാരനായ പാവം മുസ്ലീമായിരുന്നു നീരു. അയാൾ ദിവസവും രാവിലെ, നെയ്ത്തുതുണികൾ വിൽക്കാൻ കൊണ്ടുനടക്കുമായിരുന്നു. ഒരു പ്രഭാതത്തിൽ അങ്ങനെ പോകവേ ഒരു ക്ഷേത്രക്കുളത്തിനടുത്തെത്തിയപ്പോൾ കുറ്റിച്ചെടികൾക്കടുത്ത് ഒരു ചോരക്കുഞ്ഞ് കൈകാലുകൾ പിടപ്പിച്ച് കരയുന്നത് കണ്ടു.

അടുത്തെങ്ങും ആരും ഇല്ലായിരുന്നു.

ആ പിഞ്ചുകുഞ്ഞിന്റെ നിലവിളി നീരുവിന്റെ ഹൃദയത്തെ വരിഞ്ഞുമുറുക്കുന്നതുപോലെ തോന്നി. അയാൾക്കു മുന്നോട്ടുപോകാൻ കഴിഞ്ഞില്ല.

ആ കുഞ്ഞിനെ വല്ല കുറുക്കനോ പട്ടിയോ വന്ന് ഉപദ്രവിച്ചാലോ?

അയാൾ ആ കുഞ്ഞിനെ അലിവാർന്ന ഹൃദയത്തോടെ വാരിയെടുത്ത് നെഞ്ചോടുചേർത്തു പിടിച്ചതോടെ അതിന്റെ കരച്ചിൽ നിന്നു.

നല്ലൊരു ലക്ഷണമൊത്ത ആൺകുഞ്ഞ്.

അയാൾ തിരിച്ചു വീട്ടിലേക്കു ചെന്ന് ആ കുഞ്ഞിനെ ഭാര്യയുടെ കൈയിലേൽപ്പിച്ചു.

''ഹെന്റ റബ്ബേ! ഏതാ ഈ കുഞ്ഞ്? ഇങ്ങക്കേടന്നുകിട്ടി ഈ കുഞ്ഞിനെ?'' നീല അൽപ്പം പരിഭ്രമത്തോടെയും വിസ്മയത്തോടെയും തിരക്കി.

''ഏതോ പെണ്ണു പെറ്റിട്ട് കുളക്കടവിലുപേക്ഷിച്ചുപോയതാ. സന്മാർഗത്തിൽ പിറന്നതാവില്ലായിരിക്കാം. അഭിമാനം രക്ഷിക്കാൻ ആരുമറിയാതെ ഉപേക്ഷിച്ചുപോയതാവാം.'' നീരു പറഞ്ഞു.

''നമുക്കിവനെ പടച്ചോൻ തന്നതാ! എന്തായാലും

വര: ബോബി എം പ്രഭ

നമ്മക്കു വളർത്താം.'' നീല ഒരമ്മയുടെ വാത്സല്യത്തോടെ ആ കുഞ്ഞിനെ ഏറ്റെടുത്തു.

പുതുനൂലിന്റെ മണവും കൈത്തറി നെയ്ത്തിന്റെ താളാത്മകമമായ പാട്ടുംകേട്ട് അവൻ നീരുവിന്റേയും നീലയുടെയും സ്നേഹോഷ്മളതയനുഭവിച്ചു വളർന്നു. ദാരിദ്ര്യവും ക്ലേശങ്ങളും സഹിച്ചാണ് നീരു കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോയത്.

അവർ അവന് കബീർ എന്നു പേരിട്ടു. ജ്ഞാനി എന്നാണ് കബീർ എന്ന വാക്കിന് അർഥം. പക്ഷേ, അറിവുനേടാൻ കഴിയുംവിധം അവനെ സ്കൂളിൽ ചേർത്തു പഠിപ്പിക്കാനുള്ള സൗകര്യമൊന്നും നീരുവിനില്ലായിരുന്നു. അതിൽ നീരുവിനും നീലയ്ക്കും ഖേദം തോന്നിയിരുന്നു. അവരും നിരക്ഷരരായിരുന്നു.

എന്നാൽ ദൈവം കബീറിന് അസാമാന്യമായ ബുദ്ധിശക്തിയും അനിതരസാധാരണമായ കാഴ്ചശേഷിയും അത്ഭുതകരമായ ഗ്രഹണസിദ്ധിയും അനുഗ്രഹിച്ചു എന്നുതന്നെ പറയാം.

ബാലനായ കബീർ വളർത്തുപിതാവായ നീരുവിനെ തുണിക്കച്ചവടത്തിൽ സഹായിക്കാൻ കൂടെ പോകാൻ തുടങ്ങി. യാത്രകൾ അവനു സന്തോഷകരമായിരുന്നു. യാത്രകളിൽ നിന്നും പുതിയ പുതിയ അനുഭവങ്ങളും അറിവുകളും ലഭിച്ചു. പലതരം ജനസമ്പർക്കങ്ങൾ, പുതുമയുള്ള കാഴ്ചകൾ, കുന്നുകൾ, മലകൾ, നദികൾ, കാടുകൾ, ഗ്രാമങ്ങൾ, നഗരങ്ങൾ, പല മതക്കാരും പല സ്വഭാവക്കാരുമായ മനുഷ്യർ. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പലവിധ വിശ്വാസങ്ങൾ. പലതരം വേഷങ്ങൾ, സംസ്കാരങ്ങൾ, സംഘർഷങ്ങൾ, സ്നേഹപ്രകടനങ്ങൾ, മനുഷ്യരുടെ പലവിധ ദുഃഖങ്ങൾ, അനീതികൾ, പോരാട്ടങ്ങൾ, മരണങ്ങൾ, ആഘോഷങ്ങൾ.... എല്ലാം അവൻ കേട്ടും അറിഞ്ഞു.

**സ്നേഹത്തിലും പരസ്പരസാഹോദര്യത്തിലും സന്തോഷമായി കഴിയുന്ന സമത്വസുന്ദരമായ ഒരു ലോകം കബീർ സ്വപ്നം കണ്ടു. അങ്ങനെയൊരു ലോകം ഉണ്ടാകേണ്ടതിന് മനുഷ്യർ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ലോകത്തെ സ്നേഹത്തോടെ ഉപദേശിക്കണമെന്നുതോന്നി. അത് തന്റെ ജീവിതദൗത്യമായി കബീർ കണ്ടു.**

എല്ലാം അവൻ സൂക്ഷ്മമായി വീക്ഷിക്കുകയും പലതും മനസ്സിലാക്കുകയും ചെയ്തു. ലോകം അതിരില്ലാത്തതും ജീവിതം വൈവിധ്യം നിറഞ്ഞതാണെന്നുമുള്ള അറിവ് അവനെ അത്ഭുതപ്പെടുത്തി. അതവനെ ചിന്താശീലനാക്കി

മനുഷ്യർക്കിടയിലെ ജാതിമത വിവേചനങ്ങൾ അസമത്വങ്ങൾ, അനീതികൾ, അക്രമങ്ങൾ, അധർമങ്ങൾ അതെല്ലാം കബീറിന്റെ മനസ്സിനെ അസ്വസ്ഥമാക്കി. അർഥശൂന്യങ്ങളായ മതാചാരങ്ങൾ, ദൈവത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ, അന്ധവിശ്വാസങ്ങൾ.... അവയോടൊല്ലം പ്രതിഷേധം തോന്നി. യാത്രകഴിഞ്ഞുതിരിച്ചെത്തിയാൽ കബീർ ഏകാന്തചിന്തയിലും, വീണമീട്ടിയും സമയം ചെലവഴിച്ചു.

സ്നേഹത്തിലും പരസ്പരസാഹോദര്യത്തിലും സന്തോഷമായി കഴിയുന്ന സമത്വസുന്ദരമായ ഒരു ലോകം കബീർ സ്വപ്നം കണ്ടു. അങ്ങനെയൊരു ലോകം ഉണ്ടാകേണ്ടതിന് മനുഷ്യർ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ലോകത്തെ സ്നേഹത്തോടെ ഉപദേശിക്കണമെന്നുതോന്നി. അത് തന്റെ ജീവിതദൗത്യമായി കബീർ കണ്ടു.

അപ്പോഴാണ് തനിക്ക് എഴുതാനും വായിക്കാനും അറിയില്ലല്ലോ എന്ന നിസ്സഹായതയെക്കുറിച്ചു സങ്കടം തോന്നിയത്. എങ്കിലും ഉദ്ദേശങ്ങളിൽ നിന്നു പിന്തിരിഞ്ഞില്ല. തന്റെ ആശയങ്ങൾ ഭജനകളായും ഉദ്ബോധനങ്ങളായും ജനങ്ങൾക്കു പകർന്നുകൊടുക്കാൻ തനിക്കൊരു ഗുരു ആവശ്യമാണെന്നു കബീർ മനസ്സിലാക്കി. തനിക്കു പറ്റിയ ഒരു മാർഗദർശി ആരായിരിക്കണം എന്നന്വേഷിച്ചപ്പോൾ രാമാനന്ദസ്വാമി എന്നൊരു സന്ന്യാസിശ്രേഷ്ഠൻ അടുത്തപ്രദേശത്തുണ്ടെന്നറിഞ്ഞു.

ഒരുദിവസം കബീർ അദ്ദേഹത്തിന്റെ ആശ്രമം തിരക്കിച്ചെന്ന് സവിനയം നമസ്കരിച്ച് തന്റെ ആഗ്രഹം അറിയിച്ചു. കബീർ ഒരു മുസ്ലീമാണെന്നു തിരിച്ചറിഞ്ഞ സന്ന്യാസി ഇങ്ങനെ പറഞ്ഞു.

''നിങ്ങളെ ഒരു ശിഷ്യനായി സ്വീകരിക്കാൻ എനിക്കു ബുദ്ധിമുട്ടുണ്ട്; പോകാം.''

വിഷമം തോന്നിയെങ്കിലും കബീർ ഒന്നും മിണ്ടാതെ മടങ്ങി. എങ്കിലും, അദ്ദേഹത്തെ ഗുരുവാക്കണം എന്ന ഉദ്ദേശ്യത്തിൽനിന്നു പിന്മാറിയില്ല. രാമാനന്ദസ്വാമി നിത്യവും പ്രഭാതസ്നാനത്തിന് ഗംഗാനദിയിൽ പോകുന്ന കടവ് കബീർ മനസ്സിലാക്കി. ഒരു പുലർകാലത്ത് കബീർ ഗംഗാനദിയുടെ കുളിക്കടവിലെ കൽപ്പടവിൽ ചെന്നുകിടന്നു. സ്നാനം കഴിഞ്ഞു കയറിവരവേ രാമനന്ദസ്വാമി അറിയാതെ കബീറിന്റെ ദേഹത്തു ചവിട്ടി. അപരാധബോധത്താൽ അദ്ദേഹം ''രാമരാമാ!'' എന്നുരുവിട്ടു കൈകൂപ്പി.

തത്സമയം കബീർ പിടഞ്ഞെണീറ്റ് സ്വാമിയുടെ പാദം തൊട്ടു നമസ്കരിച്ച് അദ്ദേഹത്തിന്റെ

ശിഷ്യത്വം സ്വയം സ്വീകരിച്ച് ഓടിപ്പോകുകയും ചെയ്തു. തുടർന്ന് രാമാനന്ദസ്വാമിയുടെ ശിഷ്യൻ എന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്തു.

സമൂഹത്തിൽ നിലനിൽക്കുന്ന ജാതിമതഭേദങ്ങൾ അസംബന്ധങ്ങളാണെന്നും ലോകത്തിലുള്ള മനുഷ്യരെല്ലാം ഒരു ദൈവത്തിന്റെ മക്കളാണെന്നുമുള്ള സന്ദേശം അദ്ദേഹം പ്രചരിപ്പിച്ചു. ഹിന്ദു-മുസ്ലിം മതങ്ങളിലെ നല്ല ആശയങ്ങൾ എല്ലാവരും ഒരുപോലെ സ്വീകരിച്ച് സഹോദരങ്ങളെപ്പോലെ കഴിയണമെന്നും കബീർ ഉപദേശിച്ചു. താൻ ഹിന്ദുവോ മുസ്ലീമോ അല്ലെന്നും ദൈവസൃഷ്ടിയായ മനുഷ്യൻമാത്രമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. രണ്ടു മതങ്ങളിലേയും യാഥാസ്ഥിതികങ്ങളായഎല്ലാ ബാഹ്യാചാരങ്ങളെയും അദ്ദേഹം നിരാകരിച്ചു.

എഴുതാനും വായിക്കാനും അറിയില്ലെങ്കിലും തന്റെ ആശയങ്ങളും അന്തർദർശനങ്ങളും കാവ്യാത്മകമായ ഈണത്തിലും താളത്തിലും വീണമീട്ടി അദ്ദേഹം പാടിനടന്നു. പുരോഗമന ചിന്തയും ഭക്തിയും നിറഞ്ഞ മനോഹരങ്ങളായ ആ പാട്ടുകൾ ജനഹൃദങ്ങളെ ആഹ്ലാദിപ്പിച്ചു. ജനങ്ങൾ കബീറിനെ ഭക്ത്യാദരങ്ങളോടെ പിന്തുടരാൻ തുടങ്ങി. അവരിൽ പലരും അദ്ദേഹത്തിന്റെ ആരാധകരും ശിഷ്യരുമായി മാറി. അവരിൽ എഴുതാനും വായിക്കാനും അറിവുള്ളവരുണ്ടായിരുന്നു. അവർ കബീറിന്റെ ഉപദേശങ്ങളും ഗാനങ്ങളും കവിതകളും എഴുതി സൂക്ഷിക്കുകയും പകർത്തി പ്രചരിപ്പിക്കുകയും ചെയ്തു. അവയെല്ലാം സാമൂഹിക നവോത്ഥാനത്തിനു വെളിച്ചം പകരുന്നവയായിരുന്നു. ക്രമേണ അദ്ദേഹത്തിന്റെ കവിതകളെല്ലാം ഹിന്ദി സാഹിത്യത്തിലെ വിലമതിക്കാനാകാത്ത മുത്തുകളും രത്നങ്ങളുമായി അംഗീകരിക്കപ്പെട്ടു.

**എഴുതാനും വായിക്കാനും അറിയില്ലെങ്കിലും തന്റെ ആശയങ്ങളും അന്തർദർശനങ്ങളും കാവ്യാത്മകമായ ഈണത്തിലും താളത്തിലും വീണമീട്ടി അദ്ദേഹം പാടിനടന്നു. പുരോഗമന ചിന്തയും ഭക്തിയും നിറഞ്ഞ മനോഹരങ്ങളായ ആ പാട്ടുകൾ ജനഹൃദങ്ങളെ ആഹ്ലാദിപ്പിച്ചു. ജനങ്ങൾ അദ്ദേഹത്തിന്റെ ആരാധകരും ശിഷ്യരുമായി മാറി.**

കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ പള്ളിയും ക്ഷേത്രവുമൊന്നും ദൈവത്തിന്റെ യഥാർഥ ഇരിപ്പിടങ്ങളല്ലെന്നും സ്നേഹവും സത്യവും നീതിയും പുലരുന്ന നിർമലമായ മനുഷ്യഹൃദയങ്ങളിലാണ് ദൈവം കുടികൊള്ളുന്നതെന്നും കവിതയിലൂടെ ഉദ്ബോധിപ്പിച്ചു.

*'ഉപവസിക്കില്ല, പുണ്യാഹ*
*മന്ത്രങ്ങളുരുവിടാറില്ല*
*തീർഥാടനങ്ങളിൽ*
*മനുജമാനസക്ഷേത്രങ്ങ*
*ളിൽ സ്വയം പണിതുയർത്തി*
*ഞാൻ മെക്കയും കാശിയും'*-
എന്ന് കബീർ പാടി.

15-ാം നൂറ്റാണ്ടിൽ നാട്ടിൽ നിലനിന്നിരുന്ന എല്ലാവിധ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അദ്ദേഹം നിശിതമായി എതിർത്തു. ബിംബാരാധനയുടെ നിരർഥകതയെ അദ്ദേഹം ഇങ്ങനെ പരിഹസിച്ചു.

*'പൂജിക്കും ശില ഈശ്വരനെങ്കിൽ*
*ശൈലത്തെ പൂജിക്കും ഞാൻ;*
*അതിലും ഭേദം തിരികല്ലത്രെ,*
*പൊടിച്ചുഭക്ഷിക്കാമല്ലോ!'*

സ്നേഹമാണ് ദൈവത്തിന്റെ ഏറ്റവും മഹനീയമായ അനുഗ്രഹമെന്നും അതാണു ലോകത്തെയും പ്രപഞ്ചത്തെയും നിലനിർത്തുന്ന ഏറ്റവും വലിയ അത്ഭുതശക്തിയെന്നും കബീർ പറഞ്ഞു. എന്നാൽ അത് സമ്പൂർണ സമർപ്പണത്തിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂവെന്നും അതിന് നിസ്തുലമായ ത്യാഗം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*“പ്രേമം പൂന്തോട്ടത്തിൽ*
*മുളയ്ക്കാ*
*ചന്തയിൽ വില്ക്കയുമില്ലല്ലോ*
*രാജാവാട്ടേ, പ്രജയാട്ടേ*
*നേടാൻ തൻതലനൽകേണം!”*
എന്ന് അദ്ദേഹം പാടി.

ഹിന്ദു-മുസ്ലീം ഐക്യവും മാനവസ്നേഹവും ഉദ്ഘോഷിക്കുന്നതിന് കബീർ സ്ഥാപിച്ചമതമാണ് 'സന്ത്മതം.' അരൂപിയും സർവവ്യാപിയുമായ നിർഗുണ പരബ്രഹ്മത്തെയാണ് ദൈവമായി കബീർ സങ്കൽപ്പിച്ചത്. അത് ശുദ്ധവും കേവലവുമായ ജ്ഞാനത്തിന്റെയും പരമാനന്ദത്തിന്റെയും ഉറവിടമാണ്. ഭക്തരുടെ മനസ്സിൽ പുഷ്പസുഗന്ധംപോലെ അതു നിറഞ്ഞ് ആനന്ദകരമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കബീറിന്റെ കൃത്യവും വിശദവുമായ ജീവചരിത്രം ലഭ്യമല്ല. 1440 ൽ കാശിയിലെ ഒരു ഗ്രാമത്തിൽ ജനിച്ച കബീർ 1518 ൽ മഗ്ഹർ എന്ന ദേശത്തു വച്ചു ചരമമടഞ്ഞു എന്നാണ് കണക്കാക്കപ്പെടുന്നത്. ഭാരതത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രാരംഭകരിൽ പ്രമുഖനായ കബീറിന്റെ മതദർശനങ്ങൾ ആധുനികകാലത്തും ഏറെ പ്രസക്തം തന്നെയാണ്.

മനുഷ്യന്റെ അന്തർദർശനങ്ങളുടെ പ്രഭാവംകൊണ്ട് ലോകത്തെ പ്രകാശമാനമാക്കാൻ നിരക്ഷരത ഒരു വിലങ്ങല്ല എന്നു തെളിയിച്ച, സോക്രട്ടീസിനെപ്പോലുള്ള മറ്റൊരു ഭാരതീയപ്രതിഭാശാലിയായിരുന്നു ഭക്തകവി കബീർദാസ്.



# പുതുമഴയിൽ


ജനാർദ്ദനൻ പള്ളിക്കുന്ന്



വാനത്താരോ തുടികൊട്ടി
മേഘം കെട്ടിയ ചിറപൊട്ടി
മഴവന്നേ, പുതുമഴവന്നേ
അരയാലിലകൾ കൈമുട്ടി
കത്തിക്കാളും മണ്ണിൻ ചുണ്ടിന്
മൊത്താൻ ദാഹജലം കിട്ടി
കണ്ണുതുറക്കും കുഞ്ഞിപ്പൂവിന്
പൊന്നിൻ ചേലൊരു ചിരിപൊട്ടി
പാട്ടുംനിർത്തിപ്പോയോരാറിന്
പാടാൻ പുത്തൻ വരികിട്ടി
പാടം നീന്തിക്കയറിയ കാറ്റിന്
പകരാൻ കുളിരിൻ തരികിട്ടി
കുസൃതിത്തോടിന്നയ്യയ്യാ
കുണുങ്ങിയോടാൻ വഴികിട്ടി
ഇക്കര നിൽക്കുമെറുമ്പിനിറങ്ങി
അക്കരപോകാൻ വഴിമുട്ടി.

വര: ബോബി എം പ്രഭ






# ജുറാസിക് പാർക്ക്

**എൻ എസ് അരുൺകുമാർ**

**വളരെയധികം വിമർശനങ്ങൾ ഏറ്റുവാങ്ങിയ കൃതിയായിരുന്നു അമേരിക്കൻ നോവലിസ്റ്റായ മൈക്കേൽ ക്രിറ്റൺ എഴുതിയ ജുറാസിക് പാർക്ക്. സംഭവിക്കാൻ യാതൊരു സാധ്യതയുമില്ലാത്ത ഒരു കാര്യത്തെയാണ് ക്രിറ്റൺ അവതരിപ്പിക്കുന്നത് എന്നായിരുന്നു വിമർശം. പക്ഷേ, ഇത്തരം വിമർശനങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു ജുറാസിക് പാർക്ക് നേടിയ വിൽപ്പന വിജയം. അതേ പേരിൽ പുറത്തുവന്ന ചലച്ചിത്രം ആ വിജയം ഇരട്ടിയാക്കുകയും ചെയ്തു.**

ജുറാസിക് പാർക്ക് എന്ന ചലച്ചിത്രത്തെക്കുറിച്ച് കേൾക്കാത്തവരുണ്ടാവില്ല. 1990 ജൂൺ 11 നാണ് ജുറാസിക് പാർക്ക് എന്ന സിനിമ ആദ്യമായി തീയേറ്ററുകളിലെത്തിയത്. ജുറാസിക് പാർക്കിന്റെ 25-ാം വാർഷികമാണ് 2018. ഒരു മൂന്നാം ഭാഗവുമായി ഈ വർഷം ജുറാസിക് പാർക്ക് നമ്മുടെ നാട്ടിൽ വീണ്ടുമെത്തുകയാണ്. അമേരിക്കൻ നോവലിസ്റ്റായ മൈക്കേൽ ക്രിറ്റൺ 1990 ൽ അതേപേരിൽ എഴുതപ്പെട്ട ശാസ്ത്രനോവലിനെ അടിസ്ഥാനമാക്കിയാണ് ജുറാസിക് പാർക്ക് എന്ന സിനിമ നിർമിക്കപ്പെട്ടത്. നമുക്ക് ആ നോവൽ ഒന്നു വായിച്ചുനോക്കാം.

ഒരുകാലത്ത് അതായത് ഇന്നേക്കും 200 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് മനുഷ്യർ ആവിർഭവിക്കും മുമ്പ് നമ്മുടെ ഈ ഭൂമിയെ അടക്കിവാണിരുന്നവരാണ് ദിനോസറുകൾ. ആകാരവും വലിപ്പവും കായികശക്തിയുംകൊണ്ട് അന്ന് ഭൂമുഖത്തുണ്ടായിരുന്ന ജീവികളെയെല്ലാം കടത്തിവെട്ടാൻ കഴിയുന്നവയായിരുന്നു ദിനോസറുകൾ. അങ്ങനെ ദിനോസറുകൾ ഭൂമിയിലെ ഏക അധീശവർഗമായി വിലസിയിരുന്ന കാലത്തെ ശാസ്ത്രജ്ഞർ വിളിക്കുന്ന പേ



മൈക്കേൽ ക്രിറ്റൺ

രാണ് ജുറാസിക് കൽപ്പം (Jurassic Period) എന്നത്. ഇന്നേക്കും 66 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ദിനോസറുകൾക്ക് സമ്പൂർണ വംശനാശം സംഭവിച്ചു.

ജനിതക എൻജിനീയറിങ്, ക്ളോണിങ് തുടങ്ങിയ നൂതന സങ്കേതങ്ങളുടെ സഹായത്തോടെ വംശനാശം സംഭവിച്ച ദിനോസർ വംശത്തെയാകെ ഒന്നൊന്നായി തിരികെയെത്തിക്കാൻ ശ്രമിക്കുന്ന ജോൺ ഹാമൺഡ് എന്നുപേരുള്ള ഒരു ശാസ്ത്രജ്ഞന്റെ കഥയാണ് ജുറാസിക് പാർക്ക്. ഭീമാകാരന്മാരായ ദിനോസറുകളെ കാണുന്നതും അവയുടെ വലിപ്പവും ആഹാരരീതിയുമൊക്കെക്കണ്ട് അതിശയിക്കുന്നതും കുട്ടികളുൾപ്പെടെയുള്ള കാണികൾക്ക് ഏറെ ആസ്വാദ്യകരമാവും എന്നദ്ദേഹം കരുതുന്നു. വൈദ്യുതി പ്രവഹിക്കുന്ന വേലികൾ കൊണ്ട് കെട്ടിയുയർത്തിയ ഒരു വലിയ തുറന്ന പാർക്കിലാണ് അദ്ദേഹം ദിനോസറുകളെ പാർപ്പിച്ചിരുന്നത്. ആ പാർക്കിന് ഒരു പേരുമിട്ടു. 'ജുറാസിക് പാർക്ക്.'

കോസ്റ്ററിക്കയിലെ ഇസ്‌ലാം നുബ്ളാർ (Isla Nublar) എന്ന ദ്വീപിലായിരുന്നു ഈ പാർക്ക് ഒരുക്കിയിരുന്നത്. അതുവരെ കാണാത്ത പല അത്ഭുതങ്ങളും പതിയിരിക്കുന്ന ആ പാർക്കിലേക്ക് അദ്ദേഹം രണ്ടു പേരെ ക്ഷണിക്കുന്നു. വംശനാശം വന്ന് മൺമറഞ്ഞുപോയ ജീവികളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ അഥവാ പാലിയന്റോളജിയിൽ ഗവേഷണം നടത്തുന്ന അലൻ ഗ്രാന്റിനെയും അദ്ദേഹത്തിന്റെ ബിരുദവിദ്യാർഥിനിയായ എല്ലി സാട്‌ലറേയും. ദ്വീപിലെത്തുന്ന അലനും സാട്‌ലറും അവിടെ വിഹരിക്കുന്ന മാനംമുട്ടുന്ന തലയും ഭീമാകാരമായ ഉടലുമുള്ള ദിനോസറുകളെ കണ്ട് വാ പൊളിച്ചുപോവുന്നു.

ജോൺ ഹാർമൺഡ് എന്നു പേരുള്ള ഒരു ശാസ്ത്രജ്ഞന്റെ ഉടമസ്ഥതയിലുള്ള ഇൻജെൻ എന്ന കമ്പനിയാണ് ക്ളോണിങ് സങ്കേതത്തിലൂടെ ദിനോസറുകളെ പുനഃസൃഷ്ടിച്ചത്. ദിനോസറുകളുടെ ചോര കുടിച്ചു ജീവിച്ചിരുന്ന പ്രാണികളിലൊന്നിന്റെ ഫോസിലിൽ നിന്നാണ് ദിനോസറുകളുടെ ക്ളോണിങ്ങിനാവശ്യമായ ഡി എൻ എ ശാസ്ത്രജ്ഞർ ശേഖരിച്ചത്. മരക്കറയിൽ പെട്ടുപോയ അത്തരമൊരു പ്രാണിയുടെ ശരീരത്തിൽ ദിനോസറിന്റെ ഡി എൻ എ യുടെ മിക്കവാറും ഭാഗങ്ങൾ ലഭ്യമായിരുന്നു. ഡി എൻ എ യിലെ നഷ്ടമായ ഭാഗങ്ങളെ തവളയുടെ ഡി എൻ എ ഉപയോഗിച്ച് ശാസ്ത്രജ്ഞർ പൂരിപ്പിച്ചു. അങ്ങനെയാണ് ദിനോസറുകൾ പിറന്നത്.

ഹാമൺഡിന്റെ ചെറുമക്കളുമൊന്നിച്ചാണ് അലനും സാട്‌ലറും ജുറാസിക് പാർക്ക് കാണാനിറങ്ങുന്നത്. വമ്പൻ ശരീരത്തിനുടമകളായ സസ്യഭുക്കുകളായ ദിനോസറുകൾ മുതൽ വലിപ്പത്തിൽ ചെറുതായ മാംസഭുക്കുകളായ ദിനോസറുകളേയും അവർ കണ്ടു. ഭീകരന്മാരിൽ ഭീകരനും ഭീമനുമായ (Tyrannosaurus rex)ടൈറാനോസോറസ് റെക്സ് എന്ന മാംസഭോജിയും അക്കൂട്ടത്തിലുണ്ടായിരുന്നു.

അതിനിടെ പാർക്കിന്റെ സുരക്ഷാസംവിധാനങ്ങളുടെ ചുമതലയുള്ള ഡെന്നിസ് നെഡ്രി എന്നയാൾ മറ്റൊരു കമ്പനിയായ ബയോസിൻ - നുവേണ്ടി ദിനോസർ മുട്ടകൾ മോഷ്ടിക്കാൻ ശ്രമിക്കുന്നു. അതിനായി കംപ്യൂട്ടർനിയന്ത്രിതമായ കവാടങ്ങളും വൈദ്യുതി പ്രവഹിക്കുന്ന വേലികളും പ്രവർത്തനരഹിതമാക്കുന്ന ഡെന്നിസ് പക്ഷേ, തന്റെ ഉദ്യമത്തിനിടയിൽ ദിനോസറുകളാൽത്തന്നെ കൊല്ലപ്പെടുന്നു. പാർക്കിനു പുറത്തിറങ്ങുന്ന ദിനോസറുകൾ പാർക്കിലെത്തിയ അതിഥികളെ ആക്രമിക്കുന്നു.



ജോൺ ഹാമൺഡിന്റെ നേതൃത്വത്തിൽ പാർക്കിലെ

ഉദ്യോഗസ്ഥർ കേടുവന്ന കംപ്യൂട്ടർ നിയന്ത്രിത സുരക്ഷാസംവിധാനങ്ങൾ നേരെയാക്കാൻ ശ്രമിക്കുന്നുവെങ്കിലും വൈദ്യുതി നിലച്ചുപോവുന്നതിനാൽ വീണ്ടും എല്ലാം കുഴപ്പത്തിലാവുന്നു. പരിക്കേൽക്കാതെ രക്ഷപ്പെടുന്ന അലനും കുട്ടികളും ബാക്കിയുള്ളവരും കോസ്റ്ററിക്കയുടെ എയർഫോഴ്സ് വിമാനത്തിൽ രക്ഷപ്പെടുന്നു. പാർക്കിനു പുറത്തിറങ്ങിയ ദിനോസറുകൾ കോസ്റ്ററിക്കയിലെ ജനങ്ങളെ ആക്രമിക്കുന്നു എന്ന വാർത്ത ഫ്ളാഷ് ചെയ്യുന്നതോടെയാണ് ജുറാസിക് പാർക്ക് എന്ന നോവൽ അവസാനിക്കുന്നത്.



പുറത്തിറങ്ങിയ സമയം വളരെയധികം വിമർശനങ്ങൾ ഏറ്റുവാങ്ങിയ കൃതിയായിരുന്നു ജുറാസിക് പാർക്ക്. സംഭവിക്കാൻ യാതൊരു സാധ്യതയുമില്ലാത്ത ഒരു കാര്യത്തെയാണ് ക്രിറ്റൺ അവതരിപ്പിക്കുന്നത് എന്നായിരുന്നു വിമർശം. ദിനോസറുകൾ വിഹരിക്കുന്ന ഒരു പാർക്ക് സൃഷ്ടിക്കപ്പെട്ടാൽ, ഒരു ജൈവവ്യവസ്ഥ എന്ന നിലയിൽ അത് അസ്ഥിരമായിരിക്കും എന്നുപറയുന്ന ഒരു കഥാപാത്രത്തെ ക്രിറ്റൺ തന്നെ സൃഷ്ടിച്ചിരുന്നു. ക്രമമില്ലായ്മയും അസ്ഥിരതയും മറ്റും വിഷയങ്ങളാവുന്ന കയോസ് സിദ്ധാന്തത്തെ (Chaos theorem) അടിസ്ഥാനമാക്കിയായിരുന്നു ഈ കഥാപാത്രം സംസാരിച്ചിരുന്നത്.

ഇതൊക്കെയും സാധാരണക്കാർക്ക് മനസ്സിലാവാത്തതും ഉയർന്ന ബുദ്ധിവ്യാപാരം ആവശ്യമുള്ളതാണെന്നും വിമർശകർ പറഞ്ഞു. മാത്രമല്ല, ദിനോസറുകളെ പുനഃസൃഷ്ടിക്കുക എന്നത് ദൈവത്തിനോടുള്ള വെല്ലുവിളിയാണെന്നും ചിലർ വാദിച്ചു. ജീവപരിണാമം എന്ന ആശയത്തെപ്പോലും അംഗീകരിക്കാത്തവരും ജുറാസിക് പാർക്കിനെ വിരോധത്തോടെയാണ് കണ്ടത്. പക്ഷേ, ഇത്തരം വിമർശനങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു ജുറാസിക് പാർക്ക് നേടിയ വിൽപ്പനവിജയം. അതേ പേരിൽ പുറത്തുവന്ന ചലച്ചിത്രം ആ വിജയം ഇരട്ടിയാക്കുകയും ചെയ്തു.



വംശനാശം സംഭവിച്ചുകഴിഞ്ഞ മാമത്തുകളെ തിരിച്ചുകൊണ്ടുവരാൻ ക്ളോണിങ് സങ്കേതവും ജനിതക എൻജിനീയറിങ്ങും പ്രയോജനപ്പെടുത്തുന്ന കാര്യം ശാസ്ത്രലോകം ഇപ്പോൾ പരിഗണിച്ചുവരികയുമാണ്. ശാസ്ത്രകഥകൾ എഴുതുന്നവരുടെ ഭാവനകൾ ഭാവിയാഥാർഥ്യങ്ങളിലേക്കുള്ള വാതായനങ്ങളാവുന്നവയാണെന്ന് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് നല്ല വായനക്കാരാവൂ. ശാസ്ത്രബോധമുള്ളവരാവൂ. ഭാവിയെ കൂടുതൽ അടുത്തറിയാനും സ്വന്തം ഭാവിയെ സ്വയം കരുപ്പിടിപ്പിക്കാനും അവ നിങ്ങളെ സഹായിക്കും.

# മരക്കുറ്റി

പ്രഭ

മരമായിരുന്നു ഞാൻ,
മണ്ണിന്ന് വരമായിരുന്നു ഞാൻ
മക്കൾക്ക് തണലായിരുന്നു ഞാൻ,
മതവൈരമില്ലാതെ മാനവ സൗഹൃദം
തളിരിട്ടു പുഷ്പിച്ച കുളിരായിരുന്നു ഞാൻ.

ഫലമായിരുന്നു ഞാൻ, വലയുന്ന-
വയറിന്നു മധുരമായ് നിറയുന്ന
കനിയായിരുന്നു ഞാൻ, കനിവിന്റെ
കിനിവായിരുന്നു ഞാൻ കൂട്ടുകാരേ.

വീടായിരുന്നു ഞാൻ,
കിളികൾക്കുറങ്ങുവാൻ, പുലരി-
ക്കുണർന്നവർ പാടുന്ന പാട്ടിന്നു
കൂട്ടായിരുന്നു ഞാൻ കൂട്ടുകാരേ.

നിറമായിരുന്നു ഞാൻ, പാരിന്റെ
പച്ചപ്പു മുഖമായിരുന്നു ഞാൻ, കൂട്ടുകാരേ.
പരിശുദ്ധ വായുവും പ്രാണനായ്-
പകരുവാൻ തളിരിട്ട തരുവായിരുന്നു-
ഞാൻ, കൂട്ടുകാരേ.

എരിയുന്ന വേനലിൽ കുടയായിരുന്നു ഞാൻ,
മഴയത്ത് മണ്ണിന്നു ബലമായിരുന്നു ഞാൻ,
മഴമേഘക്കൂട്ടത്തെ മാടി വിളിച്ചെന്റെ
മണ്ണിൽ പൊഴിക്കുവാൻ തുണയായി നിന്നു ഞാൻ

ഒരുപാടു ചെയ്തിട്ടും ഉപകാരമോർക്കാതെ,
ഒരുനാളിൽ വെട്ടിമുറിച്ചു, ഞാൻ കുറ്റിയായ്.
ഓർക്കുവിൻ, മരമൊന്ന് വെട്ടിമുറിക്കിൽ നാം
വയ്ക്കണം പല തൈകൾ പകരമായ് മക്കളേ
മഴയില്ലാ, മരമില്ലാ, മരുഭൂമിയാകാതെ
ധരണിയെ കാക്കാൻ മറക്കാതിരിക്കണം.



വര: ടി ആർ രാജേഷ്

കഥ

# സ്വിസ്സ് ബ്രൗൺ

**വീണ**

''അങ്ങനെ എന്റെ അപ്പൂപ്പനും ഒരു പശുവിനെ വളർത്തി.'' ഞാൻ എന്റെ മകന് അപ്പൂപ്പൻ പശുവിനെ വളർത്തിയ കഥ പറഞ്ഞുകൊടുത്തു. അപ്പൂപ്പൻ പശുവിനെ വളർത്താൻ കാരണമായ കഥയും ഞാൻ അവനുവേണ്ടി പറഞ്ഞു. ഒരു കഥ ചോദിച്ചുവന്ന അവന് അങ്ങനെ രണ്ടുകഥകൾ കിട്ടി. അവനു സന്തോഷമായി. നിങ്ങൾക്കും അങ്ങനെ തന്നെയല്ലേ?

ഒരിക്കൽ അപ്പൂപ്പന്റെ ഒരു ബന്ധുവിന്റെ വീട്ടിൽ നിന്നും ഒരു പശുവിനെ ആരോ മോഷ്ടിച്ചുകടത്തി. പഴത്തിൽ എന്തോ ലഹരി വച്ച് മയക്കിയാണ് കള്ളന്മാർ ആ പശുവിനെ കടത്തിയത്. ശാന്ത എന്നായിരുന്നു ആ പശുവിന്റെ പേര്. വളരെ ചെല്ലം കൊടുത്താണവർ ആ പശുവിനെ വളർത്തിയിരുന്നത്. പശുവിനെ നഷ്ടപ്പെട്ട വേദനയിൽ ആ വീട്ടുകാർ തളർന്നുകിടപ്പായി. ആ വിവരം അപ്പൂപ്പന്റെ അമ്മാവനെ അറിയിക്കാനായി അവർ ഒരാളുടെ പക്കൽ ഒരു കത്തു കൊടുത്തുവിട്ടു. കത്ത് ഇങ്ങനെയായിരുന്നു. ''ഞങ്ങളുടെ ശാന്തയെ ആരോ പിടിച്ചുകൊണ്ടുപോയി അവൾ ഒരിക്കലും തനിച്ച് എങ്ങോട്ടും പോകില്ല. ഞങ്ങൾ എല്ലാവരും ഇവിടെ വലിയ ദുഃഖത്തിലാണ്. അവിടെ മാമം കാലിച്ചന്തയുണ്ടല്ലോ. നിങ്ങളാരെങ്കിലും അവിടെ വരെ ഒന്നു പോയി നോക്കണം. ശാന്തയെ രക്ഷിക്കണം.''

കത്തുവായിച്ചു കഴിഞ്ഞയുടനെ അപ്പൂപ്പന്റെ അമ്മാവൻ മാമം കാലിച്ചന്തയിലേക്കു പുറപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ വളരെ പ്രധാനപ്പെട്ട കാലിച്ചന്തകളിലൊന്നായിരുന്നു അന്ന് മാമം ചന്ത. ഏറ്റവും നല്ല പശുക്കൾ ഇവിടെ വന്നുപൊയ്ക്കൊണ്ടിരിക്കും. പശുക്കളെ വിൽക്കാനും വാങ്ങാനുമായി നൂറുകണക്കിനാളുകൾ ദൂരസ്ഥലങ്ങളിൽ നിന്നുപോലും മാമം കാലിച്ചന്തയിൽ വരും. അപ്പൂപ്പന്റെ അമ്മാവൻ കാലിച്ചന്തയിലെത്തിയപ്പോൾ ആകെ കുഴഞ്ഞുപോയി. നൂറു കണക്കിന് പശുക്കളുണ്ടവിടെ പല



വര: ടി ആർ രാജേഷ്

ഇനത്തിൽപ്പെട്ടവ. എങ്ങനെ കണ്ടെത്തും ശാന്തയെ?

അപ്പൂപ്പന്റെ അമ്മാവൻ അവിടമാകെ ചുറ്റിനടന്നു കണ്ടു. കൂട്ടത്തിൽ ഒരു പശുവിനെ കണ്ടപ്പോൾ സംശയം തോന്നി. പശുവിന്റെ കണ്ണുകൾ ആകെ മയങ്ങിയിരിക്കുകയാണ്. വിൽക്കാൻ വന്ന രണ്ടാളുകൾ എത്രയും പെട്ടെന്ന് പശുവിനെ വിറ്റിട്ട് പോകാനുള്ള തിരക്കിലുമാണ്. അപ്പൂപ്പന്റെ അമ്മാവൻ പശുവിന്റെ അടുക്കലെത്തി ''ശാന്തേ'' എന്നു നീട്ടിവിളിച്ചു. പശു ''ഉംബ്വാ'' എന്നു നീട്ടി വിളികേട്ടു. നാട്ടുകാരെല്ലാവരും കൂടി വിരട്ടിയപ്പോൾ കള്ളന്മാർ ശാന്തയെ ഉപേക്ഷിച്ച് ഓടിപ്പോയി. അപ്പൂപ്പന്റെ അമ്മാവൻ ശാന്തയെയും കൊണ്ട് വീട്ടിലെത്തി. അവളെ ലോറിയിൽ കയറ്റി ഉടമസ്ഥരുടെ അടുത്തേക്ക് അയച്ചു.

അപ്പോഴാണ് അപ്പൂപ്പനും ഒരു ആഗ്രഹം തോന്നിയത്. ഇവിടെയും വളർത്താം ഒരു പശുവിനെ. അപ്പൂപ്പനപ്പോൾ നാലു മക്കളുണ്ട്. അവർക്ക് ഇഷ്ടംപോലെ പാലു കുടിക്കാമല്ലോ. അങ്ങനെ അപ്പൂപ്പൻ കുളത്തൂർ എന്ന സ്ഥലത്തു പോയി ഒരു പശുവിനെ വാങ്ങി. സ്വിസ്സ്ബ്രൗൺ ഇനത്തിൽപ്പെട്ട നല്ല തലയെടുപ്പുള്ള ഒരു പശുവായിരുന്നു അത്. പശുവിനെ നടത്തിക്കൊണ്ടു വന്നപ്പോൾ തന്നെ ആളുകൾ അവരുടെ വീടുകളിൽ നിന്നുമിറങ്ങി പശുവിനെ നോക്കി. അവർക്കിടയിലൂടെ ഒരു ചക്രവർത്തിയെപ്പോലെയാണ് അപ്പൂപ്പന്റെ പശു അന്നു നടന്നുപോയത്.

വീട്ടിൽ അപ്പൂപ്പൻ നല്ല വൃത്തിയും ഭംഗിയുമുള്ള ഒരു എരുത്തിൽ പണിതു. അവിടെയാണ് അപ്പൂപ്പന്റെ സ്വിസ്സ്ബ്രൗൺ പശുവിനെ കൊണ്ടുകെട്ടിയത്. അത് അവിടെ അയവിറക്കി നിന്നു. അമ്മൂമ്മയ്ക്കും ഈ പശുവിനെ ജീവനായിരുന്നു. പശുവിനു തിന്നാനായി ഹിന്റ്ലിവർ എന്നുപേരുള്ള കാലിത്തീറ്റ എത്തി. വീടിനുചുറ്റുമുള്ള പച്ചപ്പുല്ല് തിന്ന് സ്വിസ്സ് ബ്രൗൺ തടിച്ചുകൊഴുത്തു. അപ്പൂപ്പൻ സ്വിസ്സ് ബ്രൗണിന് പ്രത്യേകം പേരൊന്നും ഇട്ടില്ല. ഇടയ്ക്ക് 'സ്വിസ്സ്' എന്നുമാത്രം വിളിച്ചു.

> **അപ്പൂപ്പൻ കുളത്തൂർ എന്ന സ്ഥലത്തുപോയി ഒരു പശുവിനെ വാങ്ങി. സ്വിസ്സ്ബ്രൗൺ ഇനത്തിൽപ്പെട്ട നല്ല തലയെടുപ്പുള്ള ഒരു പശു. പശുവിനെ നടത്തിക്കൊണ്ടു വന്നപ്പോൾ തന്നെ ആളുകൾ അവരുടെ വീടുകളിൽ നിന്നുമിറങ്ങി പശുവിനെ നോക്കി. അവർക്കിടയിലൂടെ ഒരു ചക്രവർത്തിയെ പോലെയാണ് അപ്പൂപ്പന്റെ പശു അന്നു നടന്നുപോയത്.**

സ്വിസ്സ് നല്ല അനുസരണയുള്ള ഒരു പശുവായിരുന്നു. അതിനെ അഴിച്ചുകെട്ടാൻ ഒരു കൊച്ചുകുട്ടിക്കുപോലും പറ്റുമായിരുന്നു. അതിന് കുടിക്കാൻ ദിവസവും തൊട്ടിക്കണക്കിന് വെള്ളം വേണ്ടിവരും. ഇതിനെ കറക്കാൻ രാവിലെയും വൈകുന്നേരവും ഒരു കറവക്കാരൻ വരും. തലയിൽ കെട്ടും മുഖത്ത് കാക്കപ്പുള്ളിയുമൊക്കെയുള്ള ഒരു കറവക്കാരൻ എന്നു വേണമെങ്കിൽ വിചാരിച്ചോളൂ. അങ്ങനെ കുറേ നാളുകൾ കടന്നുപോയി. അപ്പൂപ്പനും അമ്മൂമ്മയ്ക്കും പ്രായമായി. അവർ സുഖക്കേടുകാരായി. മനസ്സില്ലാമനസ്സോടെയാണെങ്കിലും അപ്പൂപ്പൻ ഒരു തീരുമാനമെടുത്തു. സ്വിസ്സ് ബ്രൗണിനെ വിൽക്കാം. ഏറെ വേദനയോടെയാണ് അപ്പൂപ്പൻ ആ തീരുമാനമെടുത്തത്. സ്വിസ്സിനെ വാങ്ങാൻ രണ്ടുപേർ വന്നു.

''എനിക്ക് കെട്ടഴിച്ചു തരാൻ പറ്റില്ല. നിങ്ങൾതന്നെ അഴിച്ചു കൊണ്ടുപൊയ്ക്കോളൂ.'' അപ്പൂപ്പൻ മുറിക്കകത്തേക്കുപോയി. പശുവിനെ വാങ്ങാൻ വന്നവർ അതിന്റെ വില ഒരു പൊതിക്കുള്ളിൽ അപ്പൂപ്പനു കൊടുത്തു. ''എണ്ണി നോക്കിക്കൊള്ളൂ.'' അവർ പറഞ്ഞു. ''എനിക്കിനി പൈസ എണ്ണിനോക്കാൻ വയ്യ. അവിടെ വച്ചാൽ മതി.'' അപ്പൂപ്പൻ പറഞ്ഞു. പശുവുമായി അവർ നടന്നുനീങ്ങി. കുറച്ചു ദൂരം നടന്നതേയുള്ളൂ സ്വിസ്സ് ബ്രൗൺ കയറും വലിച്ച് അപ്പൂപ്പന്റെ അടുക്കലേക്ക് തിരിച്ചോടി. അപ്പൂപ്പൻ വേദനയോടെ വീട്ടിനുള്ളിലേക്ക് കയറിപ്പോയി. മനുഷ്യരെക്കാളും സ്നേഹം മൃഗങ്ങൾക്കാണെന്ന് അപ്പൂപ്പൻ അന്നു പറഞ്ഞു. പിന്നെ കുറേ നാളുകൾക്കു ശേഷം ഒരുദിവസം ഞാൻ അപ്പൂപ്പന്റെ മുറിയിൽ കയറിയപ്പോൾ അതാ അവിടെ ഇരിക്കുന്നു ഒരുപൊതി ഇനിയുമത് തുറന്നിട്ടില്ല.

''എന്താണ് ആ പൊതിയിൽ?'' ഞാൻ എന്റെ മകനോടു ചോദിച്ചു. ''പശുവിനെ വിറ്റപ്പോൾ അപ്പൂപ്പന് കിട്ടിയ പൈസയല്ലേ?'' അവൻ ചോദിച്ചു.

''പിന്നെ, എന്നാണ് അപ്പൂപ്പൻ ആ പൊതി തുറന്നത്?''

എനിക്കിപ്പോഴുമതറിയില്ല. പക്ഷേ ഒരുകാര്യം ഉറപ്പാണ്. ആ പൊതി തുറന്നപ്പോൾ അപ്പൂപ്പൻ സ്വിസ്സിനെ ഓർമിച്ചു കരഞ്ഞുകാണണം.

ഒരുകാര്യം പറയാൻ മറന്നുപോയി. കഥ തീർന്നുകഴിഞ്ഞ് അത് പറയുന്നതുകൊണ്ട് കുഴപ്പമില്ലല്ലോ അല്ലേ, അപ്പൂപ്പന്റെ പശുവിനാണ് ആ വർഷം കൃഷിവകുപ്പിന്റെ മികച്ച പശുവിനുള്ള അവാർഡ് കിട്ടിയത്. സമ്മാനമായി കിട്ടിയ ചരുവം ഞങ്ങളുടെ അടുക്കളയിൽ ഒരു പാട് നാളുണ്ടായിരുന്നു. കഥ കേട്ടുകഴിഞ്ഞ് എന്റെ മകൻ കൂട്ടുകാർക്കൊപ്പം പന്തു കളിക്കാൻ പുറത്തുപോയി. അവനിന്ന് ഈ കഥ കൂട്ടുകാരോട് പറയും തീർച്ച. നിങ്ങളോ?



# ആമപുരാണം



ഡോ. എ സി ഫെർണാണ്ടസ്

**ഉരഗവർഗത്തിൽപ്പെട്ട പുറംതോടുള്ള ഒരു ജീവിയാണ് ആമ. നട്ടെല്ലുള്ള ഉരഗജീവികളിൽ വച്ച് ആമയ്ക്കാണ് ആയുർദൈർഘ്യത്തിൽ റിക്കാർഡ്. 150 വർഷം വരെ ജീവിച്ചിരിക്കുന്ന ആമകൾ ലോകത്തിലുണ്ട്. ഇരുന്നൂറിലധികം വർഗഭേദങ്ങളിൽ കണ്ടുവരുന്ന ആമകളെ കരയാമ (ടോർട്ടോയിസ്), ശുദ്ധജലയാമ (ടെറാപിൻസ്), കടലാമ (ടർട്ടിൽസ്) എന്നിങ്ങനെ പൊതുവായി തരംതിരിച്ചിരിക്കുന്നു.**

ആമയെക്കണ്ടാൽ നിന്നു നോക്കാത്തവരുണ്ടോ? നട്ടെല്ലുള്ള ഉരഗജീവികളിൽ വച്ച് ആമയ്ക്കാണ് ആയുർദൈർഘ്യത്തിൽ റിക്കാർഡ്. 150 വർഷംവരെ ജീവിച്ചിരിക്കുന്ന ആമകൾ ലോകത്തിലുണ്ട്. ഇരുന്നൂറിലധികം വർഗഭേദങ്ങളിൽ കണ്ടുവരുന്ന ആമകളെ കരയാമ (ടോർട്ടോയിസ്), ശുദ്ധജലയാമ (ടെറാപിൻസ്), കടലാമ (ടർട്ടിൽസ്) എന്നിങ്ങനെ പൊതുവായി തരംതിരിച്ചിരിക്കുന്നു. മൂന്നു മീറ്ററോളം നീളവും 250 കിലോഗ്രാം ഭാരവുമുള്ള ആമകൾ തുടങ്ങി 5 സെന്റിമീറ്റർ നീളവും 500 ഗ്രാം ഭാരവുമുള്ള ആമകൾ വരെ ഇക്കൂട്ടത്തിലുൾപ്പെടുന്നു. ഇരുന്നൂറ് മില്യൺ വർഷങ്ങളായിട്ടും ആമക്കുടുംബങ്ങൾക്ക് രൂപവും ഭാവവും വന്നിട്ടില്ലെന്ന് ജന്തുശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

ആമയുടെ ശരീരം ഒരു കട്ടികൂടിയ കവചം കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. മുകൾഭാഗത്തെ കവചത്തെ കരപ്പേസ് എന്നും അടിഭാഗത്തെ കവചത്തിന് പ്ലാസ്റ്ററോൺ എന്നും പറയുന്നു. പുറന്തോടുകളിലുള്ള പഴുതുകളിലൂടെ തല, കഴുത്ത്, വാൽ, കൈകാൽ എന്നീ ശരീരഭാഗങ്ങൾ പുറത്തേക്കിടാനും അക

ത്തേക്കു വലിക്കാനും സാധിക്കുന്ന രീതിയിലാണ് ശരീരഘടന. ചില ആമകളുടെ കഴുത്തിന് അവയുടെ ശരീരത്തിന്റെ പകുതിയോളം നീളമുണ്ടാവും. പാമ്പുകഴുത്തന്മാരെന്ന് ഇക്കൂട്ടർ അറിയപ്പെടുന്നു. കടലാമകൾ ആഫ്രിക്ക, വടക്കേഅമേരിക്ക, ഏഷ്യ എന്നിവിടങ്ങളിൽ കാണപ്പെടുമ്പോൾ കരയാമകൾക്ക് ആഫ്രിക്കയാണ് പ്രസിദ്ധി നേടിയിട്ടുള്ളത്. കരയാമകളായാലും കടലാമയായാലും ജീവിതത്തിന്റെ ചില ദശകൾ കടലിലും കരയിലും ആയിട്ടാണ് പൂർത്തിയാക്കുക എന്നു കാണാം.

ചെടികൾ, പുഴുക്കൾ, ഷഡ്പദങ്ങൾ, ഒച്ചുകൾ, സ്ളഗ്ഗുകൾ, ഞണ്ടുകൾ, തോടിന് കട്ടികുറഞ്ഞ ചിപ്പികൾ എന്നിവയാണ് ആമയുടെ മുഖ്യ ആഹാരം. മത്സ്യങ്ങളും ചെറു സസ്തനികളും കടൽപ്പക്ഷികളും ആമയുടെ ഭക്ഷണവസ്തുക്കളായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പല്ലുകൾക്ക് പകരം പ്രകൃതി നൽകിയിട്ടുള്ള ബലിഷ്ഠങ്ങളായ മോണകൾകൊണ്ടാണ് ആമകൾ ഭക്ഷണം പിടിക്കുകയും മുറിക്കുകയും ചവയ്ക്കുകയും ചെയ്യുന്നത്.

ആമകളിൽ മിക്കവർഗക്കാരും പ്രായപൂർത്തിയാകുവാൻ 10 വർഷത്തിലേറെക്കാലം എടുക്കുന്നു എന്നു കരുതപ്പെടുന്നു. കരയാമകൾ കൂടുതലും ഉഷ്ണമേഖലാ പ്രദേശങ്ങളിലായതുകൊണ്ടാവാം, മുട്ടയിൽ നിന്നു വിരിയുന്നതും, വളർച്ചപ്രാപിക്കലും, ഇണചേരലും, മുട്ടയിടലും എല്ലാം അവ ജീവിക്കുന്ന ദേശത്തുതന്നെ നടത്തുന്നത്. കടലാമകളുടെ കാര്യത്തിലാണെങ്കിൽ ഇതെല്ലാം വിഭിന്നമാണുതാനും. ഉഷ്ണമേഖലയിലും ഉപോഷ്ണമേഖലയിലും കണ്ടുവരുന്ന കടലാമകളിൽ, ഉപോഷ്ണമേഖലയിലുള്ളവ പ്രായപൂർത്തിയാകുന്നതോടെ ഉഷ്ണമേഖലയിലേക്ക് യാത്രതിരിക്കും. ഈ യാത്രയ്ക്കിടയിൽ ഇണതേടലും അനുനയനക്രീഡകളും സംയോഗങ്ങളും ഇടകലർന്ന് നടക്കുന്നു. ഇത്തരം യാത്രകളിൽ ആയിരത്തിലേറെ കിലോമീറ്ററുകൾ ആമകൾ സഞ്ചരിക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഉഷ്ണമേഖലാ പ്രദേശങ്ങളിലെത്തുന്ന ആമകൾ മുട്ടയിടുന്നതിന് യോജിച്ച കടൽത്തീരങ്ങൾ കണ്ടെത്തുന്നു. തിരഞ്ഞെടുത്ത കടൽത്തീരങ്ങളിൽ വേലിയേറ്റസമയത്തു ജലനിരപ്പുയരുന്നതിനും മുകളിലായി മാത്രം കുഴികളെടുത്ത് മുട്ടയിടാനുള്ള കൂടുകൾ ആമകളുണ്ടാക്കുന്നു. പെണ്ണാമകൾ പുറംകാലുകൾകൊണ്ട് ഉണ്ടാക്കുന്ന ഇത്തരം കുഴികൾക്ക് ഒരടിമുതൽ മൂന്നടിവരെ താഴ്ചയുണ്ടായിരിക്കും. പത്ത്– പതിനാല് ദിവസം ഇടവിട്ട് മൂന്നോ നാലോ പ്രാവശ്യം ഓരോ പെണ്ണാമയും മുട്ടയിടാറുണ്ട്. ഓരോ കുഴിയിലും 40 തുടങ്ങി 50 വരെ മുട്ടകൾ കണ്ടെന്നിരിക്കും. മുട്ടയിട്ടശേഷം കുഴിമൂടാനും അവ ശ്രമിക്കാറുണ്ട്. മുട്ടയിടൽ പ്രക്രിയ പൂർത്തിയായി ക്കഴിഞ്ഞാൽ ആമകൾ തങ്ങൾ പുറപ്പെട്ട ഉപോഷ്ണമേഖലാ പ്രദേശങ്ങളിലേക്ക് മടക്കയാത്രയാരംഭിക്കും. ചിലയിനം പക്ഷികളിലും മത്സ്യങ്ങളിലും കാണുന്ന ദേശാടനങ്ങളോട് ഏറെ സാദൃശ്യമുള്ളതാണ് ചില ആമവർഗങ്ങളുടെ യാത്രകളും.

ആമമുട്ട വിരിയാൻ അറുപത്തിയഞ്ചിലേറെ ദിവസങ്ങൾ വേണ്ടിവരും എന്നു കണക്കാക്കപ്പെടുന്നു. മുട്ടയിൽ നിന്നും വിരിയുന്നതോടെ കുഞ്ഞുങ്ങൾ മണ്ണുനീക്കി പുറത്തുവരാറില്ല എന്നതാണ് പുതിയ അറിവ്. മുട്ടയ്ക്ക് പുറത്തുവന്ന കുഞ്ഞുങ്ങൾ എന്തോ ഒരു ''അടയാളത്തിനായി'' കാത്തിരിക്കുന്നു? പെട്ടെന്ന് മണ്ണുമാറ്റി പുറത്തുവരുന്ന അവ കടലിനടുത്തേക്ക് ഇഴഞ്ഞും മറിഞ്ഞും വളരെ വേഗത്തിൽ നീങ്ങുന്നു. ഓരോ കുഞ്ഞും ഈ യാത്രയ്ക്കിടയിൽ അൽപ്പനേരം എന്തോ ശ്രദ്ധിക്കാനെന്നപോലെ നിൽക്കുന്നതായും ഒരു പഠനം രേഖപ്പെടുത്തുന്നു. വെളിച്ചത്തിന്റെ ശക്തിയിലെ മാറ്റങ്ങളാണോ? കാറ്റിലെ ശബ്ദവ്യത്യാസങ്ങളാണോ? ഭൂമിയിലുണ്ടാകുന്ന പ്രകമ്പനങ്ങളാണോ? കടൽത്തീ



രത്തിന്റെ ഊഷ്മാവിലുണ്ടാകുന്ന പ്രത്യേക വ്യതിയാനങ്ങളാണോ? ഈ കുഞ്ഞുങ്ങളെ മണ്ണുമാറ്റി പുറത്തുവരാൻ പ്രേരിപ്പിക്കുന്നതെന്ന് ഇനിയും തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നടത്തിയ നിരീക്ഷണങ്ങൾ ഒരു കാര്യം വ്യക്തമാക്കി. കടൽത്തീരങ്ങളിലൂടെ കടന്നുപോകുന്ന ദേശീയ പാതകൾ, വ്യവസായശാലകൾ എന്നിവ മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെ വഴി തെറ്റിക്കുന്നു. അവ കടലിലേക്ക് ഓടിയിറങ്ങുന്നതിനു പകരം ദേശീയ പാതയിലേക്കും വ്യവസായശാലകളുടെ സമീപത്തേക്കും ഓടിക്കയറി നശിച്ചുപോകുന്നതായി കാണാൻ സാധിച്ചു.

കടലിലേക്കിറങ്ങുന്ന ആമക്കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കൾ എവിടെ നിന്നുവന്നോ അങ്ങോട്ടുള്ള യാത്ര ആരംഭിക്കുകയാണ്. അവ തങ്ങളിൽ ശേഷിച്ചിരിക്കുന്ന 'മഞ്ഞക്കരുവിൽ' നിന്നും ഊർജം ശേഖരിച്ച് വളരുകയും ആദ്യനാളുകൾ തള്ളിനീക്കുകയും ചെയ്യുന്നു. വളരുന്നതോടൊപ്പംതന്നെ നീന്തിയും തുടിച്ചും കടലിനുള്ളിലേക്ക് അമ്പതു കിലോമീറ്ററോളം ചെന്നെത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കടലിൽ ഒഴുകിനടക്കുന്ന സർഗാസം എന്ന കടൽപ്പൊങ്ങു ചെടികൾ ചങ്ങാടംപോലെ കെട്ടുപിണഞ്ഞു കിടക്കുക സർവസാധാരണമാണ്. ഇത്തരം ചങ്ങാടങ്ങൾ ആമക്കുഞ്ഞുങ്ങൾ മാതൃതീരത്തേക്കുള്ള യാത്രയ്ക്ക് ഉപയോഗിക്കാറുണ്ട്. ഇത്തരം ചങ്ങാടങ്ങൾ ചെറുമീനുകളുടെയും ഞണ്ടുകളുടെയും കടൽച്ചെടികളുടെയും വാസസ്ഥലങ്ങളായതുകൊണ്ട് ആമകൾക്ക് ഭക്ഷണത്തിന് ബുദ്ധിമുട്ടേണ്ടി വരുന്നില്ല.

**ആമകൾക്ക് ശത്രുക്കൾ ഏറെയില്ലെന്നാണ് സംസാരമെങ്കിലും മനുഷ്യനാണ് യഥാർഥ ശത്രു എന്നു പറയാം. മറ്റു ശത്രുക്കളെല്ലാം സ്വന്തം വിശപ്പടക്കാനും നിലനിൽപ്പിനുംവേണ്ടി ആമമുട്ടകൾ ഭക്ഷിക്കുകയും ആമയെ വേട്ടയാടുകയും ചെയ്യുമ്പോൾ മനുഷ്യൻ വിശപ്പടക്കാൻ മറ്റു നൂറു മാർഗങ്ങളുണ്ടായാലും ആമയിറച്ചി, ആമസൂപ്പ്, ആമമുട്ട, ആമത്തോട് എന്നിവയ്ക്കായി ആമകൾക്ക് കെണിയൊരുക്കുന്നു.**

കാഴ്ചശക്തിയും ഘ്രാണശക്തിയും ഉള്ള ആമകൾക്ക് ശ്രവണശക്തിയും ശബ്ദമുണ്ടാക്കാനുള്ള കഴിവും ഇല്ല എന്നാണ് ഇന്നുവരെയുള്ള അനുമാനങ്ങൾ. എന്നാൽ സംയോഗവേളയിലും മുട്ടയിടുന്ന അവസരങ്ങളിലും ആമകൾ വിവിധ തരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതായി ആധുനികപഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മുട്ടയിട്ടശേഷം ചിലയിനം ആമകൾ ദുർഗന്ധമുള്ള സ്രവങ്ങൾകൊണ്ട് അവയെ ലേപനം ചെയ്യുന്നതായും കണ്ടിട്ടുണ്ട്. ശത്രുക്കളെ മുട്ടയെടുക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാനാവും ഈ വിദ്യ എന്നു കരുതുന്നു.

ആമകൾക്ക് ശത്രുക്കൾ ഏറെയില്ലെന്നാണ് സംസാരമെങ്കിലും മനുഷ്യനാണ് യഥാർഥ ശത്രു എന്നു പറയാം. മറ്റു ശത്രുക്കളെല്ലാം സ്വന്തം വിശപ്പടക്കാനും നിലനിൽപ്പിനുംവേണ്ടി ആമമുട്ടകൾ ഭക്ഷിക്കുകയും ആമയെ വേട്ടയാടുകയും ചെയ്യുമ്പോൾ മനുഷ്യൻ വിശപ്പടക്കാൻ മറ്റു നൂറു മാർഗങ്ങളുണ്ടായാലും ആമയിറച്ചി, ആമസൂപ്പ്, ആമമുട്ട, ആമത്തോട് എന്നിവയ്ക്കായി ആമകൾക്ക് കെണിയൊരുക്കുന്നു. അതിനും പുറമെ മനുഷ്യനിർമിതമായ പുരോഗതിയുടെ പാർശ്വഫലങ്ങളായ മലിനീകരണം, കടൽത്തീരങ്ങളുടെ അഭിവൃദ്ധിപ്പെടുത്തൽ എന്നിവകാരണം വളരെ അധികം ആമക്കുഞ്ഞുങ്ങൾ മരണമടയുന്നു. ഏറെത്താമസിച്ചിട്ടാണെങ്കിലും ആമകളെ സംരക്ഷിക്കാൻ ഉള്ള ആഹ്വാനം ലോകത്ത് മുഴങ്ങിക്കേട്ടുക്കഴിഞ്ഞിരിക്കുന്നു.



*(മേയ് 23 ലോക ആമദിനമായിരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ആമകളെ സംരക്ഷിക്കുക എന്നതാണ് ഈ ദിനം കൊണ്ട് ലക്ഷ്യമിടുന്നത്.)*

# ആ ആപ്പിൾ തിന്നൂ

**പള്ളിയറ ശ്രീധരൻ**

കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

| | |
|---|---|
| SIXTY+ | 87059+ |
| EIGHT | 27345 |
| THREE | 54622 |
| NINE | 1712 |
| TEN | 521 |
| NINETY | 171259 |

| | |
|---|---|
| ELEVEN+ | 505153+ |
| THREE | 69755 |
| THREE | 69755 |
| ONE | 235 |
| ONE | 235 |
| ONE | 235 |
| TWENTY | 645368 |

| | |
|---|---|
| SEVEN+ | 87674+ |
| THREE | 12377 |
| FIVE | 5067 |
| FIVE | 5067 |
| FIVE | 5067 |
| FIVE | 5067 |
| THIRTY | 120319 |

| | |
|---|---|
| EIGHTEEN+ | 29716228+ |
| EIGHTEEN | 29716228 |
| THREE | 61322 |
| THREE | 61322 |
| NINE | 8982 |
| FIFTYONE | 59564082 |

palliyarasreedharan@gmail.com

# നെയ്യൊഴുക്കിയ കാളിന്ദി

പി കെ സുധി

നെയ്യാറ് എന്നൊരു നദിയുണ്ട്. സഹ്യ പർവതത്തിൽ നിന്നും ഒഴുകി യൊഴുകി അത് അറബിക്കട ലിൽ പതിക്കുന്നു. ഈ നദി യെപ്പറ്റിയുള്ളൊരു ഐതിഹ്യം പറയാം.

പണ്ട് ഈ നദിയിൽ വെള്ള മുണ്ടായിരുന്നില്ല. കിഴക്കുള്ള മഹാപർവതം ചുരത്തിക്കൊ ടുക്കുന്ന നെയ്യുമായാണ് ജന ങ്ങളെ കാണാൻ പുഴയെത്തി യിരുന്നത്. നേരം പുലരുമ്പോൾ അമ്മമാരും കുഞ്ഞുങ്ങളും പാത്രങ്ങളുമായി നെയ്യാറിന്റെ കരയിലെത്തും. ഇരുകരകളും മുട്ടിയൊഴുകുന്ന പ്രവാഹത്തിൽ നിന്നും കോരിയെടുത്ത നെയ്യു മായി അവർ വീടുകളിലേക്ക് നടക്കും. തങ്ങൾക്ക് ആവശ്യ മുള്ളത്ര മാത്രം നെയ്യേ അവർ നദിയിൽ നിന്നും പകർന്നെ ടുത്തിരുന്നുള്ളൂ. ഒരു തുള്ളി പോലും തുളുമ്പിക്കളയാൻ പാടില്ല. ജനങ്ങളെല്ലാം ഏറെ കരുതലോടെ പെരു മാറി.

അന്നൊക്കെ നാ ട്ടിൽ സമൃദ്ധി വിള ഞ്ഞിരുന്നു. ഒരിടത്തും പട്ടിണിയും പരിവട്ട വുമില്ല. ഗ്രാമഗ്രാമാന്ത രങ്ങളിലെ വീടു കളിൽ നിന്നും നെയ്യിൽ പാചകം ചെയ്ത ഭക്ഷണ



ത്തിന്റെ മണം പൊന്തി. നെയ്യുതേച്ചു കുളിക്കുന്നതിനാൽ കുട്ടികളെല്ലാം സുന്ദരികളും സുന്ദരന്മാരുമായിരുന്നു. രാത്രിയിൽ അവിടെമ്പാടും നെയ്‌വിളക്കുകൾ പ്രകാശംചൊരിഞ്ഞു. സന്തോഷംതുളുമ്പിയ നാളുകളായിരുന്നു അത്.

നാട്ടുകാരുമായി നെയ്യാറിന് അന്നൊരു കരാറുണ്ടായിരുന്നു. ഓരോരുത്തരും അവർക്കാവശ്യമായ നെയ്യുമാത്രമേ നദിയിൽ നിന്നുമെടുക്കാൻ പാടുള്ളൂ. ഒരുതുള്ളിപോലും അമിതമാകരുത്. തങ്ങളുടെ ജീവനെ പോറ്റുന്ന നദിയുടെ വാക്കുകൾ തുള്ളിതെറ്റിക്കാതെ അവരനുസരിച്ചു. അമ്മമാരിലൂടെ ഈ പ്രതിജ്ഞ അടുത്ത തലമുറകളിലേക്ക് പകർന്നു.

ഒരുദിവസം അന്യനാട്ടുകാരിയായ ഒരു വീട്ടമ്മ നെയ്യാറിന്റെ കരയിലേക്കു വന്നു. എന്തു ചന്തമുള്ള പുഴ! അതിലൂടെ ഒഴുകുന്നത് വെള്ളമല്ലെന്നറിഞ്ഞ് അവർ അമ്പരന്നുപോയി. നെയ്യൊഴുകുന്ന പുന്നാരപ്പുഴയുടെ വക്കത്ത് മൂക്കിൽ വിരൽവച്ചു അതിശയിച്ചുനിന്നു. കാറ്റിലൂടെ പരക്കുന്ന നറുനെയ്മണത്തെ കൊതിയോടെ വീണ്ടുംവീണ്ടും ഉള്ളിലേക്കു വലിച്ചെടുത്തു.

ഈ നാട്ടുകാരിത്ര മണ്ടന്മാരായിപ്പോയല്ലോ! അവളുടെ ചിന്തകൾ അങ്ങനെയൊക്കെയായിരുന്നു.

ഇവർക്ക് നാളെയെക്കുറിച്ചൊരു വിചാരവുമില്ല. നാളെയീ പുഴയിലെ നെയ്യൊഴുക്ക് നിലച്ചാലോ? ഇതുമുഴുവനും വെള്ളമായിമാറിയാൽ ഇവരെന്തു ചെയ്യും? കുഞ്ഞുപാത്രങ്ങളിൽ നെയ്യുമായി നീങ്ങുന്നവരെക്കണ്ട് അവളുള്ളിൽ ചിരിച്ചു. തിരുമണ്ടന്മാർ.

ചുമ്മാതെ കിട്ടുന്നതല്ലേ! കുറെയധികം നെയ്യ് കരുതിവയ്ക്കണം. പാതിരാനേരത്ത് ജനങ്ങളെല്ലാം ഉറങ്ങിയപ്പോൾ വണ്ടിയിൽ വലിയ വീപ്പകളുമായി ഒച്ചയുണ്ടാക്കാതെ നദിക്കരയിൽ അവളെത്തി.

പിറ്റേന്നു നേരം പുലർന്നു. ഇന്നു രാത്രിയാകട്ടെ പുഴയോരത്തേക്ക് വീണ്ടും പോകണം. വീട്ടിലെ എല്ലാ പാത്രങ്ങളിലും നെയ്യു നിറയ്ക്കണം. അത്യാഗ്രഹിയായ ആ സ്ത്രീ വീപ്പകളുടെയടുത്തേക്ക് ഓടി. ആവേശത്തോടെ അവൾ പാത്രങ്ങൾ തുറന്നുനോക്കി. രാത്രി മുറ്റത്തിറക്കി വച്ച നെയ്പ്പാത്രം? അതിൽ നിന്നും നെയ്യ്മണം പൊന്തിയില്ല. അവർ നിലവറയിലേക്ക് ഓടി. ഓരോ വീപ്പയുടെ അടപ്പും വെപ്രാളത്തോടെ ഉയർത്തി. അവയിലൊന്നും നെയ്യുണ്ടായിരുന്നില്ല. പകരം പച്ചവെള്ളം തുളുമ്പി.

ആരുടെയോ അത്യാർത്തി തങ്ങളെ ചതിച്ചു. നദിയിലെ നെയ്യൊഴുക്ക് അവസാനിച്ചിരിക്കുന്നു. വെള്ളമാണിപ്പോൾ പായുന്നത്. വാർത്തയറിഞ്ഞ് പുഴവക്കത്ത് ഓടിക്കൂടിയ ജനങ്ങളെല്ലാം ഞെട്ടിപ്പോയി.

കരാർ തെറ്റിച്ചത് തങ്ങളല്ലേ! പുഴയമ്മയെ ആരും ചീത്ത പറഞ്ഞില്ല. കലിയെടുത്ത് മാലിന്യങ്ങൾ കൊണ്ടിട്ട് ആറിനെ മലിനമാക്കിയില്ല. അണകെട്ടി നദിയുടെ ഒഴുക്ക് തടഞ്ഞില്ല.

നദി പകർന്നുതന്നിരുന്ന സൗഭാഗ്യത്തെക്കുറിച്ചുള്ള പഴയ കഥകളൊക്കെ അയവിറക്കി അവർ പുഴയിൽ കുളിച്ചു. വെള്ളത്തിൽ മുങ്ങിമറിഞ്ഞു. കുടിക്കാനും കൃഷി ചെയ്യാനും തെളിനീര് കോരിയെടുത്തു. തോണിയിറക്കി അക്കരെയിക്കരെ തുഴഞ്ഞു. മീൻപിടിച്ചു പണിയെടുത്തു. ക്ഷീണിച്ചവർ മൂവന്തിനേരത്ത് മണൽത്തിട്ടകളിൽ കിടന്ന് കാറ്റുകൊണ്ടു തളർച്ചയകറ്റി. അന്നേരത്തും തങ്ങളുടെ പൂർവികരിലൊരാൾക്ക് പറ്റിയ അബദ്ധത്തിന്റെ കഥയവർ അയവിറക്കി.

കാലം പിന്നെയും ഒരുപാടു നീങ്ങി. പിന്നീട് ആ നാട്ടിൽ ജനിച്ചവരിൽ കുറേയധികം പേർ അത്യാഗ്രഹികളായി മാറി. പലവിധത്തിലാണ് നെയ്യാറിനെ അവരൊക്കെ ചൂഷണം ചെയ്തത്. പുഴയുടെ മാറിലെ മണൽ അമിതമായി വാരിയെടുത്തു. അതിലെ നീരൊഴുക്ക് നിന്നു. ചിലരൊക്കെ മാലിന്യങ്ങൾ നിക്ഷേപിച്ചാണ് പുഴയെ ശല്യപ്പെടുത്തിയത്. ഒരുകാലത്ത് നെയ്യൊഴുകിയിരുന്ന പുഴ വിഷം തളംകെട്ടിയ കാളിന്ദിയായി മാറി.

കൂട്ടരേ! നമ്മളിങ്ങനെ പുഴകളെ കൊന്നുകളഞ്ഞാൽ ആരാണു നമുക്ക് കുടിവെള്ളം നൽകാനുള്ളത്? നമുക്കതിനെയെങ്ങനെ കുടിനീർവാഹിനിയാക്കാം?

**ആരുടെയോ അത്യാർത്തി തങ്ങളെ ചതിച്ചു. നദിയിലെ നെയ്യൊഴുക്ക് അവസാനിച്ചിരിക്കുന്നു. വെള്ളമാണിപ്പോൾ പായുന്നത്. വാർത്തയറിഞ്ഞ് പുഴവക്കത്ത് ഓടിക്കൂടിയ ജനങ്ങളെല്ലാം ഞെട്ടിപ്പോയി. കരാർ തെറ്റിച്ചത് തങ്ങളല്ലേ! പുഴയമ്മയെ ആരും ചീത്ത പറഞ്ഞില്ല. കലിയെടുത്ത് മാലിന്യങ്ങൾ കൊണ്ടിട്ട് ആറിനെ മലിനമാക്കിയില്ല. അണകെട്ടി നദിയുടെ ഒഴുക്ക് തടഞ്ഞില്ല.**

# കുഞ്ഞുനാണുവിന്റെ സംശയങ്ങൾ

**ബഷീർ ചുങ്കത്തറ**

നൂറ്റമ്പതിലേറെ കൊല്ലങ്ങൾക്ക് മുമ്പുള്ള കേരളത്തിൽ നടന്നിരുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ ഇപ്പോൾ അതിശയം തോന്നും.

ജാതിയുടെയും മതത്തിന്റെയും പേരിൽ ഉണ്ടായിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കാരണം ജീവിക്കാൻ തന്നെ പ്രയാസമുള്ള ഒരു സ്ഥലമായിരുന്നു നമ്മുടെ കേരളം.

ഒരേ മതത്തിൽപെട്ടവരായിരുന്നിട്ടു പോലും ആളുകളെ അവരുടെ ജാതിക്കനുസരിച്ച് വേറെ വേറെ തട്ടുകളാക്കി തിരിച്ചിരുന്നു. അവർക്കിടയിൽ തൊട്ടുകൂടാത്തവരും, അടുത്തേക്ക് ചെല്ലാൻ പോലും അനുവാദമില്ലാത്തവരും എല്ലാം ഉണ്ടായിരുന്നു.

താഴ്ന്ന ജാതിയിൽപ്പെട്ടവർ വന്നു തൊട്ടാലും അടുത്തേക്ക് വന്നാലും ഉയർന്ന ജാതിക്കാർക്ക് എന്തോ അശുദ്ധി ഉണ്ടാകും എന്നായിരുന്നു വിശ്വാസം. ഈ അശുദ്ധിയെ അയിത്തം എന്നാണ് പറഞ്ഞിരുന്നത്.

കേരളം അന്ന് മൂന്നായി വിഭജിച്ചു കിടക്കുകയായിരുന്നു. തെക്കുഭാഗം തിരുവിതാംകൂർ രാജാവിന്റെയും മധ്യഭാഗം കൊച്ചിരാജാവിന്റെയും ഭരണത്തിലായിരുന്നു. എന്നാൽ മലബാർ എന്ന് വിളിക്കുന്ന വടക്കുഭാഗം ബ്രിട്ടീഷുകാർ നേരിട്ടാണ് ഭരിച്ചിരുന്നത്. തിരുവിതാകൂർ - കൊച്ചി രാജാക്കന്മാരുടെയും മേൽ അധികാരം ബ്രിട്ടീഷുകാർക്ക് ഉണ്ടായിരുന്നു.

അയിത്തം പോലുള്ള അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കാര്യത്തിൽ എല്ലാ പ്രദേശങ്ങളും ഏതാണ്ട് ഒരുപോലെയായിരുന്നു. ഏറ്റവും ഉയർന്ന ജാതിക്കാരായി കണക്കാക്കിയിരുന്നത് ബ്രാഹ്മണരെയാണ്. മറ്റു ജാതിക്കാരെയെല്ലാം പല തട്ടുകളിൽ ഉയർന്നതും  താഴ്ന്നതുമായി തരം തിരിച്ചിരുന്നു.

ഓരോ ജാതിയിൽപെട്ടവരും തൊട്ടടുത്ത ഉയർന്ന ജാതിക്കാരനുമായി പാലിക്കേണ്ട അകലം 32 അടി, പുലയരേക്കാൾ അൽപം ഉയർന്ന ശൂദ്ര ജാതിക്കാർ ഈഴവരിൽ നിന്നും പാലി



വര: റോണി ദേവസ്യ

ക്കേണ്ട അകലം 16 അടി ഇങ്ങനെയൊക്കെയായിരുന്നു കണക്ക്.

അറിയാതെ ഈ അകലം പാലിക്കുന്നത് തെറ്റിച്ചാൽ താണജാതിക്കാർക്ക് കൊടുത്തിരുന്നത് അടി ശിക്ഷയായിരുന്നു. ഉയർന്ന ജാതിക്കാർക്കും അയിത്താചാരം ഒരു ബുദ്ധിമുട്ട് തന്നെയായിരുന്നു. ഉയർന്ന ജാതിക്കാരൻ എങ്ങോട്ടെങ്കിലും തിരക്കിട്ടു പോവുകയാണെങ്കിൽ ഏതെങ്കിലും താഴ്ന്ന ജാതിക്കാരൻ അകലം തെറ്റിച്ച് അശുദ്ധമാക്കിയാൽ അയാൾക്ക് പിന്നീട് കുളിച്ചാലേ അശുദ്ധി മാറിക്കിട്ടിയിരുന്നുള്ളൂ. ഇതായിരുന്നു അന്നത്തെ അവസ്ഥ.

വളരെ ചെറുപ്പത്തിൽ തന്നെ വലിയ അറിവുകൾ നേടിയ പ്രശസ്തനായ ഒരു സന്യാസിവര്യനായിരുന്നു സ്വാമി വിവേകാനന്ദൻ. പല നാടുകളിലൂടെയും സഞ്ചരിച്ച് അദ്ദേഹം കേരളത്തിലും എത്തി. ഇവിടത്തെ അയിത്തം എന്ന ദുരാചാരത്തിന്റെ രൂക്ഷത കണ്ട് അദ്ദേഹം കേരളത്തെ ഭ്രാന്താലയം എന്ന് വിളിച്ചുപരിഹസിച്ചു.

തിരുവിതാംകൂറിൽ ഉൾപ്പെട്ട ചെമ്പഴന്തി ഗ്രാമത്തിൽ അൽപം കൃഷിയും കുറച്ച് കുട്ടികളെ പഠിപ്പിക്കലുമൊക്കെയായി കഴിഞ്ഞിരുന്നയാളായിരുന്നു മാടനാശാൻ. അദ്ദേഹത്തിന്റെ ഭാര്യ കുഞ്ഞിയമ്മ 1856 ആഗസ്റ്റ് 28 ന് ഒരു ആൺകുഞ്ഞിന് ജന്മം നൽകി. അവർ കുട്ടിക്ക് നാരായണൻ എന്ന് പേരിട്ടു. വീട്ടിലുള്ളവർ കുട്ടിയെ സ്നേഹത്തോടെ നാണുവെന്ന് വിളിച്ചു.

വളരെ ബുദ്ധിമാനായിരുന്നു നാണു. സാധാരണ കുട്ടികളെപോലെ കളിച്ചും ചിരിച്ചും നടന്നിരുന്നുവെങ്കിലും എപ്പോഴും അവൻ വലിയ വലിയ കാര്യങ്ങളാണ് ആലോചിച്ചുകൊണ്ടിരുന്നത്.

നാലരവയസായപ്പോൾ വീട്ടുകാർ നാണുവിനെ എഴുത്തിനിരുത്തി. ഗുരുനാഥന്മാരും അച്ഛനും പഠിപ്പിച്ചു കൊടുത്ത പാഠങ്ങളെല്ലാം അവൻ വളരെ വേഗത്തിൽ പഠിച്ചു.

കുഞ്ഞുനാണുവിന് നാട്ടിൽ നടന്നുകൊണ്ടിരുന്ന പല കാര്യങ്ങളും തീരെ ബോധ്യപ്പെട്ടില്ല. രണ്ട് ജാതിയിൽപ്പെട്ട മനുഷ്യർ തമ്മിൽ തൊട്ടാൽ എങ്ങനെയാണ് അശുദ്ധിയുണ്ടാവുക...? എല്ലാവരും മനുഷ്യർ തന്നെയല്ലേ? താണ ജാതിക്കാരെന്താ മലവും മൂത്രവും ഒന്നുമല്ലല്ലോ.... പിന്നെ എങ്ങനെയാണ് അശുദ്ധി വരിക...? ഇങ്ങനെ പല ചോദ്യങ്ങളും അവൻ പലരോടും ചോദിച്ചുനോക്കി. ആരുടെ ഉത്തരവും അവന് തൃപ്തിപ്പെട്ടില്ല.

പകൽ മുഴുവൻ കഠിനമായി ജോലി ചെയ്യുന്ന ശക്തിയുള്ള പേശികളുള്ള പുലയരോട് അവന് ബഹുമാനം തോന്നി. ആഴക്കടലിൽ വലിയ തിരമാലകളെ വകവെക്കാതെ തോണി തുഴഞ്ഞ് മീൻപിടിക്കാൻ പോകുന്ന മുക്കുവരെ വലിയ ധീരന്മാരായിട്ടാണ് അവൻ കണ്ടത്.

ഇത്രയ്ക്ക് കരുത്തന്മാരായ പുലയനും മുക്കുവനുമൊക്കെ എന്തിനാണ് ഏതെങ്കിലും മെലിഞ്ഞുണങ്ങിയ ബ്രാഹ്മണൻ വരുമ്പോഴേക്കും ഇങ്ങനെ പേടിച്ചോടുന്നത്..?

വീട്ടിലുള്ളവരോടും പുറത്തുള്ളവരോടുമെല്ലാം കൊച്ചുനാണു അവന്റെ സംശയങ്ങൾ ചോദിച്ചു.

എല്ലാവരും അവന് ഒരേ തരത്തിൽപെട്ട ഉത്തരമാണ് നൽകിയത്.

ബ്രാഹ്മണർ ഉയർന്ന ജാതിയിൽപെട്ടവരാണ്. പുലയരും മുക്കുവരുമെല്ലാം താണജാതിയിൽപെട്ടവരാണ് ഇതായിരുന്നു അവർ നൽകിയ ഉത്തരം. അതവന് അംഗീകരിക്കാൻ കഴിഞ്ഞില്ല.

പുലയരെ തൊട്ടാൽ ഈഴവർ കുളിച്ചു ശുദ്ധിവരുത്തിയിട്ടേ വീട്ടിൽ കയറിയിരുന്നുള്ളൂ. ഈഴവരെ തൊടുന്ന ഉയർന്ന ജാതിക്കാരായ നായരും അങ്ങനെ ചെയ്തിരുന്നു. നാണു ഈഴവ കുടുംബത്തിലെ അംഗമായിരുന്നു. എങ്കിലും ആചാരമൊന്നും പാലിക്കാൻ അവൻ തുനിഞ്ഞില്ല.

അവൻ പുലയക്കുട്ടികളോടൊപ്പം കളിക്കുകയും കുളിക്കാതെ വീട്ടിൽച്ചെല്ലുകയും ചെയ്തു. അശുദ്ധിയുടെ കാര്യം പറഞ്ഞ് വീട്ടിലെ മുതിർന്നവർ എന്നും നാണുവിനെ ശാസിക്കും. അതൊന്നും അവൻ കാര്യമാക്കിയില്ല. മാത്രമല്ല ശാസിക്കുന്നവരെ ദേഷ്യംപിടിപ്പിക്കാനായി അവൻ ചിലപ്പോൾ അവരെ ചെന്ന് കെട്ടിപ്പിടിക്കുകയും ചെയ്തിരുന്നു.

**പകൽ മുഴുവൻ കഠിനമായി ജോലി ചെയ്യുന്ന ശക്തിയുള്ള പേശികളുള്ള പുലയരോട് അവന് ബഹുമാനം തോന്നി. ആഴക്കടലിൽ വലിയ തിരമാലകളെ വകവെക്കാതെ തോണി തുഴഞ്ഞ് മീൻപിടിക്കാൻ പോകുന്ന മുക്കുവരെ വലിയ ധീരന്മാരായിട്ടാണ് അവൻ കണ്ടത്.**

താഴ്ന്ന ജാതിക്കാരെ തൊട്ട് അശുദ്ധിയായി വരുന്നയാൾ കുളിക്കാതെ മറ്റുള്ളവരെ തൊട്ടാൽ അവർക്കും അശുദ്ധിയാകും. അതോടെ അവരും കുളിക്കണം. ഇതായിരുന്നു വ്യവസ്ഥ. നാണുവിന്റെ ഈ കുസൃതി വീട്ടുകാരെ വല്ലാതെ ബുദ്ധിമുട്ടിച്ചു.

സന്ധ്യക്ക് മുമ്പ് നാണുവിനെ പിടിച്ചുകൊണ്ടുപോയി കുളിപ്പിച്ച് അവരും കുളിച്ച് വന്നാണ് വീട്ടിൽ കയറിയിരുന്നത്. എല്ലാവരും അന്നൊക്കെ കുളിച്ചതിനുശേഷമാണ് അത്താഴം കഴിച്ചിരുന്നത്.

തങ്ങളെക്കൂടി അശുദ്ധമാക്കാൻ വരുന്ന നാണുവിനെ ശാസിക്കുന്നവരോട് നാണു ചോദിക്കും: 'അതെന്താ പുലയനൊന്നും മനുഷ്യരല്ലേ..?' അതിനവർക്ക് ഉത്തരമുണ്ടായിരുന്നില്ല.

**തങ്ങളെക്കൂടി അശുദ്ധമാക്കാൻ വരുന്ന നാണുവിനെ ശാസിക്കുന്നവരോട് നാണു ചോദിക്കും: 'അതെന്താ പുലയനൊന്നും മനുഷ്യരല്ലേ..?' അതിനവർക്ക് ഉത്തരമുണ്ടായിരുന്നില്ല. മറ്റെല്ലാ കാര്യത്തിലും വളരെ നല്ല കുട്ടിയായ നാണു ഈ കാര്യത്തിൽ മാത്രം ഇടക്കിടെ അനുസരണക്കേട് കാണിച്ചു.**

മറ്റെല്ലാ കാര്യത്തിലും വളരെ നല്ല കുട്ടിയായ നാണു ഈ കാര്യത്തിൽ മാത്രം ഇടക്കിടെ അനുസരണക്കേട് കാണിച്ചു. സ്വന്തം കാര്യത്തിൽ അയിത്തം പാലിക്കാത്ത നാണുവിനെ അയൽപക്കത്തെ പുലയർക്കും മറ്റ് അയിത്ത ജാതിക്കാർക്കുമെല്ലാം വലിയ ഇഷ്ടമായിരുന്നു. അവരുടെ കൂടെ കളിക്കുന്നതിന് മാത്രമല്ല അവരുടെ കുടിലുകളിൽ കയറുന്നതിനും നാണു മടിച്ചില്ല. ഇതൊന്നും അക്കാലത്ത് ആരും ചെയ്തിരുന്നില്ല.

ഒരു ദിവസം നാണു പുലയക്കുടിലുകൾക്ക് മുന്നിലൂടെ നടന്നുപോവുകയായിരുന്നു. അതിൽ ഒരു വീട്ടിന്നകത്തേക്ക് നോക്കിയപ്പോൾ അവിടെ അടുപ്പത്ത് കലത്തിൽ കഞ്ഞി തിളച്ചുകൊണ്ടിരിക്കുന്നത് കണ്ടു. തിളച്ചുമറിയുന്ന കഞ്ഞി പുറത്തേക്ക്





ഒഴുകാൻ തുടങ്ങിയിരുന്നു.
നാണു അകത്തേക്ക് വിളിച്ചുചോദിച്ചു. വീട്ടിനകത്ത് ആരുമില്ലായിരുന്നു. വീട്ടുകാർ എന്തോ ആവശ്യത്തിന് പുറത്ത് പോയ സമയമായിരുന്നു. അപ്പോൾ നാണു അകത്തേക്ക് കയറി അടുപ്പിലെ തീ കെടുത്തി. എന്നിട്ട് കഞ്ഞിക്കലം ഒരു തുണികൊണ്ട് വാങ്ങിവെച്ചു. കഞ്ഞി മൂടിവെച്ച് അവൻ പുറത്തേക്ക് ഇറങ്ങി.

നാണു ഒരു പുലയക്കുടിലിൽ നിന്നും പുറത്തേക്ക് വരുന്നത് ആരോ കണ്ടു. ഈഴവരായ അവർ കാര്യം അന്വേഷിച്ചു. ആളില്ലാത്ത പുലയക്കുടിലിൽ കയറി അടുപ്പിലെ കഞ്ഞിക്കലം വാങ്ങിവെച്ചാലും അയിത്തം ഉണ്ടാകും എന്നായിരുന്നു അവരുടെ വിശ്വാസം. വിവരം അവർ നാണുവിന്റെ വീട്ടുകാരോടു ചെന്നുപറഞ്ഞു.

വീട്ടിലെത്തിയ നാണുവിനെ പുലയക്കുടിലിന്റെ അകത്തേക്ക് കയറിയതിന് വീട്ടുകാർ വഴക്കു പറഞ്ഞു. നാണുവിന് ഒരു കുലുക്കവും ഉണ്ടായില്ല. അവൻ പറഞ്ഞു: 'ഞാനങ്ങനെ ചെയ്തിട്ടില്ലായിരുന്നെങ്കിൽ ആ കഞ്ഞി മുഴുവൻ തിളച്ച് ചിന്തി ആ വീട്ടുകാർ പട്ടിണി കിടക്കേണ്ടി വരുമായിരുന്നു.'

തങ്ങളുടെ മകൻ നാണു പറഞ്ഞുകൊണ്ടിരിക്കുന്നത് വലിയ വലിയ കാര്യങ്ങളാണെന്ന് വീട്ടുകാർക്ക് മനസ്സിലായിത്തുടങ്ങിയിരുന്നു. അവന്റെ ബുദ്ധിയെയും അറിവുകളെയും കുറിച്ച് അവർക്ക് സംശയമുണ്ടായിരുന്നില്ല. അതിനാൽ അവനെ ശകാരിക്കുകയും ഉപദേശിക്കുകയുമൊക്കെ ചെയ്തിരുന്നുവെങ്കിലും അവനെ ശിക്ഷിക്കാനൊന്നും ആ രക്ഷിതാക്കൾ മുതിർന്നില്ല.

തനിക്ക് ശരിയല്ലെന്ന് തോന്നിയ കാര്യങ്ങൾ അനുസരിക്കാതെ സംശയങ്ങളും ചോദ്യങ്ങളും ചോദിച്ചുകൊണ്ടുവളർന്ന ഈ നാണുവായിരുന്നു മലയാളികളുടെ മഹാഗുരുവായ ശ്രീനാരായണ ഗുരു.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി, മദ്യം വിഷമാണ്. അതു തൊടരുത്, തുടങ്ങിയ ശ്രീനാരായണഗുരുവിന്റെ പ്രശസ്തമായ വചനങ്ങൾ കേളീയരെ മാറിചിന്തിപ്പിച്ചു.

രണ്ടു ജാതിയിൽ ജനിച്ചുപോയ മനുഷ്യർ തൊട്ടാലും അടുത്തേക്കു വന്നാലും അശുദ്ധമാകും എന്നൊക്കെയുള്ള അന്ധവിശ്വാസങ്ങൾ മാറിയത് ശ്രീനാരായണഗുരുവിനെപ്പോലെയുള്ള മഹാന്മാരുടെ പ്രവർത്തനങ്ങൾ കൊണ്ടുകൂടിയാണ്.




**Form I (See Rule 8)**

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | Director,<br>Kerala State Institute of Children's Literature,<br>Thiruvananthapuram - 34 |
| Publisher's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Palliyara Sreedharan |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital:

Kerala State Institute of Children's Literature,
Thiruvanathapuram - 34

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Palliyara Sreedharan
Director

Date: 29-5-2018

# മുക്കുറ്റിക്കുഞ്ഞ്

രാജഗോപാലൻ നാട്ടുകൽ

വെറുതെ ഒന്നു പുറത്തേക്കു നോക്കിയതാണ് മുക്കുറ്റിക്കുഞ്ഞ്. അതാ വരുന്നു അച്ഛൻ. പണിക്കുപോയതാണ്. ഇപ്പോഴിതാ അച്ഛൻ തിരുച്ചുവരുന്നു.

''പണിയില്ലാതെ തിരിച്ചു പോരേണ്ടിവന്നു.'' മുറ്റത്തെത്തിയ അച്ഛൻ പറഞ്ഞു

തറയിലിരുന്ന് എന്തൊക്കെയോ വായിച്ചുകൊണ്ടിരുന്ന സ്മിതചേച്ചിയും ഷീജ ചേച്ചിയും ഷീബചേച്ചിയും അച്ഛനെനോക്കി.

മുക്കുറ്റിക്കുഞ്ഞിന്റെ കൈയിൽ പിടിച്ച് അച്ഛൻ അകത്തേക്കു നടന്നു.

''സുധാകരാ ഇന്നും പണിയൊന്നും കിട്ടിയില്ലേ?'' അച്ഛമ്മ കാൽമുട്ടു തടവുന്ന തിനിടയിൽ ചോദിച്ചു.

.''സ്കൂൾ ബസ്സിന്റെ ഫീസ് മുന്നൂറുരൂപ നാളെത്തന്നെ കൊടുക്കണമെന്നാ ടീച്ചർ പറഞ്ഞിട്ടുള്ളത്.''

സ്മിതച്ചേച്ചി പറഞ്ഞു.

''സ്കൂളിൽ നിന്നു കിട്ടിയ യൂണിഫോം തുണി തയ്പ്പിച്ചില്ലല്ലോ, അച്ഛാ!''

ഷീബച്ചേച്ചി പറഞ്ഞു.

ഷീജച്ചേച്ചിക്കു വല്ല ആവശ്യമുണ്ടോയെന്ന അർഥത്തിൽ സുധാകരൻ അവളെയൊന്നു നോക്കി.

മുക്കുറ്റിക്കുഞ്ഞിനേയും കൂട്ടി അമ്മാളുവമ്മ ബാലൻ മാസ്റ്ററുടെ വീട്ടിലേക്കു നടന്നു.

മുക്കുറ്റിക്കുഞ്ഞിനെ കണ്ടതും നിവർത്തിപ്പിടിച്ച പത്രവുമായി ബാലൻമാസ്റ്റർ തിണ്ണയിൽ വന്നിരുന്നു.

''മുക്കുറ്റിയെ കണ്ടിട്ട് കുറേ നാളായല്ലോ?'' ബാലൻമാസ്റ്റർ പറഞ്ഞു.

മുക്കുറ്റിക്കുഞ്ഞ് ചിരിച്ചു.

ബാലൻമാസ്റ്റർ വായിച്ചു കൊണ്ടിരുന്ന പത്രവാർത്ത അല്പം ഗൗരവത്തോടെ ഉച്ചത്തിൽ വായിച്ചു.

''എന്നെങ്കിലും പട്ടിണി കിടന്നിട്ടുണ്ടോ?''

-ട്രംപിനോട് ബന.

'ഇരുപത്തിനാലു മണിക്കൂർ ഭക്ഷണവും വെള്ളവുമില്ലാതെ താങ്കൾ എന്നെങ്കിലും കഴിഞ്ഞിട്ടുണ്ടോ? സിറിയയിലെ അഭയാർഥികളേയും കുഞ്ഞുങ്ങളെയും പറ്റി വെറുതെയൊന്നു ചിന്തിച്ചുനോക്കൂ.'

''സിറിയയടക്കം ഏഴ് മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിൽ നിന്നുള്ള അഭയാർഥികൾക്ക് പ്രവേശനം വിലക്കിയിരിക്കുകയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അതിനെതിരെ ബനാ അലാബിദ് എന്ന ഏഴു വയസ്സുകാരിയുടെ വീഡിയോ ട്വീറ്റാണ് പത്രത്തിലെ വാർത്തയായി വന്നിട്ടുള്ളത്.'' മാസ്റ്റർ വിശദീക



വര: സചീന്ദ്രൻ കാറഡുക്ക

രിച്ചു.

ഭാഗ്യലക്ഷ്മി ടീച്ചറും അമ്മാളുവമ്മയും വെറുതെ തലയാട്ടി.

മുക്കുറ്റിക്കുഞ്ഞിന് അത് എന്താണെന്ന് മനസ്സിലായതുമില്ല. എങ്കിലും പൊള്ളുന്ന എന്തോ ഒന്ന് അവളുടെ ഇളം മനസ്സിൽ നിന്നു പുറത്തുവരാതെ കിടന്നുപിടഞ്ഞു.

അവൾക്ക് എന്തെങ്കിലും പറയണമെന്നു തോന്നി. അവൾ ഉള്ളിൽ പറഞ്ഞു.

'ബരിക്കണോർക്ക് പട്ടിണിണ്ടാവോ?''

''കപ്പ പുഴുങ്ങിയത് ഇരിപ്പുണ്ട്. ടീച്ചർ കൊണ്ടുവരട്ടെ?'' ഭാഗ്യലക്ഷ്മി ടീച്ചർ ചോദിച്ചു.

മുക്കുറ്റിക്കുഞ്ഞ് തിണ്ണയിലേക്കു കയറിയിരുന്നു. അവൾ ആർത്തിയോടെ അതു കഴിക്കാൻ തുടങ്ങി. അമ്മാളുവമ്മയും ഇത്തിരി കപ്പപ്പുഴുക്ക് കഴിച്ചു. അവർ തിരിച്ചുവീട്ടിലെത്തിയപ്പോൾ അടുത്ത വീട്ടിലെ ബെന്നിച്ചേട്ടന്റെ ഭാര്യ ക്ലാരച്ചേച്ചി മുറ്റത്തു നിൽക്കുന്നതു കണ്ടു മകൾ ലിസിയുമുണ്ട് കൂടെ. അവരെ കണ്ടപ്പോൾ മുക്കുറ്റിക്കുഞ്ഞ് ചിരിച്ചു.

മുറ്റത്തു നിൽക്കുന്ന ചെടിയിലേക്കു ചൂണ്ടി ലിസി ചോദിച്ചു. ''ഇതെന്തു ചെടിയാ?''

'' നല്ല വെളുത്ത പൂവുണ്ടാവുന്ന ചെടിയാണത്രേ.'' മുക്കുറ്റിക്കുഞ്ഞ് പറഞ്ഞു.

''വെളുത്തപൂക്കൾ എനിക്കു വളരെ ഇഷ്ടമാ.'' ലിസി പറഞ്ഞു.

മുടി ചീകിക്കെട്ടിയതിൽ വെളുത്ത പൂ ചൂടി ലിസി കോളജിൽ പോകുന്നത് അവൾ കണ്ടിട്ടുണ്ട്.

ക്ലാരച്ചേച്ചി കൈയിൽ മടക്കിപ്പിടിച്ചിരുന്ന രണ്ടായിരം രൂപയുടെ ഒരുനോട്ട് അച്ഛമ്മയുടെ നേരെ നീട്ടുന്നത് മുക്കുറ്റിക്കുഞ്ഞ് കണ്ടു.

''സുധാകരേട്ടന് പണിയൊന്നുമില്ലല്ലോ. സ്കൂൾ

**തൊടിയിലിറങ്ങിയ മുക്കുറ്റിക്കുഞ്ഞ് ചേച്ചിമാരെ എല്ലാവരെയും വിളിച്ചുവരുത്തി. അപ്പോഴാണ് മുക്കുറ്റിക്കുഞ്ഞ് അതു കണ്ടത്. തൊടിയിലെ കുഞ്ഞുപേരമരത്തിൽ ഏതാനും പേരയ്ക്കകൾ നിൽക്കുന്നു. പേരമരത്തിന്റെ ഒരു കൊമ്പിൽ കയറിനിന്നാൽ അവ എത്തിപ്പറിക്കാം. അവൾ സ്മിതച്ചേച്ചിയോട് പേരമരത്തിൽ കയറാൻ പറഞ്ഞു. സ്മിത പേരമരത്തിൽ പതുക്കെ അള്ളിപ്പിടിച്ചു കയറി.**

തുറക്കാൻ ഇനി ഒരാഴ്ചയല്ലേയുള്ളൂ. മുക്കുറ്റിക്കുഞ്ഞിനെ സ്കൂളിൽ ചേർക്കണ്ടേ? അവൾക്ക് പുതിയ ബാഗും കുടയും വാങ്ങണ്ടേ? ഉണ്ടാവുമ്പോൾ രൂപ തിരിച്ചുതന്നാൽ മതി! അയൽപക്കക്കാരോടു കൊണ്ടും കൊടുത്തും കഴിയണമെന്നാ ബെന്നിച്ചേട്ടൻ എപ്പോഴും പറയാറുള്ളത്.''

ക്ലാരച്ചേച്ചി കൊടുത്ത രൂപകൊണ്ട് മുക്കുറ്റിക്കുഞ്ഞിന് പുതിയ ബാഗും കുടയും വാങ്ങി.

സ്കൂൾ തുറന്നു. പ്രവേശനോത്സവദിവസം ചേച്ചിമാരോടൊപ്പം മുക്കുറ്റിക്കുഞ്ഞ് സ്കൂളിൽ പോയി. സ്കൂളിൽ നിന്നും തിരിച്ചുവന്ന മുക്കുറ്റിക്കുഞ്ഞിന് വൈകുന്നേരമായപ്പോൾ എന്തെങ്കിലും കളിക്കണമെന്നു തോന്നി. സ്കൂളിൽ പോകാൻ തുടങ്ങിയതിന്റെ സന്തോഷത്തിലാണ് അവൾ.

തൊടിയിലിറങ്ങിയ മുക്കുറ്റിക്കുഞ്ഞ് ചേച്ചിമാരെ എല്ലാവരെയും വിളിച്ചുവരുത്തി. അപ്പോഴാണ് മുക്കുറ്റിക്കുഞ്ഞ് അതുകണ്ടത്. തൊടിയിലെ കുഞ്ഞുപേരമരത്തിൽ ഏതാനും പേരയ്ക്കകൾ നിൽക്കുന്നു. പേരമരത്തിന്റെ ഒരു കൊമ്പിൽ കയറിനിന്നാൽ അവ എത്തിപ്പറിക്കാം. അവൾ സ്മിതച്ചേച്ചിയോട് പേരമരത്തിൽ കയറാൻ പറഞ്ഞു.

സ്മിത പേരമരത്തിൽ പതുക്കെ അള്ളിപ്പിടിച്ചു കയറി.

''എനിക്കു വലുത് തന്നില്ലെങ്കിൽ ഞാൻ കളിയാക്കും.'' ഷീജ പറഞ്ഞു

''വലുത് തരില്ല.'' സ്മിത പറഞ്ഞു.

''എന്നാൽ കളിയാക്കുന്നത് കേട്ടോ!''

'പെണ്ണു മരം കേറീ
പെണ്ണിന്റെ മാപ്പിള തീക്കോരീ
ഹൂയ്...ഹൂയ്... ഹൂയ്....
കൂയ്...കൂയ്... കൂയ്...'

''ആരെടീ കൂവുന്നത്?'' സുഷമ വീട്ടിൽ നിന്നിറങ്ങി വന്നു.

സ്മിത ഒറ്റച്ചാട്ടത്തിന് പേരയ്ക്കാമരത്തിന്റെ ചുവട്ടിലെത്തി.

''അമ്മേ, സ്മിതേച്ചിയാ കേറീത്! ഷീജേച്ചിയാ കൂവീത്'' ഷീബ വിളിച്ചു പറഞ്ഞു.

''അതിന് കൂവണോ? കൂവിയോരുടെ നാക്ക് ഞാൻ അരിഞ്ഞെടുത്ത് ഉപ്പ് ഭരണിയിൽ പൂഴ്ത്തും. ഉടനെ മുക്കുറ്റിക്കുഞ്ഞ് ചോദിച്ചു.

''അമ്മേ, കുട്ട്യോൾക്ക് കൂവാൻ പാടില്ലേ?''

''പെൺകുട്ട്യോൾക്ക് കൂവാൻ പാടില്ല.'' സുഷമ പറഞ്ഞു

''എന്നാൽ അമ്മേടെ മുക്കുറ്റിക്കുഞ്ഞ് കൂവില്യാട്ടോ, അമ്മേ.'' മുക്കുറ്റിക്കുഞ്ഞ് പറഞ്ഞു.

''സ്വന്തം കുഞ്ഞിന്റെ കൂവൽ പെൺകൂവലാണെങ്കിലും അതു പൊൻകൂവല് തന്നെ.'' മുക്കുറ്റിക്കുഞ്ഞിനെ തലോടിക്കൊണ്ട് സുഷമ പതുക്കെ പറഞ്ഞു. മുക്കുറ്റിക്കുഞ്ഞ് അമ്മയുടെ കൈപിടിച്ച് വീട്ടിലേക്കു നടന്നു.

ഒരു അവധി ദിവസം വന്നപ്പോൾ മുക്കുറ്റിക്കുഞ്ഞ് അമ്മാളുവമ്മയോട് ചോദിച്ചു.

''അച്ഛമ്മേ, നമുക്ക് ജാബിർ മോനെ ഒന്നു കാണാൻ പോയാലോ? അവനെ കണ്ടിട്ട് കുറേ ദിവസമായി''

അമ്മാളുവമ്മ സമ്മതിച്ചു

രണ്ടുവയസ്സേ ആയിട്ടുള്ളൂ അവന്. ഒട്ടും വികൃതിയില്ല. അതുകൊണ്ടാണ് മുക്കുറ്റിക്കുഞ്ഞിന് ജാബിർമോനെ കൂടുതൽ ഇഷ്ടം.

മുക്കുറ്റിക്കുഞ്ഞിന്റെ കൈ പിടിച്ച് അമ്മാളുവമ്മ മൺപാതയിലൂടെ നടന്നു.

ജാബിർമോന്റെ വീടിന്റെ മുൻവശത്തെത്തിയപ്പോഴാണ് അവൾ അച്ഛമ്മയുടെ വിരലിൽ നിന്നു പിടിവിട്ടത്.

''ജാബിർ മോനേ...'' മുക്കുറ്റിക്കുഞ്ഞ് വിളിച്ചു.

ജാബിർമോനെ വീടിന്റെ മുൻഭാഗത്തൊന്നും കാണാനില്ല. അവന്റെ ഉമ്മയേയും എങ്ങും

**ജാബിർമോനെ വീടിന്റെ മുൻഭാഗത്തൊന്നും കാണാനില്ല. അവന്റെ ഉമ്മയേയും എങ്ങും കാണുന്നില്ല. വെള്ളത്തിൽ നിന്നെന്ന പോലെ 'ബ്ളും.. ബ്ളും...' എന്നൊരു ശബ്ദം മാത്രം കേൾക്കുന്നുണ്ട്. കിണറിന്റെയടുത്ത് ഒരു വലിയ ബക്കറ്റ് വച്ചിട്ടുണ്ട്. മുക്കുറ്റിക്കുഞ്ഞ് അടുത്തുചെന്ന് ബക്കറ്റിലേക്ക് ഒന്ന് എത്തിനോക്കി.**

കാണുന്നില്ല. വാപ്പ കിണറുപണിക്കു പോയിക്കാണും. ഷെരീഫ് കാക്കുവിന് എന്നും കിണറുപണിയാണ്.

വെള്ളത്തിൽ നിന്നെന്ന പോലെ 'ബ്ളും.. ബ്ളും...' എന്നൊരു ശബ്ദം മാത്രം കേൾക്കുന്നുണ്ട്.

കിണറിന്റെയടുത്ത് ഒരു വലിയ ബക്കറ്റ് വച്ചിട്ടുണ്ട്.

മുക്കുറ്റിക്കുഞ്ഞ് അടുത്തുചെന്ന് ബക്കറ്റിലേക്ക് ഒന്ന് എത്തിനോക്കി.

''അയ്യോ...''

അറിയാതെ അവളിൽ നിന്ന് ഒരു നിലവിളി പൊങ്ങി

ശ്വാസം കിട്ടാതെ ജാബിർമോൻ വെള്ളത്തിൽ മുങ്ങിപ്പിടയുകയാണ്. അവൾ കുഞ്ഞിന്റെ കൈകളിൽ പിടിച്ചുവലിച്ചു. പൊന്തുന്നില്ല.

അപ്പോഴേക്കും അമ്മാളുവമ്മയും അവിടെയെത്തി.

കുഞ്ഞിനെ ബക്കറ്റിൽ നിന്ന് അവർ പുറത്തെടുത്തു.

ബഹളംകേട്ട് വീടിന്റെ പുറകിൽ നിന്ന് ജാബിർമോന്റെ ഉമ്മ അവിടെയെത്തി. അലക്കിയ തുണികൾ വീടിന്റെ



പുറകുവശത്ത് അയക്കോലിൽ വിരിച്ചിടുകയായിരുന്നു അവർ.

“എന്റെ കുഞ്ഞേ.... ” എന്നു നിലവിളിച്ചുകൊണ്ട് അവർ കുഞ്ഞിനെ വാരിയെടുത്തു.

കുഞ്ഞിനു ശ്വാസം കിട്ടുന്നില്ല. വെള്ളം കുടിച്ച് അവന്റെ വയർ വീർത്തിരിക്കുന്നു.

ബഹളം കേട്ട് അടുത്തുള്ളവർ ഓടിവന്നു. ഒരാൾ കുഞ്ഞിന്റെ തല താഴ്ത്തി വച്ച് തിണ്ണയിൽക്കിടത്തി. പിന്നെ വയറിന്നടിയിൽ ഉരുണ്ട ഒരു തടിക്കഷണം വച്ച് കുഞ്ഞിന്റെ വായിലൂടെ കുറെ വെള്ളം പുറത്തേക്കൊഴുകി.

അല്പം കഴിഞ്ഞപ്പോൾ കുഞ്ഞ് പതുക്കെ കണ്ണുതുറന്നു.

“ആശ്വാസമായി.” ഒരാൾ പറഞ്ഞു

“എങ്കിലും ആശുപത്രിയിൽ കൊണ്ടുപോകണം.” വേറൊരാൾ പറഞ്ഞു.

അപ്പോഴേക്കും ആരോ ഒരാൾ വാഹനം കൊണ്ടുവന്നു. കുഞ്ഞിനെയുമെടുത്ത് ആരോ വാഹനത്തിൽ കയറി സുഹറാബി വാവിട്ടുകരയാൻ തുടങ്ങി.

“എന്റെ മോനേ...”

കൂടിനിന്ന സ്ത്രീകളിൽ ഒരാൾ പറഞ്ഞു

“അലക്കിയ തുണികൾ വിരിച്ചിടാൻ വീടിന്റെ പുറകിലേക്കു പോയതാണ്. കുഞ്ഞിന്റെ അമ്മ. കുഞ്ഞ് എത്തിവലിഞ്ഞു ബക്കറ്റിലേക്ക് നോക്കിയതായിരിക്കും . മുക്കുറ്റിക്കുഞ്ഞും അവളുടെ അച്ഛമ്മയും ഇവിടെ വന്നില്ലായിരുന്നെങ്കിൽ....”

മുക്കുറ്റിക്കുഞ്ഞിന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. വീട്ടിലേക്കു തിരിച്ചുനടക്കുമ്പോൾ ജാബിർമോനുവേണ്ടി അവൾ ഉള്ളുരുകി പ്രാർഥിച്ചുകൊണ്ടിരുന്നു. (തുടരും)

**കുട്ടിക്കവിത**

# സ്വപ്നം


**പ്രേമജ ഹരീന്ദ്രൻ**

നീളും പട്ടച്ചരടിൽക്കേറി
മാനത്തേക്കു പറക്കാമോ?
ചിതറിയിരിക്കും താരപ്പൂക്കളെ
മാലച്ചരടിൽ കോർക്കാമോ?
അങ്ങേ മാവിൻ കൊമ്പിലിരുന്നി-
ട്ടാകാശത്തിൽ കേറാമോ?
അമ്പിളിയാകും പൊന്നൂഞ്ഞാലിൽ
ക്കയറിയിരുന്നൊന്നാടാമോ?
ഒഴുകിപ്പോകും കളിവഞ്ചിയിലൂ-
ടാഴിയിലേക്കങ്ങെത്താമോ?
തിരയുടെയൊപ്പം മുങ്ങിപ്പൊങ്ങി
കടലിന്നാഴം കാണാമോ?
കുഴിയാനക്കുഴിയൊന്നിൽക്കൂടി
പാതാളത്തിൽച്ചെല്ലാമോ?
ഓണക്കഥയിലെ മാബലിമന്നനെ
യവിടെക്കാണാനൊക്കുമ്പോൾ
ഞങ്ങടെ നാട്ടിൻ സ്നേഹം മുഴുവൻ
ചെന്നുപറഞ്ഞു തൊഴാമല്ലോ.



വര: ആശ ആർ

പുസ്തക പരിചയം






# സ്വാതന്ത്ര്യ സമരചരിത്രം കൈക്കുമ്പിളിൽ

**പ്രൊഫ. വി കാർത്തികേയൻ നായർ**

**അവഗണിക്കപ്പെട്ടുപോയ സമരനായകരെ പരിചയപ്പെടാൻ സഹായിക്കുന്ന പുസ്തകമാണ് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക്" എന്ന കൃതി. കുട്ടികൾക്കെന്നല്ല മുതിർന്നവർക്കും ആസ്വാദ്യകരമാകുന്ന രചനാശൈലി. കഠിനപദങ്ങളില്ല. സങ്കീർണവാചകങ്ങളില്ല. വിജ്ഞാനദായകമായ ഈ പുസ്തകം ആഹ്ലാദകരമായ വായനാനുഭവം നൽകുന്നു.**

വിദേശാധിപത്യത്തിനെതിരെയുള്ള ഇന്ത്യയുടെ പോരാട്ടം എന്നു തുടങ്ങുന്നു? പരമ്പരാഗതരീതിയിലാണെങ്കിൽ അത് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെയുള്ള സമരങ്ങളിൽ നിന്നാണ് തുടങ്ങുക. എന്നാൽ, ബ്രിട്ടീഷുകാർ മാത്രമല്ലല്ലോ ഇന്ത്യയെ പാരതന്ത്ര്യത്തിലാക്കിയത്. ബ്രിട്ടീഷുകാർ എത്തുന്നതിന് നൂറ്റാണ്ടു മുമ്പ് പറങ്കികളും ഡച്ചുകാരും ഇന്ത്യയിലെത്തി. അവർക്കെതിരെയും സമരങ്ങൾ നടന്നു. പോർച്ചുഗീസുകാർക്കെതിരെ പോരാടി രക്തസാക്ഷിയായ കുഞ്ഞാലിമരയ്ക്കാരെ എന്തുകൊണ്ട് മുഖ്യധാരാചരിത്രകാരന്മാർ തമസ്കരിച്ചു. അതിനാൽത്തന്നെ പാഠപുസ്തകങ്ങളിൽ കുഞ്ഞാലിമാരെ കാണാൻ പറ്റില്ല.

അവഗണിക്കപ്പെട്ടുപോയ സമരനായകരെ പരിചയപ്പെടാൻ ഉതകുന്ന പുസ്തകമാണ് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക്" എന്ന കൃതി. കുട്ടികൾക്കെന്നല്ല മുതിർന്നവർക്കും ആസ്വാദ്യകരമാകുന്ന രചനാശൈലി. കഠിന പദങ്ങളില്ല. സങ്കീർണവാചകങ്ങളില്ല. വിജ്ഞാനദായകമായ ഈ പുസ്തകം ആഹ്ലാദകരമായ വായനാനുഭവം നൽകുന്നു. ഡോ മൈക്കിൾ തരകൻ, ഡോ. കെ കെ കുസുമൻ, ഡോ. എൻ എ കരീം, ഡോ. കെ എൻ ഗണേശ് എന്നിവരടങ്ങിയ സമിതിയാണ് രചനയ്ക്ക് നേതൃത്വം നൽകിയത്. രചനാകർമം നിർവഹിച്ചത് ബാലസാഹിത്യരചനയിൽ നിഷ്ണാതനായ കെ തായാട്ട്.

പാഠപുസ്തകങ്ങളിലൂടെ മാത്രം സ്വാതന്ത്ര്യ സമരത്തെ പരിചയപ്പെട്ടവർക്ക് അജ്ഞാതമായ പല സംഭവങ്ങളെയും അവ നയിച്ച ധീരനായകരെയും നേരിട്ടറിയാൻ പുസ്തകം അവസരം നൽകുന്നു. സ്വാതന്ത്ര്യസമരമെന്നാൽ എന്തായിരുന്നു എന്ന് മനസ്സിലാക്കാനും വഴിയൊരുങ്ങുന്നു.

ആര്യന്മാർ മുതൽ മുഗളന്മാർവരെ നിരവധി വംശജരും രാജ്യക്കാരും കുടിയേറിയും ആക്രമിച്ചും ഇവിടെ പാർപ്പുറപ്പിച്ചിട്ടുണ്ട്. ക്രമേണ അവരൊക്കെ ഇന്ത്യാക്കാരായി. അവരുടെ സന്തതി പരമ്പരകൾ ഇവിടത്തെ സംസ്കാരമുൾക്കൊണ്ട് ജീവിച്ചു.

എന്നാൽ പോർച്ചുഗീസുകാർ മുതൽ ഇങ്ങോട്ടുള്ള ആധുനിക കാലത്തെ യൂറോപ്യൻ ആക്രമണകാരികൾ ഭാരതവത്കരിക്കപ്പെട്ടില്ലെന്നുമാത്രമല്ല സമ്പത്താകെ കൊള്ളയടിക്കുകയും ചെയ്തു. അത്തരം ക്രൂരതകൾക്കും കുടിലതകൾക്കുമെതിരെ പോരാടിയവരുടെ കഥാകഥനമാണ് ഈ ഗ്രന്ഥം.

കുഞ്ഞാലിമരയ്ക്കാരും പഴശ്ശിരാജയും വേലുത്തമ്പിയും പാലിയത്തച്ചനും കേരളീയരായതു

കൊണ്ട് ഇവിടത്തെ കുട്ടികൾക്ക് പരിചയമുണ്ടാകും. സുഭാഷ് ചന്ദ്രബോസിനൊപ്പം പൊരുതിയ മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിയെയും പരിചയമുണ്ടാകും. എന്നാൽ തിരുവനന്തപുരത്തുകാരനായ ചെമ്പകരാമൻപിള്ളയെ അധികം കേട്ടിട്ടുണ്ടാകില്ല. ശത്രുവിന്റെ ശത്രു മിത്രം എന്ന രാഷ്ട്രീയഗണിതപ്രകാരം ബ്രിട്ടന്റെ ശത്രുവായ ജർമനിയുടെ സഹായംതേടിയ ചെമ്പകരാമൻ പിള്ളയ്ക്കും ഈ പുസ്തകത്തിൽ ഇടമുണ്ട്.

പോർച്ചുഗീസുകാരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന മാദ്രേ എന്ന കടലോര ഗ്രാമം ബ്രിട്ടീഷുകാർ കൈയടക്കിയപ്പോഴുണ്ടായ പേരാണ് മദ്രാസ്. മദ്രാസിന് ചെന്നൈ എന്ന പേര് എങ്ങനെ കിട്ടി? ബ്രിട്ടൻ കൈവശപ്പെടുത്തിയ സുപ്രധാനങ്ങളായ മൂന്ന് തുറമുഖ പട്ടണങ്ങളിൽ ആദ്യത്തേതായിരുന്നു മദ്രാസ്. വിജയനഗര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ആ പ്രദേശം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി വിലയ്ക്കു വാങ്ങിക്കുകയായിരുന്നു.

ഇന്ത്യയിലെ പോർച്ചുഗീസ് കോളനിയായിരുന്നു ബോംബെ. പോർച്ചുഗീസ് രാജകുമാരിയെ ഇംഗ്ലീഷ്‌രാജാവ് വിവാഹം കഴിച്ചപ്പോൾ സ്ത്രീധനമായി കിട്ടിയ ആ തുറമുഖപട്ടണം ഈസ്റ്റിന്ത്യാകമ്പനി പാട്ടത്തിനെടുത്തു. കൽക്കത്തയും പിന്നീട് കൈവശപ്പെടുത്തി.

സ്വാതന്ത്ര്യസമരചരിത്രത്തിലെ ഒന്നാംഘട്ടം അവസാനിക്കുന്നത് 1857 ലെ കലാപത്തോടെ. അതിനുശേഷമുള്ള സമരകാലമാണ് ദേശീയപ്രസ്ഥാനകാലം. ഒന്നാംഘട്ടത്തിൽ സമരനായകർ പോരാടിയത് അതതുപ്രദേശങ്ങളിലെ രാജവാഴ്ചയെയും നാടുവാഴിത്തത്തെയും നിലനിർത്താനായിരുന്നു. എന്നാൽ രണ്ടാംഘട്ടത്തിനു നേതൃത്വം കൊടുത്തവർ ബ്രിട്ടീഷ്മാതൃകയിലുള്ള ജനാധിപത്യഭരണം സ്ഥാപിക്കാനാണ് ആഗ്രഹിച്ചത്. ബ്രിട്ടൻ നാടുവിടണമെന്ന് ആഗ്രഹിച്ചപ്പോഴും ഭരണവ്യവസ്ഥയും നിയമവ്യവസ്ഥയും അതേ മാതൃകയിൽ ഇന്ത്യാക്കാരിലേക്ക് പകർന്നുകിട്ടണമെന്ന് അവർ ആഗ്രഹിച്ചു. ഇക്കാലത്തു വളർന്നുവന്ന രാഷ്ട്രീയവികാരമായിരുന്നു ദേശീയത. വ്യത്യസ്ത ഭാഷകളും സംസ്കാരവും ഉണ്ടായിരുന്ന ഇന്ത്യാക്കാർ ഒറ്റക്കെട്ടായി അണിനിരന്നപ്പോൾ ഉണ്ടായ വികാരം.

കർഷകരും തൊഴിലാളികളും ആദിവാസികളും ഗോത്രവർഗക്കാരും വിദ്യാർഥികളും വനിതകളും ബുദ്ധിജീവികളും നാവികരും സൈനികരുമെല്ലാം ചേർന്നു നടത്തിയ ബഹുജനസമരമായിരുന്നു സ്വാതന്ത്ര്യസമരം. സായുധസമരങ്ങളിലൂടെ സ്വാതന്ത്ര്യം നേടിയ മറ്റു രാജ്യങ്ങളുടെ ചരിത്രത്തിൽനിന്ന് വ്യത്യസ്തമായി ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള സമരമായിരുന്നു ഗാന്ധിജി നയിച്ചത്. അതിനാൽ തന്നെ ബ്രിട്ടന്റെ സൈനികശക്തി ഗാന്ധിയൻ തന്ത്രത്തിനു മുന്നിൽ നിസ്സഹായമായിപ്പോയി. ആ ബഹുജന സമരത്തിൽ പങ്കാളികളായവരെപ്പറ്റിയുള്ള സചിത്ര വിവരണമാണ് ഈ ഗ്രന്ഥം.


*ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്*
*ചരിത്രം*
*കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*
*വില 650/-രൂപ*



## കേരളസാഹിത്യഅക്കാദമി
## തുഞ്ചൻ സ്മാരകപ്രബന്ധ മത്സരത്തിന് രചനകൾ ക്ഷണിച്ചു.

**കേരളസാഹിത്യഅക്കാദമി 2017ലെ തുഞ്ചൻസ്മാരകപ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു. 5,000/– രൂപയും (അയ്യായിരം രൂപ) സാക്ഷ്യപത്രവുമാണ് മികച്ച പ്രബന്ധത്തിനുള്ള പുരസ്കാരം. "എഴുത്തച്ഛന്റെ രസാവിഷ്കാരവൈഭവം" എന്നതാണ് ഈ വർഷത്തെ വിഷയം. രചനകളുടെ ദൈർഘ്യം പരമാവധി നാൽപ്പത് പേജാണ്. ഏതു പ്രായത്തിലുള്ളവർക്കും രചനകൾ അയയ്ക്കാം. ഒരുതവണ സമ്മാനം ലഭിച്ചവർ പിന്നീട് മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. രചയിതാക്കളുടെ പേരും പൂർണ മേൽവിലാസവും ഫോൺനമ്പർ അടക്കം പ്രത്യേകം മറ്റൊരു പേജിൽ എഴുതി പ്രബന്ധത്തോടൊപ്പം സമർപ്പിക്കണം. പ്രബന്ധങ്ങൾ 2018 ജൂലൈ 15–നകം സെക്രട്ടറി, കേരളസാഹിത്യഅക്കാദമി, പാലസ് റോഡ്, തൃശ്ശൂർ– 680020 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ ലഭിക്കണം. ഫോൺ – 0487– 2331069, 2333967,**

**ഇ–മെയിൽ**: keralasahityaakademi@gmail.com



# കാഴ്ചയുടെ നവ്യാനുഭവം തീർത്ത കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേള

ജി രാധാകൃഷ്ണൻ




ഒന്നാമത് കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേള ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

കുട്ടികളിൽ കാഴ്ചയുടെ നിത്യവിസ്മയം തീർത്തുകൊണ്ടാണ് ഒന്നാമത് കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേള സമാപിച്ചത്. വർഷാവർഷം നടന്നുവരുന്ന അന്താരാഷ്ട്ര ചലച്ചിത്രമേള 15 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് അപ്രാപ്യമായിരുന്നു എങ്കിൽ 2018 മേയ് 14 മുതൽ 20 വരെ നടന്ന കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേള (ICFFK) തങ്ങൾക്കു വേണ്ടിയും ഒരു അന്താരാഷ്ട്ര ചലച്ചിത്രമേള പിറന്നിരിക്കുന്നു എന്ന ആഹ്ലാദം കുട്ടികൾക്കു പകർന്നുനൽകി. കഴിഞ്ഞ 7 ദിവസങ്ങളിലായി അവർ കണ്ട വിവിധ ഭാഷകളിലുള്ള ചലച്ചിത്രങ്ങൾ ലോകത്ത് കുട്ടികൾക്കുവേണ്ടി ചലച്ചിത്രങ്ങൾ നിർമിക്കപ്പെടുന്നു എന്ന അറിവിലേക്കാണ് അവരെ നയിച്ചത്.

വിവിധ രാജ്യങ്ങളിലെ സംസ്കാരങ്ങൾ വേഷവിധാനങ്ങൾ, കുട്ടികളുടെ സ്വഭാവരീതികൾ, ജീവിതക്രമങ്ങൾ തുടങ്ങി രാജ്യാന്തര സിനിമകളുടെ സാങ്കേതിക മികവുകൾ, ആവിഷ്ക്കാര രീതികൾ എന്നിവയും കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അതോടൊപ്പം കുട്ടികൾ അനുഭവിക്കുന്ന കഷ്ടതകളും കഷ്ടപ്പാടുകളും പീഡനാനുഭവങ്ങളും അഭ്രപാളികളിലൂടെയാണെങ്കിലും അവർ അനുഭവിച്ചറിഞ്ഞു. ഇത് കുട്ടികളിൽ തീർത്ത മാനസിക പരിവർത്തനം അവരുടെ ഭാവിജീവിതം കരുപിടിപ്പിക്കുന്നതിന് സഹായകരമാകും.

'വേൾഡ് ഫിറ്റ് ഫോർ ചിൽഡ്രൻ' എന്ന ഐക്യരാഷ്ട്രസഭയുടെ സന്ദേശത്തിനനുസരിച്ച്



നല്ലതെല്ലാം കുട്ടികൾക്കായി കരുതി വയ്ക്കുക എന്നത് മുതിർന്നവരുടെ കടമയാണ്. ഇത് നടപ്പിലാകണമെങ്കിൽ എല്ലാ കാര്യങ്ങളിലും മുന്തിയ പരിഗണന കുട്ടികൾക്കാകണം. അങ്ങനെ വരുമ്പോൾ കുട്ടികൾക്കുവേണ്ടിയുള്ള നല്ല ചിത്രങ്ങൾ ധാരാളമായി നിർമിക്കണം. നിർമിച്ചാൽ മാത്രം പോരാ അവ കാണാനുള്ള അവസരവും അവർക്കുണ്ടാവണം. അതിന് ഇത്തരം ചലച്ചിത്രമേളകൾ വളരെ സഹായകരമാവും.

അടുത്തവർഷം കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേള നടക്കുമ്പോൾ കുട്ടികൾ നിർമിച്ച, കുട്ടികൾ കഥയെഴുതി സംഭാഷണമെഴുതി അഭിനയിച്ച, കുട്ടികൾ സംവിധാനം ചെയ്ത ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന പുതിയ പാഠ്യപദ്ധതിയിൽ സിനിമ കൂടി പാഠ്യവിഷയമാകണം. ഭാവിയിൽ കുട്ടികൾ തന്നെ കുട്ടികൾക്കുവേണ്ടിയുള്ള ചലച്ചിത്രങ്ങൾ പുറത്തിറക്കണം. ചലച്ചിത്ര നിർമാണത്തിന്റെ വിവിധ സാങ്കേതികവശങ്ങൾ കുട്ടികൾക്ക് പരിചിതമാക്കാൻ കഴിയുന്ന സംവിധാനവും ഉണ്ടാകണം. അതിന് ഇത്തരം അന്താരാഷ്ട്ര ചലച്ചിത്രമേളകൾ കുട്ടികൾക്ക് ഏറെ പ്രയോജനകരമാകും.

വരും വർഷങ്ങളിൽ വരാനിരിക്കുന്ന കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമാകാനും ധാരാളം ചലച്ചിത്രങ്ങൾ ആസ്വദിച്ച് പ്രയോജനപ്പെടുത്താനും കൂട്ടുകാർ ഒപ്പമുണ്ടാകുമല്ലോ.

*(ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗമാണ് ലേഖകൻ)*




ഫെസ്റ്റിവൽ ബുക്ക് പ്രകാശനം കെ റ്റി ഡി സി ചെയർമാൻ ശ്രീ എം വിജയകുമാർ, ഇടിഞ്ഞാർ ട്രൈബൽ സ്കൂളിലെ ജിഷ്ണുവിനു നൽകി നിർവഹിക്കുന്നു.




ഫെസ്റ്റിവൽ ഡെയ്‌ലി ബുള്ളറ്റിൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ശ്രീ ശ്രീ രവിശങ്കർ സ്കൂളിലെ ആരാധനയ്ക്കു നൽകി പ്രകാശനം ചെയ്യുന്നു.




സമാപനസമ്മേളനം ബഹു. സ്പീക്കർ ശ്രീ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# മഹാഭാരതം

സുഗതകുമാരി

ശ്രീഭഗവാൻ അരുളിച്ചെയ്തു. 'ഹേ പാർഥാ, ആർക്കും കാണാനാവാത്ത ദിവ്യ നിഗൂഢസ്വരൂപത്തെയാണ് നീ കണ്ടത്. അനന്യമായ ഭക്തിയാൽ മാത്രമേ എന്റെ ഈ ദർശനം സാധിതമാവുകയുള്ളൂ. അർജുന, എല്ലാ ജീവജാലങ്ങളോടും കരുണയുള്ളവനായും വിദ്വേഷമില്ലാത്തവനായും 'ഞാൻ' എന്ന ഭാവമില്ലാത്തവനായും സുഖവും ദു:ഖവും ഒരുപോലെ കാണുന്നവനായും മനസ്സും ബുദ്ധിയും എന്നിൽ അർപ്പിച്ചവനായുമുള്ള എന്റെ ഭക്തൻ എനിക്കു പ്രിയപ്പെട്ടവനാകുന്നു. ഒന്നിലും ആഗ്രഹമില്ലാത്തവനായും കിട്ടിയത് അൽപ്പമെങ്കിലും അതുകൊണ്ടു സന്തോഷിക്കുന്നവനായും ഭക്തനുമായ മനുഷ്യൻ എനിക്കു പ്രിയപ്പെട്ടവനാകുന്നു.

ധനഞ്ജയാ, ഈ ശരീരം ക്ഷേത്രം എന്നു പറയപ്പെടുന്നു. ക്ഷേത്രജ്ഞന്റെ അതായത് ഈശ്വരന്റെ ഇരിപ്പിടമാണ് ക്ഷേത്രം- ഒരിക്കലും സാക്ഷാൽക്കാരവും സിദ്ധിക്കും.

അർജുനാ, ആസുരിയായ സ്വഭാവത്തിന്റെ ലക്ഷണങ്ങൾ ഇവയാണ്- ദംഭം (ഞാൻ യോഗ്യനാണെന്ന നാട്യം), ദർപ്പം (അഹങ്കാരം), അഭിമാനം (തന്നെക്കുറിച്ചുള്ള അതിയായ മതിപ്പ്), കോപം, പരുക്കനായ പെരുമാറ്റം, അറിവില്ലായ്മ, ശുചിയില്ലായ്മ, അസത്യം, കാമം, ക്രൂരത- ഇവ നിമിത്തം മനുഷ്യർ കൂടുതൽ ബന്ധങ്ങളിൽ കുരുങ്ങി ദു:ഖവും ക്ലേശവും അനുഭവിച്ച് അധപ്പതിക്കുന്നു. അവർ വീണ്ടും വീണ്ടും നീചജന്മങ്ങളിൽ ജനിച്ച് കഷ്ടതയനുഭവിക്കുന്നു. കാമവും ക്രോധവും ലോഭവും നരകത്തിന്റെ വാതിലാണ്- ഇവയെ ത്യജിക്കുക.

സാത്വികജീവിതത്തിന് രുചികരവും സ്നിഗ്ധവും(മെഴുക്കുമയമുള്ളത്) പുഷ്ടിയുണ്ടാക്കുന്നതും മനസ്സിനിണങ്ങുന്നതുമായ

## വിശ്വരൂപദർശനം-2

നാശമില്ലാത്ത ആത്മാവ് ദേഹത്തിൽ സ്ഥിതി ചെയ്യുന്നു. ഈശ്വരനും ആത്മാവും ഒന്നത്രേ. ഒരൊറ്റ സൂര്യൻ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നതുപോലെ ഈ ക്ഷേത്രജ്ഞൻ എല്ലാ ശരീരങ്ങളെയും ചൈതന്യവത്താക്കിത്തീർക്കുന്നു.

പാർഥാ, ദൈവികമായ സ്വഭാവമെന്നാൽ എന്തെന്നു പറയാം- അറിവിലും അറിവുനേടാനുള്ള അഭ്യാസത്തിലും നിഷ്ഠ, ദാനശീലം, ആത്മനിയന്ത്രണം, ത്യാഗബുദ്ധി, വിദ്യ അഭ്യസിക്കൽ, മനസ്സ് ഈശ്വരനിൽ ഉറപ്പിക്കൽ, സത്യം, അഹിംസ, കോപിക്കാതിരിക്കൽ, മനസ്സമാധാനം, അന്യരുടെ ദോഷങ്ങൾ പറയാതിരിക്കൽ, ദയ, സുഖഭോഗങ്ങളിൽ കൊതിയില്ലായ്മ, മാർദവശീലം, ചെയ്യാൻ പാടില്ലാത്തവ ചെയ്യാനുള്ള ലജ്ജ, ചാപല്യമില്ലായ്മ, തേജസ്സ്, ക്ഷമ, ധൈര്യം, മനസ്സിന്റെയും ശരീരത്തിന്റെയും ശുചിത്വം, ആരെയും ദ്രോഹിക്കാതിരിക്കൽ, ഗർവില്ലായ്മ- ഈ ഗുണങ്ങളുള്ളവൻ ദൈവികമായ സമ്പത്തുകളെ പ്രാപിക്കും- അവൻ ജ്ഞാനവും ഈശ്വര ആഹാരമാണ് ഉത്തമം.

കടുത്ത എരിയും പുളിയും ഉപ്പും ചേർന്നതും അതിയായ ചൂടുള്ളതും സ്നിഗ്ധതയില്ലാത്തതും ദാഹമുണ്ടാക്കുന്നതുമായ ആഹാരം രാജസവിഭാഗത്തിൽപെട്ടതും രോഗങ്ങൾക്കും കഷ്ടതയ്ക്കും കാരണമായേക്കാവുന്നതുമാണ്.

പഴകിയതും രുചിമാറിയതും ദുർഗന്ധമുള്ളതും അന്യന്റെ ഉച്ഛിഷ്ടവും വൃത്തിഹീനവുമായ ആഹാരം താമസസ്വഭാവമുള്ളവർക്കു പ്രിയമാണ്. ഇത് അധമമാകുന്നു.

ഭാരതാ, കർമം മൂന്നു തരത്തിലുണ്ട്. തനിക്കു വിധിക്കപ്പെട്ട കർമം തന്റെ കർത്തവ്യമെന്ന നിലയിൽ ഫലത്തിൽ മോഹമില്ലാതെ, ഞാൻ ചെയ്യുന്നു എന്ന് അഹങ്കരിക്കാതെ, ധൈര്യത്തോടും ഉത്സാഹത്തോടും ഈശ്വരാർപ്പിതമെന്നവിധം ചെയ്യപ്പെട്ടാൽ അതു സാത്വികമാകുന്നു.

ഫലംകിട്ടണമെന്ന ഇച്ഛയോടെയും ഞാനാണു ചെയ്യുന്നതെന്ന അഹങ്കാരത്തോടെയും കർമം ചെയ്യുമ്പോൾ മറ്റൊരാൾക്ക്

അതുകൊണ്ട് ഉപദ്രവമുണ്ടോ എന്നു നോക്കാതെയും കൊതിയോടെയും ശുചിത്വംപാലിക്കാതെയും സന്തോഷവും സന്താപവും അനുഭവിച്ചും പ്രയാസപ്പെട്ടും ചെയ്യുന്ന കർമം രാജസമത്രെ.

മടിയനും ദുഃഖിതനും സ്ഥിരതയില്ലാത്തവനും സംസ്കാരമില്ലാത്തവനും വിനയമില്ലാത്തവനും അസത്യം പറയുന്നവനും കാര്യങ്ങൾ സമയത്തു ചെയ്യാതെ നീട്ടിവെക്കുന്നവനും അന്യരെ ദ്രോഹിക്കുന്നവനുമായ ഒരുവന്റെ കർമം താമസമെന്നു പറയപ്പെടുന്നു.

പാർഥാ, സാത്വികഭാവത്തോടെ സ്വന്തമായ കർമം ചെയ്യുക. വിദ്യ അഭ്യസിക്കുന്നതിലൂടെ ജ്ഞാനം നേടുക, ജ്ഞാനമെന്നാൽ എല്ലാം ഒന്നാണെന്നും എല്ലാം ഈശ്വരമയമാണെന്നും ഞാനും ഈശ്വരനും ഒന്നുതന്നെയാണെന്നുമുള്ള ആനന്ദഭരിതമായ അറിവാണ്. ആ ജ്ഞാനം ഈശ്വരസാക്ഷാൽക്കാരത്തിലേക്ക്, മോക്ഷത്തിലേക്ക് നയിക്കും- അടങ്ങാത്ത സുഖമോഹങ്ങൾക്കും അഹങ്കാരത്തിനും ക്രോധത്തിനും വിദ്വേഷത്തിനും മത്സരത്തിനും ധനാശയ്ക്കും സ്വാർഥതയ്ക്കും അടിമയായി, ഉള്ളിൽ ഈശ്വരനു സ്ഥാനംനൽകാതെ മദത്തോടെ

'പാർഥാ, സാത്വികഭാവത്തോടെ സ്വന്തമായ കർമം ചെയ്യുക. വിദ്യ അഭ്യസിക്കുന്നതിലൂടെ ജ്ഞാനം നേടുക, ജ്ഞാനമെന്നാൽ എല്ലാം ഒന്നാണെന്നും എല്ലാം ഈശ്വരമയമാണെന്നും ഞാനും ഈശ്വരനും ഒന്നുതന്നെയാണെന്നുമുള്ള ആനന്ദഭരിതമായ അറിവാണ്. ആ ജ്ഞാനം ഈശ്വരസാക്ഷാൽക്കാരത്തിലേക്ക്, മോക്ഷത്തിലേക്ക് നയിക്കും- അടങ്ങാത്ത സുഖമോഹങ്ങൾക്കും അഹങ്കാരത്തിനും ക്രോധത്തിനും വിദ്വേഷത്തിനും മത്സരത്തിനും ധനാശയ്ക്കും സ്വാർഥതയ്ക്കും അടിമയായി, ഉള്ളിൽ ഈശ്വരനു സ്ഥാനംനൽകാതെ മദത്തോടെ കഴിയുന്നവൻ വീണ്ടും വീണ്ടും ജനിക്കുന്നു.'

കഴിയുന്നവൻ വീണ്ടും വീണ്ടും ജനിക്കുന്നു, നീചജന്മങ്ങളിൽ ആയിരമായിരംതവണ വീണു കറങ്ങുന്നു.

ശുദ്ധമായ മനസ്സോടെ, കാമക്രോധമോഹങ്ങളെ അടക്കി, സകലകർമങ്ങളും എന്നിൽ സമർപ്പിച്ച് എന്നെത്തന്നെ ആശ്രയിച്ച് ജീവിക്കുന്നവൻ ശാശ്വതമായ ഈശ്വരപദത്തെ പ്രാപിക്കും.


ഹേ അർജുനാ, ഓരോ ജീവിയും തന്റെ സ്വഭാവമനുസരിച്ചുള്ള കർമത്താൽ കെട്ടപ്പെട്ടിരിക്കുന്നു. എല്ലാ ജീവജാലങ്ങളെയും യന്ത്രചക്രത്തിൽ കയറ്റിയതുപോലെ ഈശ്വരൻ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഹൃദയത്തിലും ഞാൻ സ്ഥിതിചെയ്യുന്നു. ഹേ ഭാരതാ, മനസ്സുകൊണ്ടും ശരീരംകൊണ്ടും വാക്കുകൊണ്ടും കർമംകൊണ്ടും ഈശ്വരനെ ശരണം പ്രാപിക്കുക. എന്റെ പ്രസാദത്താൽ നിനക്ക് പരമമായ ശാന്തിയും പരമപദവും ലഭിക്കുന്നതാണ്.

അർജുനാ, എന്നിൽ മനസ്സുറപ്പിക്കുക, എന്നിൽ ഭക്തിയുള്ളവനായിരിക്കുക, എനിക്കുവേണ്ടി കർമങ്ങൾ ചെയ്യുക, എന്നെ നമസ്കരിക്കുക, നീ എന്നെത്തന്നെ പ്രാപിക്കുമെന്നുള്ളതാണ് സത്യം. എന്തെന്നാൽ പാർഥാ, നീയെനിക്കു പ്രിയപ്പെട്ടവനാകുന്നു.

നീ എന്നെമാത്രം ശരണം പ്രാപിക്കുക. നിന്റെ സർവപാപങ്ങളും മാഞ്ഞുപോകും- ഭഗവൽ പ്രസാദത്താൽ നീ ശാന്തിയെ പ്രാപിക്കും, അമൃതമായ പരമപദത്തെ പ്രാപിക്കും,

ഭാരതാ, അതീവരഹസ്യമായ ഈ തത്വങ്ങൾ ഞാൻ നിനക്കു പറഞ്ഞുതന്നു. അവയെപ്പറ്റി നല്ലവണ്ണം ആലോചിച്ചിട്ട് നീ എന്ത് ഇച്ഛിക്കുന്നുവോ അതനുസരിച്ചു പ്രവർത്തിക്കുക.

ഹേ ഭാരതാ, വ്യസനിക്കാതിരിക്കുക, നീ എനിക്കു പ്രിയപ്പെട്ടവനാകുന്നു. *(തുടരും)*



വര: ജയേന്ദ്രൻ

# ഇളംതളിർ

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## പരീക്ഷ

**വർഷ വിജയൻ, 9 സി, കെ കെ വി എം എച്ച് എസ് എസ്, പൊത്തപ്പള്ളി. കുമാരപുരം പി ഒ, ഹരിപ്പാട്, ആലപ്പുഴ 690536**

ഇന്നാണ് ഉണ്ണിയുടെ പരീക്ഷ തുടങ്ങുന്ന ദിവസം രാവിലെ തന്നെ അമ്പലത്തിലേക്ക് നടന്നു. പഠിച്ചതെല്ലാം ഓർമയിൽ നിൽക്കണമെന്നും അറിയാവുന്ന ചോദ്യങ്ങൾ മാത്രം വരണമെന്നും ദൈവത്തോടു കേണപേക്ഷിച്ചു. ''ഇന്ന് പരീക്ഷ ഉണ്ടല്ലേ?''



തന്റെ കഠിനപ്രാർഥനയെ മുറിച്ചുകൊണ്ട് തിരുമേനിയുടെ ചോദ്യം പറന്നെത്തി.

''ഉണ്ട്.'' അവൻ തലയാട്ടി. പൂജിച്ച പേനയും പ്രസാദവും വാങ്ങി വീട്ടിലേക്കു നടന്നു. പോകും വഴി തന്റെ മനസ്സ് മുഴുവൻ ഇന്നത്തെ പരീക്ഷയെക്കുറിച്ചുള്ള ചിന്തയായിരുന്നു. ഒന്നും പഠിച്ചിട്ടില്ല. ചുമ്മാ പുസ്തകത്താളുകൾ മറിച്ച് നോക്കുകയേ താൻ ചെയ്തിട്ടുള്ളൂ. തന്റെ കഴിഞ്ഞ പത്തുവർഷ വിദ്യാലയജീവിതം അവൻ പിറകിൽ നിന്ന് ചിന്തിച്ചു. എത്ര പെട്ടെന്നാണ് സമയം കടന്നു പോകുന്നത്. താനിപ്പോൾ പത്തിലാണ്. താൻ എഴുതാൻ പോകുന്നത് പത്തിലെ അവസാന പരീക്ഷയാണ്. ഈ പരീക്ഷ കഴിയുന്നതോടുകൂടി തന്റെ പത്തുവർഷമായുള്ള സുഹൃത്തുക്കളെ പിരിയേണ്ടിവരും. താൻ ഇപ്പോൾ പഠിക്കുന്നതിലും അധികം പഠിക്കേണ്ടിവരും. എല്ലാം ഓർത്തപ്പോൾ അവനിൽ ഭീതി തിരതല്ലി. വീട്ടിൽ എത്തിയത് അവൻ പോലുമറിഞ്ഞില്ല. അവൻ അത്രമേൽ ചിന്തകളിൽ മുഴുകിയിരുന്നു.

''ദൈവത്തോട് നന്നായി പ്രാർഥിച്ചോ?''

ഊണുമേശയിൽ പ്രാതൽ കഴിക്കാനായി വന്നിരുന്ന ഉണ്ണിയോട് അമ്മ ചോദിച്ചു. ''ഉം...'' അവൻ ഒന്ന് നീട്ടിമൂളി. അച്ഛന്റെയും അമ്മയുടെയും



വര: ഗോപു പട്ടിത്തറ

# വര



**വിശാൽ ബി എസ്, ക്ലാസ് 9, എസ് എൻ വി യു പി എസ്, പുളിമാത്ത് 695612**



അനുഗ്രഹം വാങ്ങിയശേഷം അവൻ തന്റെ അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും കുഴിമാടത്തിനരികിലെത്തി. അവരെക്കുറിച്ചോർത്തപ്പോൾ അവന്റെ കണ്ണ് നിറഞ്ഞു. തനിക്ക് നഷ്ടപ്പെടാവുന്നതിൽവച്ച് ഏറ്റവും വലിയ സ്വത്തുക്കൾ. അവൻ ഏകാഗ്രമായി നിന്ന് കുറച്ചുനേരം പ്രാർഥിച്ചശേഷം സൈക്കിളുമെടുത്ത് സ്കൂൾ ലക്ഷ്യമാക്കി ചവിട്ടി.

പോകുംവഴി തന്റെ സുഹൃത്തുക്കളിൽ ഒരാളായ അച്ചുവിനെ അവൻ കണ്ടു. ''നീ പഠിച്ചോ?'' അച്ചു തിരക്കി. ''കുറച്ചൊക്കെ.'' ഉണ്ണി ഒരു വിഷമഭാവത്തിൽ പറഞ്ഞു. ''10 എ+ വാങ്ങിയാൽ എനിക്ക് കംപ്യൂട്ടർ വാങ്ങിത്തരാമെന്ന് അച്ഛനും അമ്മയും പറഞ്ഞിട്ടുണ്ട്. ഞാൻ നന്നായി പഠിച്ചു. കാരണം എനിക്ക് കംപ്യൂട്ടർ വേണം.'' ഉണ്ണിയുടെ ചോദ്യത്തിന് കാത്തുനിൽക്കാതെ അവൻ പറഞ്ഞു.

അപ്പോൾ അച്ഛനും അമ്മയും തനിക്കു നൽകിയ വലിയ വാഗ്ദാനങ്ങളെപ്പറ്റി ഉണ്ണി ചിന്തിച്ചു. സ്കൂളിൽ എത്തി സൈക്കിൾ വച്ച് പരീക്ഷ ഹാൾ ലക്ഷ്യമാക്കി അവർ നടന്നു. ഹാളിൽ കയറി തങ്ങളുടെ ഇരിപ്പിടങ്ങളിൽ അവർ ഇരുന്നു. അച്ചു തന്റെ തൊട്ട് മുമ്പിലായാണ് ഇരിക്കുന്നത്. ചോദ്യപേപ്പർ കൈയിൽ കിട്ടിയപ്പോൾ ശരീരം വിറയ്ക്കുന്നതായി അവനു തോന്നി. ദൈവത്തോട് നന്നായി പ്രാർഥിച്ചു. ചോദ്യം മുഴുവൻ വായിച്ചുനോക്കി. തനിക്ക് അറിയാവുന്ന ചോദ്യങ്ങൾ മൂന്നോ നാലോ എണ്ണം മാത്രം. അവൻ അതിന്റെ ഉത്തരങ്ങൾ പേപ്പറിൽ എഴുതിയശേഷം അടുത്ത് ഇരുന്ന അച്ചുവിനെ നോക്കി. അവൻ റോക്കറ്റ് വിടുന്ന സ്പീഡിൽ എഴുതുന്നു. ഉണ്ണിക്ക് വിഷമമായി. പഠിക്കേണ്ട സമയത്ത് പഠിച്ചാൽ മതിയായിരുന്നു. അടുത്ത പരീക്ഷകളെല്ലാം ഞാൻ നന്നായി പഠിച്ചെഴുതും. അവൻ മനസ്സിൽ ഉറപ്പിച്ചു. എന്നിട്ട് അച്ചുവിനെ തന്നെ നോക്കിക്കൊണ്ടിരുന്നു.

# സർഗ്ഗവസന്തം കഥാക്യാമ്പ്



സർഗ്ഗവസന്തം കഥാക്യാമ്പിന്റെ ഉദ്ഘാടനം മലയാളത്തിന്റെ പ്രിയ കഥാകാരൻ ടി പദ്മനാഭൻ നിർവഹിക്കുന്നു.



ഏകാധിപതികൾ എല്ലാകാലത്തും എഴുത്തുകാർക്കെതിരെ തിരിഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ഇന്നത്തെ കാലാവസ്ഥ ഏകാധിപതികൾക്ക് അനുകൂലമല്ല. എന്നാൽ പതുക്കെ മെരുക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. മേയ് 9,10,11 തീയതികളിലായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ ശിക്ഷക് സദനിൽ വച്ച് നടത്തിയ സർഗ്ഗവസന്തം കഥാക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് മലയാളത്തിന്റെ പ്രിയ കഥാകാരൻ ടി പദ്മനാഭൻ പറഞ്ഞു. ഞാൻ പല അർഥത്തിലും ഭാഗ്യവാനാണ്. നല്ല അധ്യാപകരും മികച്ച വായനയുമുള്ള കുടുംബാന്തരീക്ഷവും ഒട്ടേറെ വായനശാലകളുള്ള പള്ളിക്കുന്ന് ഗ്രാമവുമെല്ലാം ഒരുപാട് പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കി. നന്നായി വായിക്കണം, വായനയിലൂടെ മനസ്സ് വലുതാക്കാനും വിചാരമണ്ഡലം വികസിപ്പിക്കാനും സാധിക്കുമെന്നും അദ്ദേഹം കുട്ടികളോടു പറഞ്ഞു. മൂന്ന് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ ടി പദ്മനാഭനുമായി സംവാദം നടത്താനുള്ള അവസരവും കുട്ടികൾക്കു ലഭിച്ചു. നാരായണൻ കാവുമ്പായി, പായിപ്ര രാധാകൃഷ്ണൻ, ടി പി വേണുഗോപാൽ, കെ പി സുധീര, വി എച്ച് നിഷാദ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ക്യാമ്പംഗങ്ങൾ കേരള ഫോക്‌ലോർ അക്കാദമി, സയൻസ്പാർക്ക്, കണ്ണൂർ കോട്ട, പയ്യാമ്പലം ബീച്ച് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ക്യാമ്പിലെ മികച്ച രചനകളിൽ നിന്ന് തിരഞ്ഞെടുത്ത മൂന്നു കൃതികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകി.ക്യാമ്പിൽ കുട്ടികൾക്ക് ചായയ്ക്കുപകരം തേൻവെള്ളവും സ്നാക്സിന് പകരം ചക്കച്ചുളയും പഴുത്തമാങ്ങയും കൊടുത്തത് വേറിട്ട അനുഭവമായി. കൂടാതെ ക്യാമ്പംഗങ്ങൾക്ക് സമാപനദിവസം ക്യാമ്പിന്റെ ഓർമയ്ക്കായി മാവിൻതൈയും പ്ലാവിൻതൈയും വിതരണം ചെയ്തു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ക്യാമ്പ് ഡയറക്ടർ പയ്യന്നൂർ കുഞ്ഞിരാമൻ ആമുഖപ്രഭാഷണം നടത്തി. നാരായണൻ കാവുമ്പായി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ്, ലൈബ്രറി കൗൺസിൽ സെക്രട്ടറി

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children’s Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph’s Press, Thiruvananthapuram.

# സർഗ്ഗവസന്തം മാധ്യമപഠന ക്യാമ്പ്



സർഗ്ഗവസന്തം മാധ്യമക്യാമ്പിന്റെ ഉദ്ഘാടനം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ നിർവഹിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനതലത്തിൽ കുട്ടികൾക്കായി സംഘടിപ്പിച്ച സർഗ്ഗവസന്തം 2018 മാധ്യമപഠനക്യാമ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. മാരാമൺ മാർത്തോമ്മാ റിട്രീറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ഡോ. അമൃത അധ്യക്ഷയായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് മുൻഡയറക്ടറും മാധ്യമപ്രവർത്തകനുമായ ഡോ. പോൾ മണലിൽ മുഖ്യപ്രഭാഷണം നടത്തി. ഭരണസമിതി അംഗങ്ങളായ രാജേഷ് എസ് വള്ളിക്കോട്, ക്യാമ്പ് ഡയറക്ടർ ശ്രീജിത്ത് പെരുന്തച്ചൻ, എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു.

സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട നാൽപ്പതു കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. പത്രനിർമ്മാണം, വാർത്താചിത്രനിർമ്മാണം, റേഡിയോ പ്രൊഡക്ഷൻ, മൊബൈൽ ജേർണലിസം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം കുട്ടികൾക്കു നൽകി. മാധ്യമപ്രവർത്തകരായ ജോർജ്ജ് പുളിക്കൻ, വരുൺ രമേശ്, തേജസ് തോമസ്, ശ്രീകുമാർ മുഖത്തല തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. പത്രപ്രവർത്തകനായ ശ്രീജിത്ത് പെരുന്തച്ചനായിരുന്നു ക്യാമ്പ് ഡയറക്ടർ. നൂറ്റൊന്നാം ജന്മദിനം ആഘോഷിച്ച മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്തയ്ക്ക് കുട്ടികൾ പിറന്നാളാശംസകൾ അർപ്പിച്ചു.

# സർഗ്ഗവസന്തം പരിസ്ഥിതി പഠനക്യാമ്പ്



സർഗ്ഗവസന്തം പരിസ്ഥിതി പഠനക്യാമ്പിന്റെ ഉദ്ഘാടനം വനഗവേഷണകേന്ദ്രം ഡയറക്ടർ ഡോ എസ് പ്രദീപ്കുമാർ നിർവഹിക്കുന്നു.

കേരള വനഗവേഷണ കേന്ദ്രത്തിന്റെയും വനം വന്യജീവി വകുപ്പിന്റെയും സഹകരണത്തോടെ പീച്ചി വനഗവേഷണ കേന്ദ്രത്തിലാണ് സർഗ്ഗവസന്തം 2018 പരിസ്ഥിതി ക്യാമ്പ് സംഘടിപ്പിച്ചത്. മേയ് 3 ന് രാവിലെ 10 ന് വനഗവേഷണകേന്ദ്രം ഡയറക്ടർ ഡോ എസ് പ്രദീപ്കുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പഠനക്യാമ്പിലൂടെ കുട്ടികൾ തനതായ ഒരു പാരിസ്ഥിതിക ജീവിതം സ്വായത്തമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. പീച്ചി വൈൽഡ് ലൈഫ് വാർഡൻ സണ്ണി, കെ എഫ് ആർ ഐലെ ശാസ്ത്രജ്ഞൻ ഡോ. എ വി രഘു എന്നിവർ ആശംസകളർപ്പിച്ചു.

സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 34 കുട്ടികളാണ് ത്രിദിന ക്യാമ്പിൽ പങ്കെടുത്തത്. വനഗവേഷണകേന്ദ്രം മുൻ ഡയറക്ടർ ഡോ പി എസ് ഈസ, ഡോ ടി വി സജീവ്, ഡോ. ഡി ഗിരിജ, ഡോ. എ വി രഘു, രാജ്കുമാർ കെ പി, സന്ദീപ്ദാസ്, അബ്ദുൾ ബഷീർ സി എ എന്നിവർ വിവിധ സെഷനുകൾക്കു നേതൃത്വം നൽകി.

---

പി കെ ബൈജു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി അധ്യക്ഷൻ കെ വി ജയപാലൻ, ജില്ലാ പഞ്ചായത്തംഗം അജിത് മാട്ടൂൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം എം കെ മനോഹരൻ സ്വാഗതവും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു നന്ദിയും പറഞ്ഞു. കേരള ഫോക്‌ലോർ അക്കാദമി ചെയർമാൻ കീച്ചേരി രാഘവൻ ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ക്യാമ്പംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2018-20

RNI No. 20076/70 June 2018
Regd KL/TV (N)/399/2018-2020 Published on 29-05-2018 Vol:24, Issue:06, ₹20

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




## തളിര്

**കുട്ടികളുടെ മാസിക**
**വില 20രൂപ**

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.